# കർത്തൃമേശയും വലിയ വാഗ്ദത്തങ്ങളും

സന്തോഷ് ഡേവിഡ് & ഷേർളി സന്തോഷ്

**Kingdom & Glory Ministries**
**Ernakulam**

© 2014 Kingdom & Glory Ministries

All rights reserved. No part of this work may be reproduced or transmitted in any form or by any means - graphic, electronic, or mechanical, including photocopying, recording, or information storage and retrieval systems - without written permission from the publisher

# KARTHRUMESHA

(Malayalam)

**By**

**Santhosh David & Sherly Santhosh**

First Edition September 2014

Copies 3000

Published by

**Kingdom & Glory Ministries,**

Kalladakkavu, Eroor West P.O.,

Tripunithura, Pin - 682 306

Ernakulam

e-mail : kingdomandgloryministries@gmail.com

e-mail : davidindia204@gmail.com

website:www.kingdomandglory.org

Phone: +919446535300

Price: ₹ **140/-**

Printed in India

at

Sharon Printers, Laloor, Thrissur. Ph : 0487-2384489

# ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1 | **വേദപുസ്തകത്തിലെ സമ്പൂർണ്ണ സന്ദേശം** | 07 |
| | ➢ ദൈവീക മർമ്മം | 08 |
| | ➢ മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവീക ഉദ്ദേശ്യം | 09 |
| | ➢ മനുഷ്യനെ സൃഷ്ടിച്ചതിന്റെ കാരണം | 09 |
| | ➢ ദൈവീക പദ്ധതിയിൽ നിന്നുമുള്ള മനുഷ്യന്റെ വീഴ്ച | 09 |
| | ➢ മനുഷ്യന്റെ അടിസ്ഥാനപ്രശ്നം | 09 |
| | ➢ സൃഷ്ടിയുടെ ഉദ്ദേശ്യവും വലിയ വാഗ്ദത്തങ്ങളും | 10 |
| | ➢ വിളിയും തെരഞ്ഞെടുപ്പും | 10 |
| 2 | **രക്ഷയുടെ പാക്കേജ്** | 12 |
| 3 | **കർത്തൃമേശ – 4 സവിശേഷ വേദഭാഗങ്ങളിൽ** | 21 |
| | ➢ യേശുവിന്റെ ശരീരം | 22 |
| | ➢ യേശു സകല മാനവജാതിയുടെയും പകരക്കാരൻ | 22 |
| | ➢ ദൈവം നമുക്കു പകരമായി യേശുവിന്റെ ശരീരത്തിൽ ചെയ്തത് | 23 |
| | ➢ യേശുവിന്റെ രക്തം | 25 |
| 4 | **എബ്രായ ലേഖനത്തിൽ നിന്നും യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പഠനം** | 28 |
| 5 | **യേശുവിന്റെ ശരീരരക്തവും രക്ഷിക്കപ്പെട്ട ശേഷമുള്ള പാപങ്ങളും** | 31 |
| | ➢ കൃപ പ്രാപിക്കുക | 32 |
| | ➢ കരുണ പ്രാപിക്കുക | 33 |
| | ➢ കൃപാസനം | 33 |
| | ➢ മൂന്ന് ശ്രേഷ്ഠമേറിയ മാർഗ്ഗങ്ങൾ | 34 |
| 6 | **ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല** | 41 |
| | ➢ കൊരിന്ത്യസഭയിൽ കർത്തൃമേശയിൽ ഉണ്ടായ അയോഗ്യമായ രീതി | 41 |
| | ➢ ഭിന്നത മാരകമായ ഒരു ആത്മീയ പാപം | 42 |
| | ➢ അയോഗ്യമായ രീതി | 46 |
| | ➢ തന്നെത്താൻ ശോധന ചെയ്യുക | 48 |
| | ➢ ശരീരത്തെ വിവേചിക്കുക | 49 |

➢ പലരായ നാം ഒരു ശരീരമാകുന്നു 50
➢ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു 52
➢ ബലഹീനത 52
➢ ബലഹീനത താൽക്കാലികം 53
➢ ബലഹീനത ഒരു ബാലശിക്ഷ 53
➢ രോഗം ഒരു ബാലശിക്ഷ 53
➢ മരണം ഒരു ബാലശിക്ഷ 54
➢ മരണത്തിനുള്ള പാപം 54
➢ പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം 55
➢ ദൈവത്തിന്റെ ന്യായാസനം 59
➢ നാം നമ്മെ തന്നെ വിധിക്കുക 60

**7 ഞാൻ കർത്താവിൽ നിന്ന് പ്രാപിക്കുകയും...... 62**

➢ യേശുവിനെ ഓർക്കുക 62
➢ ഉടമ്പടികളും അടയാളങ്ങളും 63
➢ അബ്രഹാമുമായുള്ള ഉടമ്പടി 64
➢ അബ്രഹാമ്യ ഉടമ്പടിയും പരിച്ഛേദന അടയാളവും 65
➢ യാഗവും ഉടമ്പടിയും 66
➢ യേശുവിന്റെ മരണത്തിന്റെ രണ്ട് മർമ്മങ്ങൾ 66
➢ മനഃപൂർവ്വ പാപം- ഒരു അനുബന്ധം 68
➢ പുതിയ ഉടമ്പടി വാഗ്ദത്തങ്ങൾ നമ്മുടെ അവകാശം 70
➢ കർത്താവിന്റെ മേശ പുതിയ ഉടമ്പടിയുടെ സ്മാരകം 71
➢ മരണത്തെ പ്രസ്താവിക്കുക 73
➢ പുതിയ ഉടമ്പടി വിൽപത്രം 75

**8 കർത്തൃമേശയും തെറ്റായ വ്യാഖ്യാനങ്ങളും 78**

➢ യോഹന്നാൻ ആറാം അദ്ധ്യായം 78
➢ ജലസ്നാനവും കർത്തൃമേശയും 81
➢ സ്നാനപ്പെടാത്തവർക്ക് കർത്തൃമേശയോ ? 82
➢ കർത്തൃമേശ രോഗസൗഖ്യത്തിനോ? 83
➢ കർത്തൃമേശയും വിശുദ്ധചുംബനവും 83
➢ കർത്തൃമേശയും പാദം കഴുകലും 84
➢ കർത്തൃമേശയും പുളിപ്പില്ലാത്ത അപ്പവും 85
➢ കർത്തൃമേശ ഭക്ഷിക്കേണ്ടത് രാത്രിയിലോ? 85
➢ കർത്തൃമേശ കൂടി വരുമ്പോഴെല്ലാമോ? 85
➢ അപ്പം നുറുക്കലോ ആരാധനയോ? 86
➢ തിരുബലിയും കർമ്മികരും 86

# മുഖവുര

**യേ**ശുകർത്താവിന്റെ ഓർമ്മക്കായും അവന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും മർമ്മങ്ങളെ ധ്യാനിക്കുവാനും കർത്താവിന്റെ മരണത്തെ പ്രസ്താവിച്ച് പുതിയ ഉടമ്പടിയിലെ വാഗ്ദത്തങ്ങളായ ദൈവതേജസ്സിന്റെയും ദൈവരാജ്യത്തിന്റെതുമായ പ്രത്യാശയിലും ആദിമസഭ അപ്പം നുറുക്കൽ ശുശ്രൂഷ നടത്തി വന്നിരുന്നു. പള്ളികളോ കർമ്മികരോ ആചാരാനുഷ്ഠാനങ്ങളോ ഒന്നും തന്നെയില്ലാതെ തങ്ങളുടെ ഭവനങ്ങളിൽ ഒരുമിച്ചുകൂടി വളരെ ലളിതമായ രീതിയിൽ മൂന്നാം നൂറ്റാണ്ടുവരെ അവർ കർത്തൃമേശ നടത്തിപ്പോന്നു.

A D 312-ൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി ക്രിസ്തു മാർഗ്ഗത്തെ പ്രഖ്യാപിക്കുകയും ചെയ്തു. ചക്രവർത്തി ക്രിസ്ത്യാനി ആയതോടെ വിവിധ ആചാരാനുഷ്ഠാനങ്ങൾ ഉള്ള വലിയ ഒരു കൂട്ടം ജനം വീണ്ടുംജനന അനുഭവം ഇല്ലാതെ സഭയിലേക്ക് പ്രവേശിച്ചു. ക്രമേണ ക്രിസ്തുമാർഗ്ഗം ഒരു മതമായി തീർന്നു. വിശ്വാസമാർഗ്ഗത്തിനു പകരം പ്രവർത്തി മാർഗ്ഗം രക്ഷക്കായി ആരംഭിച്ചു. ഭവനങ്ങൾക്ക് പകരം മറ്റ് ജാതീയ വിശ്വാസങ്ങളിലുള്ളതു പോലെ വലിയ കെട്ടിടങ്ങൾ സഭ കൂടുവാനായി നിർമ്മിക്കപ്പെട്ടു. ക്രമേണ ഈ കെട്ടിടങ്ങൾക്ക് സഭ (പള്ളികൾ) എന്ന് പേര് വന്നു. വീണ്ടും ജനിച്ചവരാണ് സഭ എന്നുള്ള വെളിപ്പാട് നഷ്ടപ്പെട്ടു.

ഭവനസഭാ കൂടിവരവുകളിൽ നടന്നിരുന്ന ലളിതമായ അപ്പം നുറുക്കൽ പള്ളി കെട്ടിടങ്ങളിലേക്ക് മാറ്റപ്പെട്ടു. അതിനായി കർമ്മികർ ഉണ്ടാവുകയും തിരുബലി, വിശുദ്ധ കുർബാന തുടങ്ങിയ പേരുകളിൽ വിശുദ്ധ കർമ്മങ്ങളായി ഇവ അറിയപ്പെടുകയും ചെയ്തു. അപ്പവും പാനപാത്രവും (വീഞ്ഞും) വിഗ്രഹങ്ങളെ പോലെ പൂജ്യവസ്തുക്കളായി തീർന്നു. അത് ഇന്നുവരെയും തുടർന്നു വരുന്നു.

സഭാചരിത്രത്തിൽ നവീകരണം ഉണ്ടായ ഓരോ കാലഘട്ടത്തിലും കർത്തൃമേശയുടെ ഉപദേശത്തിൽ അനേകമായ വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ഓരോ നവീകരണക്കാരും അവരുടെ ഉപദേശങ്ങൾ പ്രചരിപ്പിക്കുകയും അതനുസരിച്ച് കർത്തൃമേശ ഇന്നുവരെ അനുഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

സമീപ കാലത്ത് മലയാളക്കരയിൽ സോഷ്യൽ മീഡിയയിലൂടെ ഉണ്ടായ കർത്തൃമേശയെക്കുറിച്ചുള്ള വിവാദങ്ങൾ വേദനയോടുകൂടെയാണ് വീക്ഷിച്ചത്. അപ്പം നുറുക്കലിന്റെ ആത്മീയ അർത്ഥങ്ങൾ വ്യക്തമാക്കുന്നതിന് പകരം ബാലിശവും ശിശുസഹജവുമായ വാദപ്രതിവാദങ്ങളാണ് ലൗകീകമായ ഉല്ലാസത്തിനായുള്ള മാധ്യമങ്ങളിലൂടെ ദൈവമക്കൾ എന്ന് പറയുന്നവർ നടത്തിയത്. സുവിശേഷ സന്ദേശങ്ങൾ ഇത്തരം മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് ഉചിതമാണെങ്കിലും ദൈവസഭയുടെ കൂടി വരവുകളിൽ മാത്രം ചർച്ച ചെയ്യപ്പെടേണ്ട കാര്യങ്ങൾ സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കുന്നത് ക്രിസ്തുവിനെയും അവന്റെ സഭയെയും അപമാനിക്കുന്നതിനു തുല്യവും തികച്ചും അപലപനീയവുമാണ്.

ദൈവവചന പ്രകാശനമില്ലാത്തതും, ബുദ്ധിപരവും പരിപക്വത വന്നിട്ടില്ലാത്തതുമായ അറിവുകളുമാണ് ഇത്തരം തർക്കങ്ങൾക്കുള്ള അടിസ്ഥാന കാരണം. മനുഷ്യൻ പൂർണ്ണൻ അല്ലാത്തതിനാൽ കുറവ് തീർന്ന ഒരു ഉപദേശം സ്ഥാപിക്കുവാൻ ആർക്കും കഴിയുന്നതല്ല. ക്രിസ്തുവിന്റെ പൂർണ്ണതയിലേക്ക് വളരുന്നവർ ജ്ഞാനത്തിന്റേതും ആത്മീയാഭിവൃദ്ധിക്ക് ഉതകാത്തതുമായ പഠിപ്പിക്കലുകളിൽ നിന്ന് സ്വയം മാറി നിൽക്കുന്നു. ഒരുവൻ ക്രിസ്തുവിന്റെ പൂർണ്ണതയിലേക്ക് വളരുന്നതിനനുസരിച്ച് സൗമ്യതയും സഹിഷ്ണുതയും വർദ്ധിക്കുകയും അവന്റെ പഠിപ്പിക്കലുകൾ ലളിതമാവുകയും ചെയ്യും.

ഈ പ്രത്യേകമായ സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങളെക്കുറിച്ച് സാധാരണക്കാരായ ദൈവജനത്തിനു സഹായകരമായ രീതിയിൽ ഒരു പുസ്തകം എഴുതണമെന്ന ആത്മപ്രചോദനത്തിന്റെ ഫലമാണ് ഈ രചന. വാദപ്രതിവാദങ്ങൾക്കുള്ള മറുപടിയല്ല ഈ ഗ്രന്ഥം. ഈ പുസ്തക രചനയിലൂടെ വാദപ്രതിവാദങ്ങൾ തീരുമെന്നും ഞങ്ങൾ ചിന്തിക്കുന്നില്ല. മാത്രമല്ല കർത്താവിന്റെ രണ്ടാം വരവുവരെ ഈ തർക്കങ്ങൾ തുടരുകയും ചെയ്യും. ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഈ പുസ്തകം ഒരു സഹായമായി തീരും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഇത് ഒരു അപൂർണ്ണമായ ഗ്രന്ഥമാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ പൂർണ്ണരല്ലാത്തതുകൊണ്ട് രചനയും പൂർണ്ണമല്ല. എന്നാൽ ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവ് പ്രാപിക്കുവാനുള്ള തികഞ്ഞ ആഗ്രഹത്തിലും അത്യുത്സാഹത്തിലുമാണ് ഞങ്ങൾ. മാത്രമല്ല വചന വെളിപ്പാടുകൾ വർദ്ധകാത്മകമാകയാൽ (progressive) പ്രസ്തുത വിഷയത്തിന്റെ പൂർണ്ണത; ജീവകാലയളവിൽ പ്രാപിക്കുവാൻ കഴിയുമോ എന്ന ശങ്കയുമുണ്ട്.

ഈ പുസ്തകത്തിൽ പല വിഷയങ്ങളും പരമ്പരാഗതമായ പഠിപ്പിക്കലുകളിൽ നിന്നും വ്യത്യസ്തമായി വിവരിച്ചിട്ടുണ്ട്. മുൻവിധിയില്ലാതെ ഈ വിഷയങ്ങളെ സമീപിച്ചാൽ അതിന്റെ ആത്മീയ അർത്ഥങ്ങളെ പരിശുദ്ധാത്മാവ് താങ്കളെ പഠിപ്പിക്കും.

ഈ പുസ്തക രചനയിൽ വിവിധ രീതിയിൽ സഹായിച്ചവർ നിരവധിയുണ്ട്. ഇത്തരുണത്തിൽ അവരെ നന്ദിയോടെ സ്മരിക്കുകയും നിത്യരാജ്യത്തിൽ അവർക്ക് പ്രതിഫലത്തിന് കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

തന്റെ നിത്യതേജസ്സിനും നിത്യരാജ്യത്തിനും പ്രാപ്തരാക്കുവാൻ തന്റെ പുത്രനെ നമുക്കായി തന്ന പിതാവാം ദൈവത്തിനു സകല മഹത്വവും അർപ്പിച്ചുകൊണ്ട്, ക്രിസ്തു ശരീരത്തിന്റെ ആത്മീയ വർദ്ധനവിനായി ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

കർത്തൃശുശ്രൂഷയിൽ

**സന്തോഷ് ഡേവിഡ് & ഷേർളി സന്തോഷ്**

**08.02.2014**

*ത്രിപുര - അഗർത്തല*

## അദ്ധ്യായം 1

# വേദപുസ്തകത്തിലെ സമ്പൂർണ്ണ സന്ദേശം

**യേ**ശുക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തോട് ചേരുവാനും മരണത്തെ പ്രഖ്യാപിക്കുവാനും ഓർക്കുവാനും ദൈവം ക്രമീകരിച്ചിരിക്കുന്ന രണ്ട് ലളിതമായ ഉടമ്പടി ശുശ്രൂഷകളാണ് സ്നാനവും കർത്തൃമേശയും. എന്നാൽ ഇത്ര അധികം വികലമാക്കപ്പെട്ടതും തെറ്റായി വ്യഖ്യാനിക്കപ്പെട്ടതുമായ മറ്റ് ഉപദേശങ്ങൾ ക്രിസ്തീയ സമൂഹത്തിലില്ല എന്നു തന്നെ പറയാം. പഴയ ഉടമ്പടികാലഘട്ടത്തിലെന്നപോലെയുള്ള അനുഷ്ഠാനങ്ങളല്ല ഇവ രണ്ടും. പ്രപഞ്ചത്തിലെ ഏറ്റവും ശ്രേഷ്ഠമായ സംഭവവും ഉത്കൃഷ്ടമായ സന്ദേശവും യേശുക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനങ്ങളാണ്. ഈ മഹത്വമേറിയ വസ്തുതകളുടെ ഓർമ്മയുടെയും പ്രഖ്യാപനത്തിന്റെയും അടയാളം എന്ന നിലയിൽ കർത്തൃമേശയ്ക്ക് വലിയ പ്രാധാന്യം ഉണ്ട്. എന്നാൽ പഴയ ഉടമ്പടി ആചാരങ്ങൾക്ക് കൽപ്പിച്ചിരിക്കുന്ന പരിപാവനത സ്നാനത്തിനും കർത്തൃമേശക്കും വേണ്ടി ദൈവം കൽപ്പിച്ചിട്ടില്ല. ഇത് ഒരു പഴയ ഉടമ്പടി ആചാരമായിരുന്നെങ്കിൽ ഇവകൾക്ക് വലിയ പവിത്രത ഉണ്ടാകുമായിരുന്നു. ഇവിടെ അപ്പത്തിനും വീഞ്ഞിനും; വിളമ്പുന്ന പാത്രത്തിനും; കൊടുക്കുന്ന രീതിക്കുമല്ല പ്രാധാന്യം, മറിച്ച് യേശുവിന്റെ മരണത്തിന് അഥവാ അവന്റെ ശരീരത്തിനും രക്തത്തിനുമാണ് പ്രാധാന്യം.

ഈ രചനയിലൂടെ കർത്തൃമേശയെ കുറിച്ചുള്ള വസ്തുനിഷ്ഠവും ക്രമീകൃതവുമായ ഒരു പഠനമാണ് ഞങ്ങളുടെ ലക്ഷ്യം. എന്നാൽ കർത്തൃമേശയുടെ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ വേദപുസ്തകത്തിലെ സമ്പൂർണ്ണ ഉപദേശം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ് എന്ന് ഞങ്ങൾ കരുതുന്നു. ഇവിടെ വേദപുസ്തകത്തിലെ പ്രധാനമായ പഠിപ്പിക്കലുകളെ ചുരുക്കമായി ഞങ്ങൾ പ്രതിപാദിക്കുന്നതാണ്.

വേദപുസ്തകം എഴുതിയതിന്റെ ഉദ്ദേശ്യം എന്താണ്? ഈ വിശുദ്ധഗ്രന്ഥം എന്താണ് വെളിപ്പെടുത്തുന്നത്?

➢ ഒന്നാമതായി, വേദപുസ്തകം ദൈവഹിതത്തിന്റെ മർമ്മം വെളിപ്പെടുത്തുന്നു. അഥവാ അവന്റെ ഇഷ്ടത്തിന്റെ മർമ്മത്തിന്റെ ആലോചന വെളിപ്പെടുത്തുന്നു. മനുഷ്യനെക്കുറിച്ച് അനാദി കാലം മുതൽ ദൈവഹൃദയത്തിൽ മറഞ്ഞിരുന്ന നിത്യമായ ദൈവീക പദ്ധതികളുടെ വിവരണമാണ് വേദപുസ്തകം.

➢ രണ്ടാമതായി, മനുഷ്യനെ സൃഷ്ടിച്ചതിന്റെ ദൈവീക ഉദ്ദേശ്യം വേദപുസ്തകം വെളിപ്പെടുത്തുന്നു.

➢ മൂന്നാമതായി, ഈ ദൈവീക ഉദ്ദേശ്യത്തിൽ നിന്നും വീണുപോയ മനുഷ്യനെ തിരികെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിലേക്ക് ക്രിസ്തുയേശുവിലൂടെ മടക്കി കൊണ്ടു വരുന്ന ദൈവീക പദ്ധതിയും വെളിപ്പെടുത്തുന്നു.

വെളിപ്പാട് പുസ്തകത്തിന്റെ അവസാന താളുകൾ എഴുതി പൂർത്തീകരിക്കുമ്പോൾ മനുഷ്യന്റെയും സകല സൃഷ്ടികളുടേയും വീണ്ടെടുപ്പും യഥാസ്ഥാപനവും പൂർത്തീ

കരിക്കപ്പെടുകയും സൃഷ്ടിപ്പിന്റെ പൂർണ്ണ ഉദ്ദേശ്യത്തിലേക്ക് മനുഷ്യൻ പ്രവേശിക്കുകയും തുടർന്ന് ദൈവഹിതത്തിന്റെ ആലോചനയിൽ അവൻ ജീവിക്കുകയും ചെയ്യുന്നത് കാണുവാൻ സാധിക്കും.

മേൽ രേഖപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ വിവരിക്കുവാൻ പല പുസ്തക രചന തന്നെ ആവശ്യമാണ്. എന്നാൽ പ്രതിപാദ്യ വിഷയങ്ങളോട് നീതി പുലർത്തിക്കൊണ്ട് പ്രസ്തുത വിഷയങ്ങളുടെ ലഘുവിവരണം അടുത്ത അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തുവാൻ ഞങ്ങൾ ശ്രമിക്കുകയാണ്.

## ● ദൈവീക മർമ്മം

വിശുദ്ധ വേദപുസ്തകം ദൈവീക രഹസ്യങ്ങളുടെ വെളിപ്പാടുകളാണ്. ആ വെളിപ്പാടുകളുടെ ഒരു ലഘുവിവരണം എഫെസ്യ ലേഖനത്തിൽ ഒന്നാം അദ്ധ്യായത്തിൽ പ്രാരംഭ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു (1:9-14 വാക്യം കാണുക). സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്നതാണ് ആ മർമ്മം. അതായത് കാലസമ്പൂർണതയിൽ സ്വർഗ്ഗവും ഭൂമിയും ഒന്നായി ചേരുകയും ദൈവവും മനുഷ്യനും ഒന്നിച്ചു ജീവിക്കുകയും അഥവാ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുകയും ചെയ്യും. വെളിപ്പാട് 10:6,7-ൽ ഏഴാമത്തെ ദൂതൻ കാഹളമൂതുന്ന സമയത്ത് ദൈവം തന്റെ ദാസന്മാരായ പ്രവാചകന്മാർക്ക് വെളിപ്പെടുത്തിയ ദൈവത്തിന്റെ മർമ്മം നിവർത്തിയാകും എന്ന് പറഞ്ഞിരിക്കുന്നു. വെളിപ്പാട് 11:15-ൽ ഏഴാം ദൂതൻ കാഹളം ഊതുകയും ഈ ദൈവമർമ്മം പൂർണ്ണം ആകുകയും ചെയ്യുന്നു. ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ '*ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി* എന്നുപറഞ്ഞിരിക്കുന്നു.

ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നതാണ് ഉല്പത്തി പുസ്തകം മുതൽ ദൈവം പ്രവാചകന്മാർക്ക് വെളിപ്പെടുത്തിയ തന്റെ മർമ്മം. ഏഴാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ പൂർത്തീകരിക്കപ്പെട്ട മർമ്മം ഇതാണ്. പുതിയ ഭൂമിയിൽ പുതിയ യെരുശലേം നഗരം സ്ഥാപിക്കപ്പെടുകയും ദൈവം തന്റെ ജനത്തോടുകൂടെ താമസിക്കുകയും ചെയ്യുമ്പോൾ ഈ മർമ്മം സമ്പൂർണമാകും.

പാപത്താൽ ദൈവജീവനിൽ നിന്ന് അകന്നു പോയ മനുഷ്യന് ദൈവജീവൻ നൽകി ദൈവതേജസ്സിന്റെ പൂർണ്ണതയിലേക്ക് മടക്കിക്കൊണ്ടുവരിക എന്നതാണ് ദൈവീക മർമ്മങ്ങളിൽ രണ്ടാമത്തേത്. രക്ഷയുടെ പൂർത്തീകരണമാണ് തേജസ്ക്കരണം. ഈ ദൈവതേജസ്സാണ് നമുക്ക് ദൈവത്തിലുള്ള അവകാശം. ഈ തേജസ്സ് നമുക്ക് തരുന്നത് നാം അവന്റെ തേജസ്സിന്റെ പുകഴ്ച്ചയ്ക്കാകേണ്ടതിന് ആണ്.

2 കൊരിന്ത്യർ 3:18-ൽ. "*എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു*"

എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ നമ്മുടെ തേജസ്ക്കരണം പൂർണ്ണമാകും.

## ● സംഗ്രഹം

ദൈവീക മർമ്മങ്ങളിൽ ഏറ്റവും പ്രധാനമായത് ദൈവരാജ്യവും ദൈവതേജസ്സുമാണ് (Kingdom and Glory). ദൈവരാജ്യത്തിലും ദൈവതേജസ്സിനും മനുഷ്യൻ പങ്കാളിയായി കഴിയുമ്പോൾ ഈ ദൈവീക മർമ്മത്തിന്റെ പൂർണ്ണത വെളിപ്പെടും.

## ● മനുഷ്യനെ സൃഷ്ടിച്ചതിലുള്ള ദൈവീക ഉദ്ദേശ്യം

■ അനാദിയിൽ ഏകനായിരുന്ന ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഉള്ള ഒരു കൂട്ടം പുത്രീ പുത്രന്മാരെ വേണമെന്നാഗ്രഹിച്ചു. അതായത് തനിക്കു ഒരു കുടുംബം വേണമെന്ന ആഗ്രഹത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

■ പിതാവാം ദൈവം തന്നെത്തന്നെ മനുഷ്യനിൽ ആവിഷ്കരിക്കുവാൻ ആഗ്രഹിച്ചു. തന്റെ ജീവനാലും തേജസ്സാലും മനുഷ്യനുമായി ഇഴുകിച്ചേരുവാൻ തീരുമാനിച്ചു. വിശുദ്ധി, നീതി, തേജസ്സ്, ജ്ഞാനം, സ്നേഹം തുടങ്ങിയ തന്റെ ശ്രേഷ്ഠ ഗുണങ്ങൾ മനുഷ്യനിൽ വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിച്ചു.

■ അനാദിയിൽ ദൈവം കൂട്ടായ്മബന്ധം ആഗ്രഹിച്ചതിനാലാണ് മനുഷ്യനെ സൃഷ്ടിച്ചത്. അതായത് മനുഷ്യന്റെ കൂടെ താമസിക്കുവാൻ ദൈവം തീരുമാനിച്ചു.

■ ദൈവം മനുഷ്യനെ രാജാക്കന്മാരും തന്റെ രാജ്യവും ആയിട്ടുമാണ് സൃഷ്ടിച്ചത്. ഭൂമിയേയും അതിലുള്ള സൃഷ്ടികളേയും വാഴുക എന്നതാണ് മനുഷ്യനെ രാജാക്കന്മാരായി സൃഷ്ടിച്ചു എന്നതിന്റെ അർത്ഥം. ദൈവം മഹാരാജാവും മനുഷ്യൻ അവന്റെ പ്രജകളുമാണ്. ദൈവം മനുഷ്യനെ ഭരിക്കുക എന്നതാണ് ദൈവരാജ്യം എന്നതിന്റെ അർത്ഥം.

## ● മനുഷ്യനെ സൃഷ്ടിച്ചതിന്റെ കാരണം

അവന്റെ ഹിതത്തിന്റെ ആലോചനയും തിരുഹിതത്തിന്റെ പ്രസാദവും ആയിരുന്നു സൃഷ്ടിപ്പിന്റെ അടിസ്ഥാന കാരണം. അങ്ങനെ മനുഷ്യൻ ദൈവത്തിന്റെ കൃപയുടെയും തേജസ്സിന്റെയും പുകഴ്ച്ചയ്ക്കാകേണ്ടതിനായിരുന്നു അവനെ സൃഷ്ടിച്ചത്.

## ● ദൈവീക പദ്ധതിയിൽ നിന്നുമുള്ള മനുഷ്യന്റെ വീഴ്ച

എന്നാൽ മനുഷ്യൻ ദൈവത്തിന്റെ കല്പന ലംഘിച്ച് പാപം ചെയ്ത് തന്നെ സൃഷ്ടിച്ച ദൈവീക ഉദ്ദേശ്യത്തിൽ നിന്ന് വീണുപോയി. അങ്ങനെ ഇന്നു അനുഭവിക്കുന്ന എല്ലാ ശാപത്തിനും തകർച്ചയ്ക്കും മനുഷ്യൻ പാത്രീഭൂതനായി.

## ● മനുഷ്യന്റെ അടിസ്ഥാന പ്രശ്നം

പാപവും ദ്രവത്വവും മരണവും ദൈവജീവനില്ലാത്തതുമാണ് മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾ. മനുഷ്യൻ ദൈവത്തിന്റെ നിയമം ലംഘിക്കുകയും ദൈവത്തോട് പാപം ചെയ്ത് അവന്റെ മുമ്പാകെ പാപിയായി തീരുകയും ചെയ്തു. പാപത്തിന്റെ ഫലമായി അവൻ ദൈവ ക്രോധത്തിലും ദൈവീക ന്യായവിധിയിലുമായിതീർന്നു.

■ പാപത്തിന്റെ ഫലമായി ദൈവവുമായുള്ള ബന്ധത്തിൽ നിന്നും അവൻ വേർപെട്ടു. ഇതാണ് ആത്മീയമരണം.

■ പാപത്താൽ മനുഷ്യൻ ദൈവജീവൻ നഷ്ടപ്പെടുത്തി. ദൈവജീവൻ ഇല്ലാത്ത അവസ്ഥയ്ക്ക് മരണം എന്നുപറയുന്നു.

■ പാപത്താൽ മനുഷ്യനിൽ ദ്രവത്വമുണ്ടാകുകയും മരണം അവനിൽ വാഴുവാൻ ആരംഭിക്കുകയും ചെയ്തു.

■ ദ്രവത്വത്തിന്റെ അന്ത്യം ശാരീരിക മരണമാണ്. അനന്തമായി ജീവിക്കുവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ മരണത്തിനു അടിമയായി തീർന്നു.

■ ശാരീരിക മരണം നിത്യ മരണത്തിലേക്ക് നയിച്ചു. അതായത് ദൈവവുമായി ബന്ധം ഇല്ലാതെ നിത്യത മുഴുവൻ നരകത്തിൽ ജീവിക്കുവാൻ വിധിക്കപ്പെട്ടു. ദൈവജീവൻ പ്രാപിച്ച് നിത്യത മുഴുവൻ ദൈവത്തോടുകൂടെ ജീവിക്കേണ്ട മനുഷ്യൻ ദൈവജീവനില്ലാത്തവനായി നരകത്തിൽ നിത്യം ജീവിക്കാൻ വിധിക്കപ്പെട്ടു. ഇതിന് രണ്ടാം മരണം അഥവാ നിത്യമരണം എന്ന് പറയുന്നു.

ദൈവം തന്റെ ജീവനാൽ ഒരു വ്യക്തിയിൽ വസിച്ചാൽ മാത്രമേ അവൻ പൂർണ്ണനാകുകയുള്ളൂ. തന്റെ തേജസ്സിനാൽ ദൈവം അവനിൽ നിറഞ്ഞു എങ്കിൽ മാത്രമേ അവന്റെ ആത്മാവിന്റെ ദാരിദ്ര്യം മാറുകയുള്ളൂ. നല്ല രുചികരമായ ഭക്ഷണവും മനോഹരമായ പാർപ്പിടവും സുഖകരമായ യാത്രാ സൗകര്യങ്ങളും സമാധാനമുള്ള കുടുംബജീവിതവും വിദ്യാഭ്യാസവും മറ്റ് അനേകമായ വിനോദ ഉപാധികളും മനുഷ്യന്റെ ശരീരത്തിനും മനസ്സിനും ഹൃദയത്തിനും സന്തോഷവും സംതൃപ്തിയും നൽകും. എന്നാൽ മനുഷ്യന്റെ ആത്മാവിന് ഈ ലൗകികമായ സുഖത്താൽ തൃപ്തനാകാൻ കഴിയുന്നതല്ല. അവൻ ഇപ്പോഴും ദരിദ്രനാണ്. അവനിൽ ദൈവം പൂർണ്ണമായി നിറയുമ്പോൾ മാത്രമേ അവൻ സമ്പന്നനായി തൃപ്തനാകുകയുള്ളൂ.

ദൈവതേജസ്സിനാൽ നിറയപ്പെട്ട് ദൈവത്തോടുകൂടെ നിത്യം ജീവിക്കേണ്ട മനുഷ്യൻ ദൈവസാന്നിധ്യമില്ലാതെ നിത്യത മുഴുവൻ നരകത്തിൽ ജീവിക്കുന്നത് എത്ര ഭയാനകമാണ് ! കടലിൽ ജീവിക്കേണ്ട മത്സ്യം ചുട്ടുപഴുത്ത കരയിൽ ജീവിക്കുന്നതിനു സമമാണിത്. ഇതാണ് പാപം ചെയ്ത മനുഷ്യനുള്ള ഏറ്റവും വലിയ ശിക്ഷ.

## ● സൃഷ്ടിയുടെ ഉദ്ദേശ്യവും വലിയ വാഗ്ദത്തങ്ങളും

2 പത്രോസ് 1:4-ൽ വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ വലിയ വാഗ്ദത്തങ്ങൾ എല്ലാം തന്നെ ഭാവിലോകത്തെ സംബന്ധിച്ചുള്ളതാണ്. മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതാണ് വലിയ വാഗ്ദത്തങ്ങൾ അഥവാ വലിയ വാഗ്ദത്തങ്ങളും സൃഷ്ടിയുടെ ഉദ്ദേശ്യവും. 2 കൊരിന്ത്യർ 7:1-ൽ ഈ വാഗ്ദത്തങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

*'പ്രിയമുള്ളവരേ ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക'.*

ആറാം അധ്യായത്തിന്റെ 16 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ ഈ വാഗ്ദത്തങ്ങൾ കാണാം. വേദപുസ്തകത്തിൽ ഉടനീളം ഈ വലിയ വാഗ്ദത്തങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

### ● വിളിയും തെരഞ്ഞെടുപ്പും

സൃഷ്ടിയുടെ ഉദ്ദേശ്യത്തിൽ നിന്നും വീണുപോയ മനുഷ്യനെ വീണ്ടും ദൈവം അതേ ഉദ്ദേശ്യത്തിനായി വിളിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തു. വേദപുസ്തകത്തിൽ വിളിയെപ്പറ്റിയും തെരഞ്ഞെടുപ്പിനെപ്പറ്റിയും പറഞ്ഞിരിക്കുന്ന എല്ലാ ഭാഗങ്ങളിലും ഇതേ അർത്ഥം വ്യക്തമാക്കിയിട്ടുണ്ട്. വിളിയും തെരഞ്ഞെടുപ്പും വലിയ വാഗ്ദത്തങ്ങളും മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യവും എല്ലാം ഒന്നുതന്നെയാണ്.

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ വിസ്തരിച്ചെഴുതുവാൻ ഇപ്പോൾ സാധ്യമല്ലാത്തതിനാൽ വേഗത്തിൽ മനസ്സിലാക്കുവാൻ ഒരു പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു.

| സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം | വിളിയുടെയും തെരഞ്ഞെടുപ്പിന്റെയും ഉദ്ദേശ്യം | വലിയ വാഗ്ദത്തങ്ങൾ | സൃഷ്ടിയുടെ യഥാസ്ഥാപനം |
|---|---|---|---|
| a. ദൈവത്തിന് പുത്രന്മാരും പുത്രിമാരും വേണം. ദൈവത്തിന് കുടുംബം ആവശ്യം. | യേശുക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരായിത്തീരുന്ന ഒരു കൂട്ടം പുത്രീപുത്രന്മാർ. (റോമർ8:14,16, 23-25, 28-29) | ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും. (2 കൊരിന്ത്യർ 6:17,18) | വീണ്ടെടുപ്പ് നാളിൽ (റോമർ 8:23) |
| b. തന്റെ തേജസ്സിനാലും ജീവനാലും മനുഷ്യനിൽ വസിക്കുവാൻ. | ദൈവതേജസ്സ് പ്രാപിക്കുവാനായി വിളിച്ചിരിക്കുന്നു (1തെസ്സ. 2:11, 12, 2തെസ്സ.2:14, 1 പത്രോസ് 5:10, റോമർ 8:17-30) | ഞാൻ അവരിൽ വസിക്കും (2 കൊരിന്ത്യർ 6:16) (ദൈവം ഒരുവനിൽ വസിക്കുന്നത് തന്റെ തേജസ്സിനാലാണ്) | വീണ്ടെടുപ്പ് നാളിൽ (എഫെസ്യർ 1:13,14 1തെസ്സ 4:13 - 18 1കൊരിന്ത്യർ 15 : 35-38) |
| c. ദൈവം മനുഷ്യനുമായുള്ള കൂട്ടായ്മ ആഗ്രഹിച്ചു. മനുഷ്യന്റെ കൂടെ വസിക്കുവാൻ ആഗ്രഹിച്ചു. | • ദൈവം മനുഷ്യന്റെ കൂടെ വസിക്കുവാൻ വേണ്ടി<br>• ഇമ്മാനുവേൽ. (ദൈവം നമ്മോടു കൂടെ)<br>• പരിശുദ്ധാത്മാവ് നമ്മോടുകൂടെ (യോഹ.14:16,17)<br>• പിതാവും പുത്രനും കൂടെ വാസം ചെയ്യുന്നു (യോഹ.14:23) | ഞാൻ അവരുടെ ഇടയിൽ നടക്കും.<br>(2 കൊരിന്ത്യർ 6:16) (യെഹെസ്കേൽ 37:26-28) | ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും. (വെളിപ്പാട് 21:3) |
| d. രാജാക്കന്മാരും, ദൈവത്തിന്റെ രാജ്യവുമാകാൻ. (ദൈവം മനുഷ്യനെ ഭരിക്കുമ്പോൾ അവർ ദൈവരാജ്യമായിത്തീരും) | • വാഴുവാൻ (റോമർ 5:17)<br>• രാജ്യം അനുഭവിക്കുവാൻ (1തെസ്സ 2:11,12)<br>(2 പത്രോസ്1:10,11) | • വാഴുക (1കൊരിന്ത്യർ 6:1-3)<br>• ലോകത്തെ വിധിക്കും<br>• ദൂതന്മാരെ വിധിക്കും<br>• ജാതികളുടെ മേൽ അധികാരം നടത്തും (വെളിപ്പാട് 2:26,27) (2കൊരിന്ത്യർ 6:16c)<br>• ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവും ആകും (ദൈവം രാജാവും നാം അവന്റെ ജനവും എന്ന സകല വേദഭാഗങ്ങളും ദൈവം രാജാവായി നമ്മെ ഭരിക്കുന്നു എന്നർത്ഥം-ദൈവരാജ്യം) | ആയിരമാണ്ട് വാഴ്ചയിലും, പുതിയ ഭൂമിയിലുള്ള പുതിയ യെരുശലേമിൽ ദൈവരാജ്യം അക്ഷരീകമായി വെളിപ്പെടും. |

# അദ്ധ്യായം 2
# രക്ഷയുടെ പാക്കേജ്

**ദൈ**വീക പദ്ധതിയിൽ നിന്നും വീണുപോയ മനുഷ്യനെ വീണ്ടെടുത്ത് നിത്യതയി ലേക്ക് മടക്കി എത്തിക്കുവാനുള്ള സകല കാര്യങ്ങളും ദൈവം തന്റെ പുത്രനായ യേശു ക്രിസ്തുവിൽ പൂർത്തീകരിച്ചു. തന്റെ പുത്രന്റെ ശരീരത്തിലൂടെയും രക്തത്തിലൂടെ യുമാണ് ഇത് സാധ്യമാക്കിയത്. യേശുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിലൂടെ ഈ വീണ്ടെടുപ്പു പൂർണ്ണമായി.

യേശുക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും ഓർക്കുവാനും അവന്റെ മരണത്തെ പ്രസ്താവിക്കുവാനുമാണ് **കർത്താവിന്റെ മേശ** ദൈവം സ്ഥാപിച്ചിരിക്കുന്നത്. ഈ വീണ്ടെടുപ്പിൻ പ്രക്രിയയിൽ പാപമോചനവും ശിക്ഷയിൽ നിന്നുള്ള വിടുതലും മാത്രമല്ല മറ്റനേകം ആത്മീയ വിഷയങ്ങളെയും ദൈവം പൂർത്തീകരിച്ചിട്ടുണ്ട്. അവയെ രക്ഷയുടെ പാക്കേജ് എന്ന് വിളിക്കുവാൻ ഞങ്ങൾ താൽപര്യപ്പെടുന്നു.

പാപമോചനം, ശിക്ഷയിൽ നിന്നുള്ള വിടുതൽ (രക്ഷ), ജലസ്നാനം, ആത്മസ്നാനം തുടങ്ങിയവ ഈ രക്ഷയുടെ പാക്കേജിന്റെ തുടക്കം മാത്രമാണ്. ഒരു കുട്ടിക്ക് ഒന്നാം ക്ലാസ്സിൽ പ്രവേശനം ലഭിച്ചതിനോട് ഇതിനെ ഉപമിക്കാം. തുടർന്ന് ആ കുട്ടി വളരേണ്ടതും ഉയർന്ന ക്ലാസ്സുകളിൽ പഠിച്ച് അറിവ് നേടേണ്ടതും ആവശ്യമാണ്. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ ദൈവം നിവർത്തിച്ച അനേകമായ കാര്യങ്ങളുടെ സമ്പൂർണ്ണ അറിവ് പ്രാപിക്കുന്നതിനനുസരിച്ച് ഒരുവൻ നിത്യ തേജസ്സിന്റെയും നിത്യരാജ്യത്തിന്റെ തുമായ പ്രത്യാശയിലും വിശ്വാസത്തിലും അടിസ്ഥാനപ്പെട്ട് സ്ഥിരപ്പെടും. ഈ രക്ഷ യുടെ പാക്കേജിന്റെ ഒരു ലഘു വിവരണം താഴെ കൊടുക്കുന്നു.

പാക്കേജ് എന്നു പറയുന്നത് ഒരു കൂട്ടം കാര്യങ്ങൾ ക്രമമായി കൂട്ടിച്ചേർക്കപ്പെട്ടതി നെയാണ്. അതുപോലെതന്നെ മനുഷ്യവംശത്തിന്റെ രക്ഷയ്ക്കാവശ്യമായ അനേകം കാര്യ ങ്ങൾ ക്രിസ്തുവിന്റെ ക്രൂശിൽ ദൈവം തയ്യാറാക്കിയിട്ടുണ്ട്. ഇതിനെയാണ് നാം പൂർണ്ണ സുവിശേഷം എന്നു പറയുന്നത്. രക്ഷയുടെ പാക്കേജിൽ അടങ്ങിയിരിക്കുന്നവയെ ക്കുറിച്ച് നാം എത്രത്തോളം അറിയുന്നുവോ അത്രത്തോളം അവയെ പ്രാപിക്കുന്നു.

## ● ദൈവവുമായുള്ള സമാധാനം

യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച്, പാപ ത്താലുള്ള ശത്രുത്വം നീക്കി, ദൈവവുമായി സമാധാനം ഉണ്ടാക്കി. ക്രിസ്തു നമ്മുടെ സമാധാനമായതുകൊണ്ട് നമുക്കിപ്പോൾ ദൈവവുമായി സമാധാനബന്ധമുണ്ട്. അതുകൊണ്ട് ഈ വീണ്ടെടുപ്പിന്റെ സുവിശേഷം സമാധാനസുവിശേഷം എന്ന് അറിയപ്പെടുന്നു. (കൊലോ. 1:19,20; എഫെ. 2:17; റോമ. 5:1; യെശയ്യാവ് 53:5; എഫെ. 6:15).

## ● ദൈവത്തോട് നിരപ്പ് (രമ്യത)

പാപത്താൽ മനുഷ്യൻ ദൈവത്തിൽ നിന്നും അകന്നു. പക്ഷേ ദൈവം യേശുവിനെ നമുക്ക് പകരം പാപമാക്കി, പാപത്തിന് യേശുവിന്റെ ശരീരത്തിൽ ശിക്ഷവിധിച്ചു. ക്രിസ്തുവിന്റെ ശരീരത്തിൽ മനുഷ്യനെ താനുമായി നിരപ്പിച്ചു. ആയതിനാൽ ഈ സുവിശേഷം 'നിരപ്പിന്റെ വചന'മെന്നും ഈ ശുശ്രൂഷ മനുഷ്യനെ ക്രിസ്തുവിലൂടെ ദൈവത്തോടു നിരപ്പിക്കുന്നതുമായതുകൊണ്ട് 'നിരപ്പിന്റെ ശുശ്രൂഷ' എന്ന് അറിയപ്പെടുന്നു (കൊലോ. 1:22, എഫെ. 2:16, 2കൊരി. 5:18,19).

## ● വീണ്ടെടുപ്പ്

വീണ്ടെടുപ്പ് എന്ന വാക്കിനർത്ഥം 'മോചനദ്രവ്യം കൊടുത്ത് തിരികെ വാങ്ങുക' എന്നതാണ്.

എന്തുകൊണ്ടാണ് വീണ്ടെടുപ്പ് മനുഷ്യന് ആവശ്യമായിരിക്കുന്നത്? മനുഷ്യൻ ദൈവത്തിനെതിരായി പാപം ചെയ്ത് ദൈവത്തിന്റെ ന്യായവിധിക്കു കീഴിലായി. അതായത് നിത്യമരണത്തിന് അല്ലെങ്കിൽ നിത്യനരകത്തിനായി വിധിക്കപ്പെട്ടു. മനുഷ്യനെ അവന്റെ നിത്യശിക്ഷാവിധിയിൽ നിന്നും രക്ഷിക്കുവാനായി സകല മനുഷ്യരാശിക്കും പകരമായി ഒരുവൻ തന്റെ ജീവൻ അഥവാ രക്തം മോചനദ്രവ്യമായി കൊടുക്കണമെന്നുള്ളത് ദൈവത്തിന്റെ വ്യവസ്ഥയാണ്.

യേശുക്രിസ്തു ഈ ലോകത്തിൽ വന്ന് തന്റെ മരണ അടക്ക പുനരുത്ഥാനത്തിനു ശേഷം സ്വർഗ്ഗീയ കൃപാസനത്തിൽ പ്രവേശിച്ച് തന്റെ രക്തം (ജീവൻ) ദൈവത്തിന് സമർപ്പിച്ചു. അങ്ങനെ മനുഷ്യരാശിയെ നിത്യശിക്ഷാവിധിയിൽ (മരണം) നിന്നും രക്ഷിച്ചു. വീണ്ടെടുപ്പിന്റെ ഫലമായി, ദൈവത്തിന്റെ ന്യായപ്രമാണത്തിൽനിന്നും പാപത്തിൽ നിന്നും മരണത്തിൽ നിന്നും ശാപത്തിൽ നിന്നും അന്യായമായി മനുഷ്യനെ ബന്ധിച്ചിരുന്ന സാത്താന്റെ ശക്തിയിൽ നിന്നും അധികാരത്തിൽ നിന്നും മനുഷ്യന് സ്വാതന്ത്ര്യം ലഭിച്ചു.

- **വീണ്ടെടുപ്പിന്റെ വിലയെന്ത്?** യേശുവിന്റെ രക്തം അഥവാ യേശുവിന്റെ ജീവൻ.
- **വീണ്ടെടുപ്പുവില ആർക്കാണു നൽകിയത്?** പിതാവായ ദൈവത്തിന്.
- **എന്തിൽ നിന്നുമാണ് അവൻ നമ്മെ വീണ്ടെടുത്തത്?** മരണം അഥവാ നിത്യനരകം എന്ന ദൈവകോപത്തിൽ നിന്ന്.
- **എന്തുകൊണ്ട് ദൈവം മനുഷ്യനെ ന്യായം വിധിക്കണം?**

  ദൈവം നീതിമാനായ ന്യായാധിപനായതുകൊണ്ടും, തന്റെ നീതിക്കനുസരിച്ച് പാപത്തെ ന്യായം വിധിക്കേണ്ടതുകൊണ്ടും.
- **എന്തിനാണ് അവൻ മനുഷ്യനെ വീണ്ടെടുക്കാൻ ആഗ്രഹിച്ചത്?**

അവൻ പിതാവായതുകൊണ്ടും അവന്റെ സ്നേഹവും കരുണയും കൃപയും തന്റെ കോപത്തിൽ നിന്നും മനുഷ്യനെ വീണ്ടെടുക്കാൻ അവനെ നിർബന്ധിച്ചതുകൊണ്ടും.

## ● മാനസാന്തരം

കഴിഞ്ഞകാല ജീവിതത്തെപ്പറ്റിയുള്ള പശ്ചാത്താപവും ദൈവത്തിങ്കലേക്കുള്ള

മടങ്ങിവരവുമാണ് മാനസാന്തരം എന്നതിന്റെ അർത്ഥം. ഒരുവൻ രക്ഷയുടെ സുവിശേഷം കേൾക്കുമ്പോൾ, അവനിലേക്ക് ദൈവീകമായ ഒരു ജ്ഞാനം പകരപ്പെടുകയും അവൻ രക്ഷയുടെ ആവശ്യകതയെ തിരിച്ചറിയുകയും ചെയ്യുന്നു.

### ● കഴിഞ്ഞകാല പാപങ്ങളുടെ ക്ഷമ

ഒരു വ്യക്തി ക്രൂശിലെ വീണ്ടെടുപ്പിനെപ്പറ്റി മനസ്സിലാക്കി കഴിയുമ്പോൾ പരിശുദ്ധാത്മാവ് അവന് പാപബോധം കൊടുക്കുന്നു. അവൻ ദൈവമുമ്പാകെ നിലവിളിയ്ക്കുമ്പോൾ ക്രിസ്തുയേശുവിന്റെ രക്തത്താൽ അവനു പാപക്ഷമ ലഭിക്കുന്നു.

### ● വീണ്ടും ജനനം

പുതുജീവൻ ലഭിക്കുക അഥവാ ദൈവത്തിൽ നിന്നും ജനിക്കുക എന്നർത്ഥം. ദൈവത്തിന്റെ ജീവനിൽ നിന്നും അകന്നുപോയ ഒരുവൻ തന്റെ കഴിഞ്ഞകാല പാപത്തെക്കുറിച്ചു പശ്ചാത്തപിക്കുമ്പോൾ, പരിശുദ്ധാത്മാവ് അവന്റെ ആത്മാവിലേക്കു പ്രവേശിക്കുകയും അവന് നിത്യജീവൻ കൊടുത്ത് അവനെ ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് മടക്കിക്കൊണ്ടുവരികയും ചെയ്യുന്നു. അവൻ ദൈവത്തിൽ നിന്നും ജനിച്ചതുകൊണ്ട് ദൈവമകനായി മാറുന്നു.

### ● രക്ഷാദാനം

പാപത്തിന്റെ ശിക്ഷയായ നിത്യനരകം എന്ന നിത്യമരണത്തിൽ നിന്നും രക്ഷിക്കുന്നു. സകല മാനവരാശിക്കും പകരമായി ദൈവം യേശുവിനെ പാപമാക്കി. പാപത്തിന്റെ ശിക്ഷ യേശുവിന്റെ ശരീരത്തിൽ ചുമത്തി. ഇപ്പോൾ അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല. ദൈവത്തിന്റെ ദാനമായ രക്ഷയ്ക്കായി ഒരു വ്യക്തി 'യേശുവിനെ കർത്താവെന്ന്' വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം യേശുവിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു എന്നു വിശ്വസിക്കുകയും ചെയ്യണം. (റോമർ 10:9).

### ● നീതിദാനം

ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന ഒരുവന് ദൈവം ക്രിസ്തുയേശുവിൽ വെളിപ്പെടുത്തിയ തന്റെ നീതി ദാനമായി കൊടുക്കുന്നു. ദൈവത്തിന്റെ നീതി ലഭിക്കുവാൻ ദൈവം യേശുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചു എന്നു വിശ്വസിക്കണം (2കൊരി. 5:21, റോമർ 10:10).

### ● നീതീകരണം

ക്രിസ്തുവിന്റെ രക്തത്താൽ പാപങ്ങൾ മോചിക്കപ്പെട്ട ഒരുവനെ, ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തതുപോലെ ദൈവം കണക്കാക്കുന്നു. (റോമർ 5:9, 3:21- 26).

### ● നീതിമാനായി പ്രഖ്യാപിച്ചു

പാപി എന്ന പേരുമാറ്റി നീതിമാൻ എന്ന പേരുനൽകി. യേശുക്രിസ്തു ദൈവത്തിന്റെ സകല കൽപ്പനകളും അനുസരിച്ചു, ക്രൂശിൽ മരിക്കുക എന്നുള്ള കല്പനയും അനുസരിച്ചു. യേശുക്രിസ്തുവിന്റെ ഈ അനുസരണത്തിൽ വിശ്വസിക്കുന്ന ഒരുവനെ സ്വർഗ്ഗീയ കോടതി ദൈവത്തിന്റെ നീതിമാനായി പ്രഖ്യാപിക്കുന്നു (റോമർ 5:19).

● **വിശുദ്ധനായി പ്രഖ്യാപിച്ചു**

വിശുദ്ധൻ എന്ന വാക്കിനർത്ഥം 'ദൈവത്തിനായി വേർതിരിക്കപ്പെട്ടവൻ' എന്നാണ്. ഒരുവൻ യേശുവിൽ വിശ്വസിക്കുമ്പോൾ ദൈവം അവനെ ശുദ്ധീകരിച്ച് തനിക്കായിട്ടു വേർതിരിക്കുന്നു.

● **ആത്മദേഹീദേഹത്തിന്റെ പരിപൂർണ്ണ സൗഖ്യം**

യേശുവിന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.

● **എല്ലാവിധ ശാപത്തിൽ നിന്നുമുള്ള മോചനം**

യേശു, സകല മാനവരാശിക്കും ശാപത്തിൽ നിന്നുള്ള മോചനം നൽകുവാൻ വേണ്ടി ക്രൂശിലെ മരണത്താൽ ശാപമായിത്തീർന്നു. (ഗലാ. 3:13)

● **സാത്താന്റെ അധികാരത്തിൽ നിന്നും അവന്റെ രാജ്യത്തിൽ നിന്നും സ്വാതന്ത്ര്യം**

യേശു തന്റെ ക്രൂശുമരണത്തിലൂടെ സാത്താനെ പരിപൂർണ്ണമായി പരാജയപ്പെടുത്തി നിരായുധനാക്കി. ക്രൂശിൽ അവൻ സാത്താന്റെ മേൽ ജയാളിയായി അവന്റെ അധികാരത്തെ തകർത്ത് അവനെ പരസ്യമായ കാഴ്ചയാക്കി (കൊലോ. 2:15).

➢ ഇപ്പോൾ ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന ഒരുവനെ ബന്ധിക്കുവാനും ആക്രമിക്കാനുമുള്ള അധികാരം സാത്താനില്ല. (ലൂക്കൊ. 10:19)

➢ സാത്താന്റെ ശക്തിയുടെമേലും രാജ്യത്തിന്റെ മേലുമുള്ള അധികാരം ദൈവം സഭയ്ക്കു നൽകിയിരിക്കുന്നു. (ലൂക്കൊ. 10:19)

➢ യേശുവിൽ വിശ്വസിക്കുന്ന വ്യക്തിക്ക് സാത്താനിൽ നിന്നും യാതൊരുവിധ തിരിച്ചടിയുമില്ല. (ലൂക്കൊ. 10:19)

➢ ദൈവജനത്തിന്റെ മേൽ തന്റെ തന്ത്രങ്ങളിൽ കൂടെയും പരീക്ഷകളിൽ കൂടെയും പ്രവർത്തിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചിരിക്കുന്നു. പക്ഷേ ആത്യന്തികമായിട്ട് ഇവയെല്ലാം തന്നെ ദൈവജനത്തിന്റെ ശുദ്ധീകരണത്തിനായി ദൈവം ഉപയോഗിക്കുന്നു. (1പത്രൊ. 5:9,10)

● **ലോകത്തിനു ക്രൂശിക്കപ്പെട്ടു**

ഈ ലോകവും അതിന്റെ വ്യവസ്ഥകളും അതിലുള്ള എല്ലാം തന്നെ ദൈവത്തിനും ദൈവമക്കൾക്കും വിരോധമാണ്. ഓർക്കുക, ക്രിസ്തുവിന്റെ ക്രൂശീകരണം സകല മാനവജാതിക്കും പകരമുള്ള ക്രൂശീകരണമായിരുന്നു. അതുകൊണ്ട്, ക്രിസ്തുയേശുവിൽ വിശ്വാസം അർപ്പിക്കുന്ന ഒരു വ്യക്തി ലോകത്തിനു ക്രൂശിക്കപ്പെട്ടുകഴിഞ്ഞു. അവൻ ലോകത്തെ ജയിച്ചുമിരിക്കുന്നു (ഗലാ. 6:14).

● **പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു**

'പഴയമനുഷ്യൻ' എന്നു പറയുന്നത് ഒരുവന്റെ പാപസ്വഭാവമാണ്; ആദാമ്യ പ്രകൃതമാണ്. ദൈവം നമ്മുടെ പഴയ മനുഷ്യനെ ക്രിസ്തുവിനോടുകൂടെ ക്രൂശിച്ചു. അതുകൊണ്ട് ഇനിമേൽ പാപത്തിന് നമ്മുടെ പഴയമനുഷ്യനെ സ്വാധീനിക്കുവാൻ കഴിയുകയില്ല.

ക്രിസ്തുവിന്റെ ക്രൂശീകരണം നമ്മുടെ ക്രൂശീകരണത്തിനു പകരമായിരുന്നു എന്നുള്ളത് മറക്കരുത്. തന്റെ സ്വരൂപത്തിലുള്ള, വീണ്ടും ജനിച്ച, പാപം ചെയ്യുവാൻ സാധ്യമല്ലാത്ത, ഒരു പുതുമനുഷ്യനെ ദൈവം നമ്മിൽ സൃഷ്ടിച്ചു. പഴയ മനുഷ്യനു പകരം പുതിയ മനുഷ്യനെ ധരിക്കുകയും ദൈവത്തിന്റെ ആത്മാവിനനുസരിച്ച് നടക്കുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് പാപത്തിൽ വീഴാതെ ജീവിക്കുവാൻ സാധിക്കും. (റോമ. 6:6).

### ● പാപത്തിനു മരിച്ചു

നാം ക്രിസ്തുവിനോടുകൂടെ പാപത്തിനു മരിച്ച് പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നതുകൊണ്ട് ഇനി പാപത്തിനു നമ്മുടെമേൽ യാതൊരു അധികാരവുമില്ല. പാപം തന്റെ ഹിതം ചെയ്യുവാൻ നമ്മുടെ ശരീരത്തെ സ്വാധീനിക്കുമ്പോൾ, നമ്മിലുള്ള ക്രിസ്തുവിന്റെ മരണത്തിന്റെ ശക്തി നമ്മുടെ ശരീരത്തിൽ വ്യാപരിച്ച് നമ്മുടെ അവയവങ്ങളെ പാപത്തിനെതിരെ മരിച്ച നിലയിൽ സൂക്ഷിക്കുന്നു. ആകയാൽ നമ്മുടെ ശരീരം പാപത്തോടു പ്രതികരിക്കയില്ല. ഇതു അനുഭവമാകുവാൻ നാം ആത്മാവിനെ അനുസരിച്ചു നടക്കേണ്ടത് ആവശ്യമാണ്. (റോമ. 6:7)

### ● ന്യായപ്രമാണത്തിനും അതിന്റെ പ്രവൃത്തികൾക്കും മരിച്ചു

സകല മാനവരാശിക്കും വേണ്ടി യേശു ന്യായപ്രമാണത്തിലെ സകല കല്പനകളും അനുസരിച്ച് അവയെ പൂർത്തീകരിച്ചു. അതുമാത്രമല്ല, തന്റെ മരണത്താൽ അവൻ ന്യായപ്രമാണത്തിലെ സകല പ്രവൃത്തികൾക്കും അവസാനം വരുത്തിയിരിക്കുന്നു. അതുകൊണ്ട് യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ, അവന്റെ ശരീരം മുഖാന്തരം, ഞാൻ ന്യായപ്രമാണത്തിനു മരിച്ചു. ന്യായപ്രമാണവിധികൾ അനുസരിക്കേണ്ടതിന് ഇപ്പോൾ ഞാൻ ന്യായപ്രമാണത്തിനു കീഴിലുമല്ല. എന്നാൽ കല്പന തന്നവൻ അവന്റെ ആത്മാവിനാൽ എന്നിൽ വസിച്ച് എല്ലാ കല്പനകളും അനുസരിക്കുവാൻ എന്നെ സഹായിക്കുന്നു. അങ്ങനെ ഞാൻ ദൈവത്തെ പ്രസാദിപ്പിക്കുന്നു (റോമ.7)

### ● ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ക്രിസ്തുവിനോടുകൂടെ മരിച്ചു

ജഡമോഹങ്ങളെ കീഴടക്കുവാൻ വേണ്ടി മനുഷ്യൻ ചെയ്യുന്ന എല്ലാ സമ്പ്രദായങ്ങളിൽ നിന്നും മനുഷ്യന്റെ പ്രവർത്തികളിൽ നിന്നുമുള്ള സ്വാതന്ത്ര്യം എന്നാണ് ഇതിന്റെ അർത്ഥം. ജഡത്തെ കീഴടക്കുവാൻ മനുഷ്യജ്ഞാനത്തിന്റെയും മനുഷ്യന്റെ തത്വചിന്തകളുടേതുമായ അനേകം ആചാരനുഷ്ഠാനങ്ങളുണ്ട്. ക്രിസ്തുയേശുവിലായ ഒരുവന് ജഡത്തെ കീഴ്പ്പെടുത്തുവാൻ ഈ വിധത്തിലുള്ള ഒരു പ്രവൃത്തിയുടെയും ആവശ്യമില്ല (കൊലോ. 2:16 – 23).

### ● ക്രിസ്തുവിനോടുകൂടെ മരിച്ചു

യേശുവിന്റെ മരണം മുഴുലോകത്തിനും പകരമുള്ള മരണമായിരുന്നു. '*എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്ന് ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു*. യേശു മരിച്ചപ്പോൾ ദൈവത്തിന് എല്ലാവരും മരിച്ചിരിക്കുന്നു (2കൊരി. 5:14, എബ്രാ. 2:9).

### ● യേശുവിനോടുകൂടെ അടക്കപ്പെട്ടു

യേശുവിന്റെ അടക്കം സകല മനുഷ്യർക്കും പകരമുള്ള അടക്കമായിട്ട് ദൈവം കണക്കാക്കുന്നു (റോമർ.6:4).

## ● യേശുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടു

ദൈവം എല്ലാ മനുഷ്യർക്കും പകരമായിട്ട് യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു. ദൈവത്തിന്റെ ഹൃദയത്തിൽ, എല്ലാ മനുഷ്യരുടെയും ഉയിർപ്പ് സംഭവിച്ചുകഴിഞ്ഞു (എഫെ. 2:7).

## ● ദൈവത്തിന്റെ വലത്തുഭാഗത്ത് യേശുവിനോടുകൂടെ ഇരുത്തിയിരിക്കുന്നു

മനുഷ്യന്റെ വീണ്ടെടുപ്പു പൂർത്തീകരിച്ചതിനുശേഷം യേശു സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു; അത് നാം ഓരോരുത്തർക്കും പകരമായിട്ടാണ്. ആകയാൽ പിതാവായ ദൈവത്തിന്റെ ഹൃദയത്തിൽ എല്ലാ മനുഷ്യരും ക്രിസ്തുവിനോടു കൂടെ സ്വർഗ്ഗത്തിലിരിക്കുന്നു. അതുകൊണ്ട് നിത്യരാജ്യത്തിലുള്ള ഒരുവന്റെ സ്ഥാനം ദൈവത്താൽ ക്രിസ്തുയേശുവിൽ സുനിശ്ചിതമാണ് (എഫെ. 2:5-7, കൊലോ. 3: 1-4).

***മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ വീണ്ടെടുപ്പു പ്രക്രിയ യേശുക്രിസ്തുവിന്റെ ക്രൂശിൽ പൂർത്തീകരിച്ചു കഴിഞ്ഞു. ദൈവവുമായുള്ള സമാധാനവും ഐക്യതയും പാപമോചനവും മുതൽ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം വരെയുമുള്ള എല്ലാം തന്നെ പിതാവായ ദൈവം പൂർത്തീകരിച്ചിരിക്കുന്നു. ക്രിസ്തുയേശുവിൽ ദൈവം എന്തൊക്കെ പൂർത്തീകരിച്ചുവോ, ദൈവം ക്രിസ്തുവിനോട് എന്തൊക്കെ ചെയ്തുവോ, ക്രിസ്തുവിന് എന്തൊക്കെ സംഭവിച്ചുവോ അതെല്ലാം സകല മനുഷ്യർക്കും വേണ്ടിയായിരുന്നു. ദൈവത്തിന്റെ ഈ പൂർത്തീകരിക്കപ്പെട്ട വേലയിൽ വിശ്വസിക്കുന്ന ഏവനും രക്ഷിക്കപ്പെടും.***

## ● വിശ്വാസ സ്നാനം (ജലത്തിലുള്ള മുഴുകൽ സ്നാനം)

യേശുവിന്റെ ക്രൂശിൽ നിവർത്തിച്ച വീണ്ടെടുപ്പിൽ വിശ്വസിക്കുന്ന ഒരുവനുള്ളതാണ് സ്നാനം. യേശുവിന്റെ മരണ അടക്ക പുനരുത്ഥാനത്തോടുള്ള ഏകീഭാവമാണിത്. **ദൈവത്തിന്റെ മാർഗ്ഗത്തിൽ** സ്നാനം **മനുഷ്യന്റെ മാർഗ്ഗ**ത്തിലേതുപോലെ ഒരു ആചാരമല്ല (റോമ. 6: 3-5).

## ● പരിശുദ്ധാത്മ സ്നാനം

വിശ്വസിക്കുന്ന വ്യക്തിയിൽ യേശു ക്രൂശിൽ നിവർത്തിച്ച മാനവജാതിയുടെ വീണ്ടെടുപ്പ് പൂർത്തീകരിക്കുവാൻ വേണ്ടി ദൈവം തന്റെ പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നു. ഒരു വ്യക്തിയിലുള്ള പരിശുദ്ധാത്മാവിന്റെ മൂന്നു തലത്തിലുള്ള പ്രവർത്തനങ്ങൾ അതിശ്രേഷ്ഠമാണ്. (a) പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ ഉള്ളിൽ വസിക്കുന്നു (ആത്മാധിവാസം). (b) പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ മേൽ അധിവസിക്കുന്നു (ആത്മസ്നാനം). (c) പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ കൂടെ വസിക്കുന്നു (ആത്മാവിന്റെ കൂട്ടായ്മ).

➢ പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ ഉള്ളിൽ വസിച്ച് ദൈവത്തിന്റെ സകല വചനങ്ങളും അനുസരിക്കുവാൻ അവനെ സഹായിക്കുന്നു. അന്തർനിവാസിയായ ആത്മാവ് അവനെ ശുദ്ധീകരിക്കുകയും ആത്മസ്വഭാവവും ആത്മഫലവും അവനിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു. ക്രൂശിൽ നിവർത്തിച്ച ശ്രേഷ്ഠമേറിയ അനുഗ്രഹങ്ങൾ അനുഭവിച്ച് വിജയകരമായ ഒരു ജീവിതം നയിക്കുന്നതിന് ആത്മാവിനെ അനുസരിച്ച് നടക്കേണ്ടത് വളരെ പ്രാധാന്യമുള്ള സംഗതിയാണ്. ഒരുവനിൽ അധിവസിക്കുന്ന ഈ ആത്മാവിനാൽ ദൈവം അവനെ അന്ത്യനാളിൽ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിക്കും.

➢ ഒരുവന്റെമേൽ വസിക്കുന്ന ആത്മാവിനാൽ കൃപാവരങ്ങളും ശക്തിയും പകർന്ന് ദൈവരാജ്യത്തിന്റെ പ്രകൃത്യാതീതമായ ശുശ്രൂഷകൾ ദൈവം അവനിലൂടെ നിവർത്തിച്ചെടുക്കുന്നു.

➢ മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യങ്ങളിലൊന്നായ തനിക്ക് മനുഷ്യനുമായുള്ള കൂട്ടായ്മ വെളിപ്പെടുത്തുവാനാണ് ആത്മാവിന്റെ കൂട്ടായ്മ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്.

## ● രക്ഷക്കായി വളരുക

രക്ഷ ക്രിസ്തുയേശുവിന്റെ ക്രൂശിൽ ദൈവം പൂർത്തീകരിച്ച ഒരു പ്രവൃത്തിയാണ്. പക്ഷെ ഇപ്പോൾ ഇത് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനിൽ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. രക്ഷെക്കായി വളരുവാൻ ഒരുവന് ദൈവവചനം ആവശ്യമാണ്. ഭയത്തോടും വിറയലോടും കൂടെ അവൻ തന്റെ രക്ഷയെ പ്രാവർത്തികമാക്കണം. ഒരുവൻ തന്റെ രക്ഷയെ പ്രാവർത്തികമാക്കുവാൻ തീഷ്ണമായി ആഗ്രഹിക്കുമ്പോൾ തന്റെ തിരുഹൃദയം പ്രസാദിച്ചിട്ട്, അവന്റെ ഇച്ഛയും പ്രവൃത്തിയും ദൈവം ഏറ്റെടുത്ത് അവനിൽ പ്രവൃത്തിക്കുന്നു. ഒരുവനിൽ രക്ഷയെ പൂർത്തീകരിക്കുവാൻ ദൈവം പ്രവൃത്തിക്കുന്നു എന്ന തിരിച്ചറിവ് എത്രയോ ആനന്ദകരമാണ്. ദൈവകൃപയാൽ താങ്കളുടെ രക്ഷ പൂർത്തീകരിക്കപ്പെടും (1പത്രോ. 2:1- 2, ഫിലി. 2:12,13).

## ● മനസ്സു പുതുക്കി രൂപാന്തരപ്പെടൽ

രക്ഷെക്കായുള്ള വളർച്ചയിൽ ഒരു പ്രധാന ഘടകമാണിത്. ഒരുവന്റെ മനസ്സിൽ ലോകം എഴുതിയ എഴുത്തുകളാണ് അവന്റെ ചിന്താധാരയെ നിയന്ത്രിക്കുന്നത്. ശരീരത്തിന്റെ മോഹങ്ങൾക്ക് അനുസൃതമായ ചിന്തകൾകൊണ്ട് അവന്റെ മനസ്സ് നിറഞ്ഞിരിക്കുന്നു. ഇത് അവനിൽ മരണം കൊണ്ടു വരുന്നു. പാപവും വിശുദ്ധിയും ഒരുവന്റെ ചിന്തയിലാണ് ആരംഭിക്കുന്നത്. അവൻ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം തിരിച്ചറിയുവാൻ മനസ്സ് പുതുക്കി രൂപാന്തരപ്പെടേണ്ടതാണ്. ദൈവം ഒരുവന്റെ ചിന്തകളെയും അവയ്ക്ക് പുറകിലുള്ള ഉദ്ദേശ്യങ്ങളെയും പരിശോധിക്കുകയും അതിന് ഒത്തവണ്ണം ന്യായം വിധിക്കുകയും ചെയ്യുന്നു. (റോമ.12:1,2)

## ● സമ്പൂർണ്ണ വിശുദ്ധീകരണം

ഒരു വിശ്വാസിയുടെ ആത്മ, ദേഹി, ദേഹത്തെ ദൈവം പരിപൂർണ്ണമായി വിശുദ്ധീകരിക്കുന്നു. ഇത് മനുഷ്യന് അവന്റെ പ്രവൃത്തികളാൽ നേടുവാൻ കഴിയുകയില്ല, മറിച്ച് ദൈവത്തിന്റെ ദാനമാണ്. ഒരുവനെ വിശുദ്ധീകരിക്കുവാൻ അവന്റെ ക്രിയാത്മകമായ പങ്കാളിത്തം ദൈവത്തിനാവശ്യമാണ്. തന്റെ ജനത്തെ വിശുദ്ധീകരിക്കുവാൻ അവന് പല മാധ്യമങ്ങളുണ്ട്. ദൈവവചനം, പരിശുദ്ധാത്മാവ്, ബാലശിക്ഷണം മുതലായവയെല്ലാം ഇതിൽ ഉൾപ്പെടും. നിത്യരാജ്യത്തിലേക്കും തന്റെ തേജസ്സ് പ്രാപിക്കുവാനുമായി നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണ്. അവൻ അത് നിവർത്തിക്കും (1 തെസ്സ. 5:23, 24).

## ● സ്വയത്തെ ത്യജിക്കുക, ക്രൂശു വഹിക്കുക

'സ്വയം' ആ വ്യക്തി തന്നെയാണ്. ദൈവം ഒരുവനെ ഭരിക്കുന്നതിനു പകരം അവൻ അവനെത്തന്നെ ഭരിക്കുന്നു. പക്ഷെ ഇപ്പോൾ 'സ്വയം' അവനെ ഭരിക്കുന്നതിനു പകരം യേശു അവന്റെ ജീവിതത്തിന്റെ കർത്താവായി അവനെ ഭരിക്കുവാൻ തുടങ്ങുന്നു. ജീവിതത്തിലെ ഏറ്റവും അപ്രധാന കാര്യങ്ങൾപോലും യേശുവിന്റെ അഭിപ്രായവും തീരുമാനവും അനുസരിച്ചായിരിക്കണം നടക്കേണ്ടത്. ദൈവം ഒരുവനിൽ പ്രവൃത്തിച്ച് അവന്റെ

'സ്വയ ഇച്ഛാശക്തിയെ' തകർക്കുവാൻ കൃപ നൽകി അവനെ ക്രിസ്തുവിന്റെ ഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നു.

അവന്റെ 'സ്വയത്തിന്റെ ശക്തി' തകർക്കപ്പെട്ടു എങ്കിലും അവനെ ഭരിക്കുവാൻ അത് അവിടെത്തന്നെയുണ്ട്. ഇവിടെയാണ് തന്റെ 'സ്വയം' ഒരിക്കലും അവനെ ഭരിക്കാതെവണ്ണം ആ സ്വയത്തിന്റെ മീതെ ക്രൂശ് വഹിക്കേണ്ടതിന്റെ ആവശ്യം. ക്രൂശ് പ്രതിനിധാനം ചെയ്യുന്നത് ഏറ്റവും നീചവും, ക്രൂരവും, ഭയാനകവും, ശാപകരവുമായ മരണത്തെയാണ്. ക്രിസ്തുവിന്റെ ക്രൂശ് അവന്റെ മരണത്ത സൂചിപ്പിക്കുന്നു. അതേ സമയം എന്റെ ക്രൂശ് എന്റെ മരണത്തെ സൂചിപ്പിക്കുന്നു, അതായത് ക്രിസ്തുവിനോടു കൂടെയുള്ള എന്റെ മരണം. ക്രിസ്തുവിനോടുകൂടെ ഞാൻ ക്രൂശിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനിമേൽ എന്റെ 'സ്വയം' തന്റെ അഭിപ്രായങ്ങളും തീരുമാനങ്ങളുമായിട്ട് എന്നെ ഭരിക്കാതിരിക്കുവാനായി എന്റെ സ്വയത്തിന്റെ മീതെ മരണത്തെ (ക്രൂശ്) ഞാനെപ്പോഴും വഹിക്കേണ്ടതുണ്ട്. (മത്താ. 16:24, ലൂക്കോ. 14:26, 27).

## ● ആത്മാവിൽ നടക്കുക

വീണ്ടും ജനിക്കപ്പെട്ട ഒരു വ്യക്തി തന്റെ ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ നിയോഗമനുസരിച്ച് വേണം നടക്കുവാൻ. പരിശുദ്ധാത്മാവ് അങ്ങനെ നടക്കുവാൻ എന്നെ നിർബന്ധിക്കുകയില്ല, മറിച്ച് ഞാൻ സ്വയം നടക്കണം. അങ്ങനെ നടക്കുവാനുള്ള തീരുമാനം എന്റേതാണ്. പരിശുദ്ധാത്മാവ് നയിക്കുമ്പോൾ ഞാൻ പിൻചെല്ലണം. ആത്മാവിൽ നടക്കുന്നവരാണ് ദൈവത്തിന്റെ മക്കൾ. ആത്മാവിനെ അനുസരിച്ച് നടക്കുന്നവൻ തന്റെ ജഡത്തിന്റെ മോഹങ്ങളെ നിവർത്തിക്കുന്നില്ല (റോമ. 8:1-16, ഗലാ. 5:16-24).

## ● സമ്പൂർണ്ണ മനുഷ്യൻ - ക്രിസ്തുവിന്റെ പുരുഷത്വം

ഇന്നുവരെ ലോകത്തിൽ ജീവിച്ചിട്ടുള്ളവരിൽ സമ്പൂർണ്ണമനുഷ്യനായി യേശുക്രിസ്തു മാത്രമേയുള്ളൂ. ബാക്കി എല്ലാവരും പാപത്താൽ അപൂർണ്ണരും അവരുടെ പുരുഷത്വം ഉടയപ്പെട്ടതുമാണ്. ക്രിസ്തുയേശുവിൽ വീണ്ടെടുക്കപ്പെട്ടവർ, പൂർണ്ണമനുഷ്യനാകുവാൻ വേണ്ടി ക്രിസ്തുയേശുവിന്റെ പുരുഷത്വത്തിലേയ്ക്കു വളരുകയാണ്. ക്രിസ്തുവിന്റെ ദൈവീകത്വമല്ല, പുരുഷത്വമാണ് നാം പ്രാപിക്കുന്നത് എന്ന് ഓർക്കുക. അതായത് യേശുക്രിസ്തുവിനെ പോലെ സമ്പൂർണ്ണ മനുഷ്യൻ ആകുക. (കൊലോ. 1:28, എഫേ. 4:11-16).

## ● ജയാളികൾ

ക്രിസ്തുയേശുവിൽ വളരുന്ന ഒരു വ്യക്തിക്ക് എപ്പോഴും ഒരു ആത്മീയയുദ്ധമുണ്ട്. ജഡം, പാപം, ലോകം, സാത്താൻ ഇവ അവന്റെ ശത്രുക്കളാണ്. ആത്മീയ യുദ്ധത്തിലൂടെ ജഡത്തിന്റെയും ലോകത്തിന്റെയും മോഹങ്ങളിൽമേലും പാപത്തിന്റെ മേലും സാത്താന്റെ സകലവിധ തന്ത്രങ്ങളിന്മേലും ജയാളിയാകുവാൻ അവന് സാധിക്കുന്നു (വെളി. അദ്ധ്യ. 2 & 3).

## ● ശരീരത്തിന്റെ വീണ്ടെടുപ്പ് / പുത്രത്വം (തേജസ്കരണം)

ഇത് രക്ഷയുടെ പൂർത്തീകരണമാണ്. ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെടുന്ന ഒരുവനെ മരണത്തിൽ നിന്നും വീണ്ടെടുത്ത് തേജസ്കരിക്കപ്പെട്ട ഒരു ശരീരം ദൈവം

കൊടുക്കുന്നു. ഇനി മരണവും ദ്രവത്വവും ഉണ്ടാകയില്ല. അവൻ ദൈവത്തിന്റെ തേജസ്സു ലഭിച്ച് പുത്രത്വം പ്രാപിച്ച് യേശുവിനെ പോലെ ആയിത്തീരും (റോമ. 8:23).

● **പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പുതിയ യെരുശലേം പട്ടണത്തിലേക്കുമുള്ള പ്രവേശനം**

ഇപ്പോഴത്തെ ആകാശവും ഭൂമിയും അഗ്നിയാൽ നശിപ്പിക്കപ്പെടും. ദൈവം ഒരു പുതിയ ആകാശവും ഭൂമിയും സൃഷ്ടിക്കും. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ 'പുതിയ യെരുശലേം നഗരം' എന്ന ദൈവനഗരം സ്വർഗ്ഗത്തിൽ നിന്ന് പുതിയ ഭൂമിയിലേക്ക് ഇറങ്ങിവരും. '*ഇതാ മനുഷ്യനോടുകൂടെ ദൈവത്തിന്റെ കൂടാരം. അവൻ തന്റെ ജനത്തോടു കൂടെ നിത്യകാലം വസിക്കും*'. അങ്ങനെ സ്വർഗ്ഗവും ഭൂമിയും ഒരിക്കൽ കൂടി ഒന്നായിത്തീരും.

പുതിയ യെരുശലേം ആയിരിക്കും പുതിയ ഭൂമിയുടെ തലസ്ഥാന നഗരം. ദൈവം തന്റെ ജനത്തെ ഭരിക്കും. ഇവിടെയായിരിക്കും ദൈവരാജ്യത്തിന്റെ പൂർണ്ണത. എല്ലാ തലമുറകളിൽ നിന്നുമുള്ള തേജസ്കരിക്കപ്പെട്ട ജനം ദൈവസന്നിധിയിൽ എന്നേക്കും ജീവിക്കും. ഇനിമേൽ മരണവും ശാപവും ഉണ്ടാവുകയില്ല. സൃഷ്ടിപ്പിന്റെ ഉദ്ദേശം ഇവിടെ പൂർണ്ണമാകുന്നു.

ഇതായിരുന്നു പൂർവ്വ പിതാക്കന്മാരുടെയും പഴയ ഉടമ്പടി വിശുദ്ധന്മാരുടെയും പ്രത്യാശയും വിശ്വാസവും. പുതിയ ഉടമ്പടി സഭയുടെയും പ്രത്യാശയും വിശ്വാസവും ഈ ദൈവതേജസ്സും ദൈവരാജ്യവും പ്രാപിക്കുക എന്നുള്ളത് തന്നെയാണ് (എബ്രാ. 11:9-16, 2 പത്രോ. 3:10-13, വെളി.21:1-3).

➢ **പ്രത്യേക അറിയിപ്പ്**

ദൈവം ക്രിസ്തുവിന്റെ ക്രൂശിൽ മനുഷ്യന്റെ രക്ഷക്കാവശ്യമായതെല്ലാം ചെയ്തു കഴിഞ്ഞു എന്ന് പറഞ്ഞുവല്ലോ. യേശുവിലുള്ള വിശ്വാസത്താൽ അത് ഒരുവന് ലഭ്യമാകും. ആദിമുതൽ അവസാനം വരെ ഇത് ദൈവത്തിന്റെ കൃപയാലാണ് പ്രാപിക്കുന്നത്. പാപമോചനം മുതൽ തേജസ്കരണം വരെയുള്ള കാര്യങ്ങളും ദൈവരാജ്യത്തിലേക്കുള്ള പ്രവേശനവും പിതാവായ ദൈവത്തിന്റെ പ്രവർത്തിയാണ്. അതേ, തീർച്ചയായും അത് ദൈവത്തിന്റെ കൃപയാണ്. പക്ഷേ ഇത് ഒരുവന്റെ ജീവിതത്തിൽ സാധ്യമാകുവാൻ അവന്റെ ക്രിയാത്മകമായ പങ്കാളിത്തം ദൈവത്തിന് വേണം. അതുകൊണ്ട് ഈ സുവിശേഷത്തിന്റെ പ്രത്യാശയിൽ നിന്നും നാം ഇളകാതെ വിശ്വാസത്തിൽ സ്ഥിരപ്പെട്ടവരായി നിലനിൽക്കേണ്ടതാണ്.

➢ **നിത്യശിക്ഷാവിധി**

ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും യേശുക്രിസ്തുവിന്റെ നാമത്തിലുള്ള ഇത്ര വലിയ രക്ഷ തിരസ്കരിക്കുകയും ചെയ്യുന്നവൻ നിത്യശിക്ഷാവിധിക്ക് യോഗ്യനായി നരകം അനുഭവിക്കും. ഈ പ്രപഞ്ചത്തിൽ ദൈവസാന്നിധ്യമില്ലാത്ത ഏക സ്ഥലമാണ് നരകം. ദൈവതേജസ്സിനാൽ നിറയപ്പെട്ട് ദൈവത്തോടുകൂടെ ജീവിക്കേണ്ട മനുഷ്യന്റെ പാപത്തിനുള്ള ശിക്ഷയാണ് നിത്യനരകം.

## അദ്ധ്യായം 3

# കർത്തൃമേശ - നാല് സവിശേഷ വേദഭാഗങ്ങളിൽ

**ഈ** ഭാഗം മുതൽ കർത്തൃമേശയെക്കുറിച്ചുള്ള പഠനം ആരംഭിക്കുകയാണ്. കർത്തൃമേശയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന നാല് പ്രധാനപ്പെട്ട വേദഭാഗങ്ങൾ നാം ഇവിടെ ചർച്ച ചെയ്യുന്നു.

■ മത്തായി 26:26,27 അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു: '*വാങ്ങി ഭക്ഷിപ്പിൻ ഇതു എന്റെ ശരീരം*' എന്നു പറഞ്ഞു. '*ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ ഉടമ്പടിക്കുള്ള എന്റെ രക്തം*'.. (നിയമം എന്ന പദം മൂലഭാഷയുടെ ശരിയായ അർത്ഥം വെളിപ്പെടുത്തുന്നില്ല. ആയതിനാൽ നിയമം എന്ന പദത്തിനു പകരം ഉടമ്പടി എന്നായിരിക്കും ഈ പുസ്തകത്തിൽ രേഖപ്പെടുത്തുക).

■ രണ്ടാമത്തെ വേദഭാഗം മർക്കൊസിലാണ്. മർക്കൊസ് 14:22-24

അവർ ഭക്ഷിക്കുമ്പോൾ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: '*വാങ്ങുവിൻ, ഇതു എന്റെ ശരീരം*' എന്നുപറഞ്ഞു.. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു; എല്ലാവരും അതിൽ നിന്നു കുടിച്ചു; '*ഇതു അനേകർക്കു വേണ്ടി ചൊരിയുന്നതായി ഉടമ്പടിക്കുള്ള എന്റെ രക്തം*' എന്നുപറഞ്ഞു.

■ മൂന്നാമത്തെ വേദഭാഗം ലൂക്കൊസിന്റെ സുവിശേഷത്തിലാണ്. ലൂക്കൊസ് 22:19-20 പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു: '*ഇതു നിങ്ങൾക്കു വേണ്ടി നൽകുന്ന എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ*' എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു : '*ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ ഉടമ്പടി ആകുന്നു* '.

■ നാലാമത്തെ വേദഭാഗം പൗലൊസ് അപ്പൊസ്തലൻ കർത്താവിൽ നിന്ന് പ്രാപിച്ച് കൊരിന്ത്യസഭക്ക് എഴുതിയതാണ്. 1 കൊരിന്ത്യർ 11:24, 25

'*ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ* എന്നുപറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷം അവർ പാനപാത്രവും എടുത്തു; '*ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ ഉടമ്പടി ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്‌വിൻ എന്നുപറഞ്ഞു*'.

### ● ഈ വേദഭാഗങ്ങളുടെ സംഗ്രഹം

➢ കർത്തൃമേശയിൽ നാം നുറുക്കുന്ന അപ്പം യേശുവിന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നു എന്നും യേശു തന്റെ ശരീരം നമുക്കുവേണ്ടി നൽകി എന്നും ഈ വേദഭാഗങ്ങൾ വ്യക്തമാക്കുന്നു. അവന്റെ ഓർമ്മക്കായിട്ടാണ് നാം അപ്പം നുറുക്കുന്നത്.

➢ കർത്തൃമേശയിൽ നാം പങ്കിടുന്ന പാനപാത്രം ക്രിസ്തുവിന്റെ രക്തത്തെ പ്രതിനിധാനം ചെയ്യുന്നു.

രക്തം നമ്മുടെ പാപമോചനത്തിനായി നൽകി. അവന്റെ ഓർമ്മക്കായി നാം ഈ പാനപാത്രത്തിൽ നിന്നും കുടിക്കണം.

യേശുവിന്റെ രക്തത്തിന്റെ രണ്ട് പ്രത്യേകതകൾ ഈ ഭാഗം വെളിപ്പെടുത്തുന്നു.

➢ പാപമോചനത്തിനായുള്ള രക്തം (യാഗം).

➢ പുതിയ ഉടമ്പടിക്കുള്ള രക്തം (ഉടമ്പടി).

ഈ വിഷയങ്ങളെ ഓരോന്നായി അടുത്ത അധ്യായങ്ങളിലായി നാം ചിന്തിക്കുന്നതാണ്.

## ● യേശുവിന്റെ ശരീരം

'*ഇത് നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം*' ഓരോ പ്രാവശ്യവും നാം അപ്പം നുറുക്കുമ്പോൾ കർത്താവിന്റെ ശരീരത്തെ ഓർക്കുന്നു. യേശു തന്റെ ശരീരം നമുക്കായി നൽകി. യേശുവിന്റെ ശരീരം നമുക്കായി നൽകിയതെന്തിനുവേണ്ടിയാണ്? അവന്റെ ശരീരത്തിന്റെ പ്രത്യേകത എന്താണ്? തുടർന്നു ഈ വിഷയങ്ങളെ കുറിച്ച് നാം ചിന്തിക്കുന്നതായിരിക്കും.

മനുഷ്യൻ ദൈവത്തിന്റെ കല്പന ലംഘിച്ച് തന്നെക്കുറിച്ചുള്ള ദൈവീക പദ്ധതിയിൽ നിന്നും വീണ് പാപത്തിനും മരണത്തിനും അടിമയായി തീർന്നു. മനുഷ്യൻ ദൈവത്തിനെതിരെ അധികം പാപം ചെയ്ത് ദൈവക്രോധത്തിനും നിത്യനരകത്തിനും പാത്രീഭൂതനായി തീർന്നു.

ദൈവം അതിപരിശുദ്ധനും നീതിമാനുമാണ്. താൻ അതിപരിശുദ്ധനാകയാൽ പാപത്തെ സഹിക്കുകയില്ല. അവൻ നീതിമാനായ ന്യായാധിപനാകയാൽ തന്റെ നീതിക്കൊത്തവണ്ണം പാപത്തെ ന്യായം വിധിക്കേണ്ടതുണ്ട്. എന്നാൽ ദൈവം സ്നേഹമാണ്. അവൻ കൃപയും കരുണയും നിറഞ്ഞവനാണ്. അവന്റെ നീതി, പാപത്തെയും പാപിയെയും ന്യായം വിധിക്കുവാൻ ആവശ്യപ്പെടുമ്പോൾ അവന്റെ സ്നേഹം പാപിയെ തന്റെ ന്യായവിധിയിൽ നിന്നും വീണ്ടെടുക്കുവാനും ആവശ്യപ്പെടുന്നു. ആകയാൽ തന്റെ നീതിയുള്ള ന്യായവിധിയെയും തന്റെ അതുല്യമായ സ്നേഹത്തെയും പ്രദർശിപ്പിപ്പാൻ ദൈവം തന്റെ പുത്രനെ സകലമനുഷ്യനും പകരക്കാരനായി ഈ ലോകത്തിലേക്ക് അയച്ചു.

## ● യേശു സകല മാനവ ജാതിയുടെയും പകരക്കാരൻ

ഒരുവൻ മറ്റൊരുവന് പകരം അവന്റെ സ്ഥാനത്ത് വന്ന് ഒന്നാമൻ ചെയ്യേണ്ട കാര്യങ്ങൾ നിവർത്തിക്കുമ്പോൾ അവൻ പകരക്കാരനാകുന്നു. ഉദാഹരണമായി കാൽപന്ത് (ഫുട്ബോൾ) കളിയിൽ, കളിക്കളത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന ഒരുവന്റെ സ്ഥാനത്ത് മറ്റൊരുവനെ പകരക്കാരനായി നിയോഗിക്കുന്നു. അതുപോലെ യേശു സകല മാനവ ജാതിക്കും വേണ്ടി പകരക്കാരനായി ഭൂമിയിൽ വന്നു.

■ യേശുക്രിസ്തുവിനു സംഭവിച്ചതെല്ലാം സകല മനുഷ്യർക്കും സംഭവിച്ചതായി ദൈവം കണക്കാക്കുന്നു.

■ മനുഷ്യന്റെ പാപത്തിനു എന്തെല്ലാം ശിക്ഷ നൽകണമോ അത് മുഴുവനും പകരക്കാരനായ യേശുവിനു നൽകി.

■ മനുഷ്യനെ വീണ്ടെടുക്കുവാൻ എന്തെല്ലാം ചെയ്യണമോ അത് പകരക്കാരനായ യേശുവിൽ ചെയ്തു.

■ യേശുവിനോട് ചെയ്തതെല്ലാം ലോകത്തിലുള്ള സകല മനുഷ്യരോടും ചെയ്ത തായി ദൈവം കണക്കാക്കുന്നു.

■ യേശുക്രിസ്തു തന്റെ ജീവിതംകൊണ്ട് എന്തെല്ലാം പൂർത്തീകരിച്ചുവോ അത് സകല മനുഷ്യർക്കും പകരമായാണ്.

■ പിതാവായ ദൈവത്തിന്റെ മുൻപാകെ യേശുക്രിസ്തുവിന്റെ സ്ഥാനം എന്താണോ അത് സകല മനുഷ്യർക്കും ഉള്ളതാണ്. അതായത് യേശുവിനും തന്നിൽ വിശ്വസിക്കുന്ന ഒരുവനും ദൈവമുമ്പാകെ ഒരേ സ്ഥാനം തന്നെയാണ് ഉള്ളത്.

## ● നമുക്കു പകരമായി യേശുവിന്റെ ശരീരത്തിൽ ദൈവം ചെയ്തത് എന്താണ്?

■ സർവ്വലോകത്തിന്റെയും പാപം പകരക്കാരനായ യേശുവിന്റെ ശരീരത്തിന്മേൽ ദൈവം ചുമത്തി (യെശയ്യാവ് 53:6).

■ യേശു സർവ്വലോകത്തിന്റെയും പാപം സ്വന്ത ശരീരത്തിന്മേൽ വഹിച്ചുകൊണ്ട് ക്രൂശിന്മേൽ കയറി. (യെശയ്യാവ് 53:11,12; 1പത്രോസ് 2:24; എബ്രായർ 9:28)

■ പാപം അറിയാത്ത യേശുവിനെ ദൈവം നമുക്കുവേണ്ടി പാപമാക്കി. (2 കൊരി. 5:21) ക്രൂശിൽ കിടക്കുന്ന യേശു നമുക്ക് ദൈവപുത്രനാണ്. എന്നാൽ ഇപ്പോൾ പിതാവാം ദൈവത്തിനു ക്രൂശിലെ യേശു തന്റെ പുത്രനല്ല! മറിച്ച് ലോകത്തിന്റെ പാപ മാണ്. പാപത്തിന്റെ സ്ഥാനത്ത് തന്റെ പുത്രനെ ദൈവം കണ്ടു.

പാപം തന്റെ പുത്രന്റെ മേൽ കണ്ടപ്പോൾ വിശുദ്ധനായ ദൈവം പുത്രനെ കൈവിട്ടു. ഭൂതകാല നിത്യത മുഴുവൻ പിതാവുമായി ഒന്നായിരുന്ന പുത്രൻ പിതാവിൽ നിന്നും വേർപെട്ടു. പാപത്തിനുള്ള ഏറ്റവും വലിയ ശിക്ഷ ഇത് തന്നെ. നരകം അനുഭവിക്കുക എന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. പാപം യേശുവിന്റെ ശരീരത്തിൽ കണ്ടപ്പോൾ പാപത്തിനെതിരെയുള്ള ദൈവത്തിന്റെ നീതിക്കനുസരണമായ ഉഗ്രകോപം പുത്രന്റെ മേൽ വെളിപ്പെട്ടു. പാപത്തിനുള്ള ന്യായവിധി സ്വന്തപുത്രന്റെ ശരീരത്തിൽ നടത്തി അവനെ ക്രൂശിൽ തകർത്തുകളഞ്ഞു.

നാം ദൈവത്തിനെതിരെ പാപം ചെയ്ത് അവന്റെ നീതിയുള്ള കോപത്തിനും ന്യായ വിധിക്കും അധീനരായി തീർന്നു. എന്നാൽ ഇപ്പോൾ പാപം പുത്രന്റെ മേൽ ആയിരി ക്കുന്നു. പാപം നമ്മുടെ മേൽ കണ്ടാലും തന്റെ സ്വന്തം പുത്രനിൽ കണ്ടാലും ദൈവം തന്റെ നീതിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനാണ്. അങ്ങനെ പാപത്തെ തന്റെ പുത്രന്റെ ശരീരത്തിൽ ന്യായം വിധിച്ചതിലൂടെ ദൈവം തന്റെ നീതിയെ ക്രൂശിൽ വെളി പ്പെടുത്തി. (റോമർ 3:25,26; 8:3,4) പാപത്തെ ന്യായം വിധിക്കുന്ന കാര്യത്തിൽ അവൻ തന്റെ സ്വന്തപുത്രനെ പോലും ആദരിച്ചില്ല (റോമർ 8:32). അങ്ങനെ യേശുവിന്റെ ശരീ രത്തിൽ പാപത്തിനു ന്യായവിധി നടത്തി അവന്റെ ശരീരത്തിലൂടെ മാനവ ജാതിയെ തന്നോട് നിരപ്പിച്ചു (രമ്യതയിലാക്കി).

കൊലൊസ്സ്യർ 1:21, 22-ൽ പറഞ്ഞിരിക്കുന്ന യേശുവിന്റെ ശരീരത്തിന്റെ പ്രാധാന്യം കാണുക.

*'മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു'.*

നാം നമ്മുടെ ദുഷ്പ്രവൃത്തികളാൽ ദൈവത്തോട് അകന്നവരും ദൈവത്തോട് ശത്രുതയിൽ ആയിരുന്നവരും ആണ്. എന്നാൽ നമ്മുടെ പാപത്തെ യേശുവിന്റെ ശരീരത്തിൽ ചുമത്തി, അവന്റെ ശരീരത്തിൽ പാപത്തെ ന്യായം വിധിച്ച്, അവന്റെ ശരീരത്തെ തകർത്ത്, ആ ശരീരത്തിൽ നമ്മെ ദൈവത്തോട് നിരപ്പിച്ചു. അത് നമ്മെ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി ദൈവമുമ്പാകെ നിർത്തേണ്ടതിന് ആണ്. നമ്മുടെ പകരക്കാരനായ യേശുവിന്റെ ശരീരത്തിൽ പാപത്തിനു ശിക്ഷ വിധിച്ചതിനാൽ ഇനി നമുക്ക് ശിക്ഷാവിധിയില്ല (റോമ.8:1)

*'അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽ വെച്ചു ശത്രുത്വം ഇല്ലാതാക്കി. അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ'.* (എഫെസ്യർ 2:14-16)

ഇവിടെ യേശുവിന്റെ ശരീരത്തിന്റെ മറ്റൊരു പ്രാധാന്യം രേഖപ്പെടുത്തിയിരിക്കുന്നു: ജാതികളെയും യഹൂദനെയും തമ്മിൽ അകറ്റി നിർത്തിയിരുന്ന ന്യായപ്രമാണത്തെ തന്റെ ജഡത്താൽ നീക്കിക്കളഞ്ഞു. ഇരുപക്ഷത്തെയും ഒന്നാക്കി തന്നിൽ ഒരു പുതുമനുഷ്യനാക്കി തീർത്തു. ഇരുപക്ഷത്തിനും ഇടയിൽ ഉണ്ടായ ശത്രുത്വം അവസാനിപ്പിച്ചു. അങ്ങനെ യെഹൂദനെയും ജാതിയെയും തന്റെ ശരീരത്തിൽ നിരപ്പിച്ച് ഒരു പുതുമനുഷ്യനാക്കി ഇരുപക്ഷത്തേയും ദൈവത്തോട് രമ്യതയിലാക്കി.

യേശുകർത്താവിന്റെ ശരീരത്തിന്റെ പ്രാധാന്യം രേഖപ്പെടുത്തിയിരിക്കുന്ന യെശ.53:6 കാണുക.

'എന്നാൽ *യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ ശരീരത്തിൽ ചുമത്തി'* എന്ന് അവിടെ പറയുന്നു.

4,5 വാക്യങ്ങൾ ശ്രദ്ധിക്കുക:

*'സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ (ശരീരത്തിൽ) വഹിച്ചു. നമ്മുടെ വേദനകളെ അവൻ (ശരീരത്തിൽ) ചുമന്നു; നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ (ശരീരത്തിൽ) ആയി അവന്റെ അടിപ്പിണരുകളാൽ (ശാരീരിക മുറിവുകളാൽ) നമുക്കു സൗഖ്യം വന്നുമിരിക്കുന്നു'.* (യെശ.53:4,5 2പത്രോസ് 2:24)

ഇത് ശാരീരിക സൗഖ്യം മാത്രമല്ല; പാപത്തിൽ നിന്നും, ശാപത്തിൽ നിന്നും, അങ്ങനെ എല്ലാവിധ തകർച്ചയിൽ നിന്നും നമ്മുടെ ആത്മ ദേഹീ ദേഹത്തിനു ലഭിക്കുന്ന സൗഖ്യവുമാണ്.

**സംഗ്രഹം**

ദൈവം യേശുവിന്റെ ശരീരത്തിൽ നമ്മുടെ പാപത്തെ ചുമത്തി. യേശു പാപത്തെ തന്റെ ശരീരത്തിൽ വഹിച്ചു. ദൈവം യേശുവിനെ പാപത്തിന്റെ സ്ഥാനത്ത് കണ്ടു. പാപത്തിനുള്ള ന്യായവിധി യേശുവിന്റെ ശരീരത്തിൽ നടത്തി. നമ്മെ പാപത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷിച്ചു. യേശുവിന്റെ ശരീരത്തിൽ നമ്മെ സ്വർഗ്ഗവുമായി നിരപ്പിച്ചു. ആയതിനാൽ ക്രിസ്തുവിന്റെ ശരീരം മൂലം നമുക്ക് ദൈവത്തോട് ശരിയായ ബന്ധം ഉണ്ട്. ഇതാണ് കർത്തൃമേശയിൽ അപ്പം നുറുക്കുന്നതിന്റെ അർത്ഥം.

## ● യേശുവിന്റെ രക്തം

ദൈവം അതിപരിശുദ്ധനാകയാൽ പാപത്തെ സഹിക്കുകയില്ലെന്നും നീതിമാനായ ന്യായാധിപതി ആകയാൽ തന്റെ നീതിക്കൊത്തവണ്ണം പാപത്തെ ന്യായം വിധിക്കേണ്ടതുണ്ടെന്നും ഞങ്ങൾ മുമ്പ് പറഞ്ഞുവല്ലോ. പാപം ചെയ്ത മനുഷ്യന് മരണം എന്നതാണ് ദൈവത്തിന്റെ ന്യായവിധി. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മരിക്കുവാനായിട്ടല്ല മറിച്ച് ദൈവജീവൻ പ്രാപിച്ച് നിത്യം അവനോടുകൂടെ ജീവിക്കുവാൻ വേണ്ടിയാണ്. എന്നാൽ പാപം മരണത്തെ കൊണ്ടുവന്നു. മരണത്തിന്റെ അർത്ഥം ഒന്നാമതായി ദൈവവുമായുള്ള ബന്ധത്തിലുള്ള വേർപാടും (ആത്മീയ മരണം) രണ്ടാമതായി ദൈവീക ജീവൻ ഇല്ലാത്ത അവസ്ഥയും; മൂന്നാമതായി ശരീരത്തിന്റെ ദ്രവത്വവും (അനുനിമിഷം മരിച്ചുകൊണ്ടിരിക്കുക) നാലാമതായി ശാരീരികമരണവും; അഞ്ചാമതായി നിത്യമരണവും അഥവാ രണ്ടാം മരണവുമാണ് (ദൈവത്തിൽ നിന്നും നിത്യമായി വേർപെട്ട് ദൈവജീവൻ അനുഭവിക്കാതെ ദൈവസാന്നിദ്ധ്യം ഒട്ടും ഇല്ലാത്ത നിത്യനരകത്തിൽ ജീവിക്കുക).

ഈ പ്രപഞ്ചത്തിൽ ദൈവസാന്നിധ്യം ഒട്ടും തന്നെ ഇല്ലാത്ത ഒരു സ്ഥലമാണ് നരകം. ദൈവത്താൽ അഥവാ ദൈവജീവനാൽ; അവന്റെ തേജസ്സിനാൽ നിറയപ്പെട്ട് നിത്യത മുഴുവൻ ദൈവത്തോടുകൂടെ ജീവിക്കുവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവസാന്നിധ്യം ഒട്ടുമില്ലാത്ത നിത്യനരകത്തിൽ ജീവിക്കുന്നതാണ് പാപം ചെയ്ത മനുഷ്യനുള്ള ഏറ്റവും വലിയ ശിക്ഷ. മാത്രമല്ല പിശാചും അവന്റെ കൂടെയുള്ള അനേകം ദുരാത്മാക്കളും നരകത്തിൽ ഉണ്ടാകും. പിശാച് ഇന്ന് ഭൂമിയിൽ പ്രവർത്തിക്കുന്നു എങ്കിലും അവന്റെ ദുഷ്ടത പൂർണ്ണ അളവിൽ ഇപ്പോൾ വെളിപ്പെടുന്നില്ല. അതിനു കാരണം പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഈ ഭൂമിയിലുണ്ട് എന്നുള്ളതാണ്. എന്നാൽ നരകത്തിൽ ദൈവസാന്നിധ്യം ഒട്ടും തന്നെ ഇല്ലാത്തതിനാൽ പിശാചിന്റെ ദുഷ്ടത അതിന്റെ പൂർണ്ണ അളവിൽ വെളിപ്പെടും. അത് നരകവാസികളുടെ ജീവിതം ദുരിത പൂർണമാക്കുകയും ചെയ്യും.

നിത്യമായ ന്യായവിധിയിൽ നിന്നും മനുഷ്യനെ വീണ്ടെടുക്കുവാനുള്ള ദൈവീക പദ്ധതി, നിത്യസ്നേഹം മൂലം ദൈവം പ്രഖ്യാപിച്ചു. മനുഷ്യജീവന് പകരം പാപമില്ലാത്ത

രക്തം (ജീവൻ) സ്വീകരിച്ച് മനുഷ്യനെ തന്റെ ക്രോധത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും വീണ്ടെടുക്കുക എന്നതായിരുന്നു ആ പ്രഖ്യാപനം.

പുത്രനാം ദൈവം കാൽവരി ക്രൂശിൽ മാനവജാതിയുടെ പാപമോചനത്തിനായി യാഗമായി തീർന്നു. തന്റെ പാപമില്ലാത്ത രക്തം മനുഷ്യജീവന് മറുവിലയായി ദൈവത്തിനു നൽകി. അവൻ സ്വന്തരക്തത്താൽ വിശുദ്ധ മന്ദിരത്തിൽ (കൃപാസനത്തിൽ) പ്രവേശിച്ചു എന്നേക്കുമുള്ള ഒരു വീണ്ടെടുപ്പ് സാധിപ്പിച്ചു (എബ്രായർ 9:11-13).

പുത്രൻ രക്തം (ജീവൻ) നൽകിയത് പാപത്തിനോ സാത്താനോ അല്ല; പിതാവാം ദൈവത്തിനാണ്. പാപവും മരണവും പിശാചും നമ്മെ അകാരണമായി പിടിച്ചടക്കിയ ശത്രുക്കളായിരുന്നു. നാം ദൈവകല്പന ലംഘിച്ച് ദൈവത്തിന്റെ നീതിയുള്ള ക്രോധത്തിലും ന്യായവിധിയിലുമായി തീർന്നു. അതിനാൽ ദൈവക്രോധത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും ന്യായപ്രമാണത്തിൽ നിന്നും നമ്മെ വിലയ്ക്ക് വാങ്ങുവാൻ യേശു തന്റെ സ്വന്ത രക്തം ദൈവത്തിനു അർപ്പിച്ചു.

പഴയ ഉടമ്പടിയിലുള്ള യാഗങ്ങൾ യേശുവിന്റെ യാഗത്തിന് നിഴലായിരുന്നു. പാപം ചെയ്ത മനുഷ്യൻ മരിക്കണം എന്നത് ദൈവത്തിന്റെ മാറ്റമില്ലാത്ത ന്യായവിധിയാണ്. ആയതിനാൽ ന്യായപ്രമാണത്തിൻ കീഴിൽ പാപം ചെയ്തവരുടെ ജീവന് പകരമായി മൃഗങ്ങളുടെ ജീവൻ കൊടുക്കുന്ന ക്രമീകരണം ദൈവം കൽപ്പിച്ചു (എബ്രായർ 9:22). മഹാ പാപപരിഹാരദിനത്തിൽ ഇസ്രായേൽ മക്കളുടെ പാപം പരിഹരിക്കുവാൻ മൃഗത്തെ യാഗം അർപ്പിച്ച് കൃപാസനത്തിന്മേലും കൃപാസനത്തിനു മുൻപിലുമായി ഏഴു പ്രാവശ്യം വീതം രക്തം തളിക്കപ്പെടുന്നു. യേശുവിന്റെ രക്തം മോചന വിലയായി ജനത്തിന്റെ ജീവന് പകരമായി ദൈവത്തിനു നൽകുന്നു എന്നതിന്റെ പ്രതീകാത്മകമായ ശുശ്രൂഷയാണ് ഇത് (ലേവ്യ.അധ്യാ.16 എബ്രായർ 9:7).

മനുഷ്യനും ദൈവത്തിനും മദ്ധ്യേ പാപത്താലുണ്ടായ ശത്രുത്വം യേശുവിന്റെ രക്തത്താൽ നീക്കം ചെയ്തു. മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിൽ സമാധാനം സ്ഥാപിച്ചു. ഇതാണ് യേശുവിന്റെ രക്തത്തിന്റെ മറ്റൊരു പ്രത്യേകത. കൊലൊസ്സ്യർ 1:20 പറയുന്നു :

"*അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട്*

*അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി.*

*ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും*

*അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും*

*പിതാവിനു പ്രസാദം തോന്നി.*"

യെശയ്യാവ് 53:5 പറയുന്നു:

"*എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു*".

നമ്മെ ദൈവവുമായി സമാധാനത്തിൽ ആക്കാനുള്ള ശിക്ഷ യേശുവിന്റെ മേൽ ആയി. പാപം മനുഷ്യനും ദൈവത്തിനുമിടയിൽ ശത്രുത്വം കൊണ്ടു വന്നു. ദൈവവുമായുള്ള സമാധാനബന്ധം നഷ്ടപ്പെട്ടു. നമ്മെ ദൈവവുമായി സമാധാന ബന്ധത്തിൽ ആക്കുന്നതിനുള്ള ശിക്ഷ യേശുവിന്റെ മേൽ ചുമത്തി എന്ന് ഈ വചനം വ്യക്തമാക്കുന്നു.

എഫെസ്യർ 2:13-ൽ മുമ്പേ ദൈവവുമായുള്ള ബന്ധത്തിൽ ദൂരത്തായിരുന്ന (ശത്രുതയിലായിരുന്ന) നമ്മെ ഇപ്പോൾ ക്രിസ്തുവിന്റെ രക്തത്താൽ ദൈവത്തോട് സമീപത്തിലാക്കി തീർത്ത കാര്യം വ്യക്തമാക്കുന്നു. തുടർന്ന് പതിനാലാം വാക്യം തുടങ്ങി പതിനാറുവരെ യഹൂദനും ജാതികളും തമ്മിൽ ഉണ്ടായിരുന്ന ശത്രുത്വം തന്റെ ക്രൂശുമരണത്താൽ നീക്കി സമാധാനം സ്ഥാപിച്ച കാര്യം രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ യേശു നമ്മുടെ സമാധാനമായി തീർന്നു. പതിനേഴാം വാക്യത്തിൽ ദൂരത്തായിരുന്നവർക്കും (ജാതികൾ) സമീപത്തുള്ളവർക്കും (യഹൂദർ) യേശു സമാധാനം സുവിശേഷിച്ചു എന്ന് വ്യക്തമാകുന്നു. തന്മൂലം ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട് (വാക്യം 18).

ഒരുവൻ തന്റെ ഹൃദയത്തിൽ അനുഭവിക്കുന്ന ദൈവീക സമാധാനമല്ല ഇത്, മറിച്ച് ദൈവവുമായുള്ള ബന്ധത്തിൽ ഉണ്ടായ സമാധാനമാണ്. ആയതിനാൽ എഫെസ്യർ 6:15-ൽ ഈ സുവിശേഷത്തെ സമാധാനസുവിശേഷം എന്ന് പറഞ്ഞിരിക്കുന്നു. റോമർ 5:1-ൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട് എന്ന് പറയുന്നതിന്റെ അർത്ഥവും ഇതുതന്നെ.

### സംഗ്രഹം

യേശു തന്റെ രക്തം നമ്മുടെ ജീവന് മറുവിലയായി നൽകി ദൈവക്രോധത്തെ ശമിപ്പിച്ച്, ദൈവനീതിയെ തൃപ്തമാക്കി. നമ്മുടെ പാപങ്ങൾ മോചിച്ച്, ശുദ്ധീകരിച്ച്, ദൈവവുമായ ബന്ധത്തിലുണ്ടായിരുന്ന ശത്രുത്വം നീക്കി നമ്മെ ദൈവവുമായി സമാധാനത്തിലാക്കി. കർത്തൃമേശയിൽ നാം പങ്കിടുന്ന പാനപാത്രത്തിന്റെ അർത്ഥം ഇതാണ്.

## അദ്ധ്യായം 4

# എബ്രായ ലേഖനത്തിൽ നിന്നും യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പഠനം

**എ**ബ്രായ ലേഖനം വേദപുസ്തകത്തിലെ മറ്റു അറുപത്തിയഞ്ച് പുസ്തകങ്ങളുടെ സംഗ്രഹമായി ഞങ്ങൾ മനസ്സിലാക്കുന്നു. അറുപത്തിയഞ്ച് പുസ്തകങ്ങളുടെ സന്ദേശം ഈ പുസ്തകത്തിൽ സംഗ്രഹിച്ചിരിക്കുന്നു. പ്രത്യാശ, വിശ്വാസം എന്നീ രണ്ട് വിശിഷ്ട പദങ്ങൾ ഈ ലേഖനത്തിലെ മുഖ്യ പ്രതിപാദ്യ വിഷയങ്ങളാണ്.

ദൈവം നൽകിയിരിക്കുന്ന വാഗ്ദത്തങ്ങൾക്കായുള്ള നോക്കിപ്പാർക്കൽ അഥവാ പ്രതീക്ഷയാണ് പ്രത്യാശ. വിശ്വാസം എന്നതോ പ്രത്യാശിക്കുന്ന കാര്യങ്ങളുടെ ഉറപ്പും ഇതുവരെ നാം കണ്ടിട്ടില്ലാത്തതും പ്രത്യാശിക്കുന്നതും ആയ കാര്യങ്ങളുടെ നിശ്ചയവുമാണ്.

ദൈവവാഗ്ദത്തങ്ങളിൽ ശ്രേഷ്ഠമേറിയത് 'ഇത്ര വലിയ രക്ഷയാണ്' അഥവാ രക്ഷയുടെ പൂർത്തീകരണമായ തേജസ്ക്കരണമാണ്. അതായത് പാപമോചനം തുടങ്ങി നിത്യ തേജസ്സ് പ്രാപിക്കുന്നത് വരെയുള്ള കാര്യങ്ങളാണത്. (രക്ഷയുടെ പാക്കേജ് എന്ന അധ്യായം 2 നോക്കുക) 'ദൈവരാജ്യമാണ്' മറ്റൊരു വാഗ്ദത്തം. പുതു വാനഭൂമിയിൽ ദൈവം ശിൽപ്പിയായി നിർമ്മിക്കുന്നതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിൽ ദൈവത്തോടുകൂടെ നാം നിത്യം വസിക്കുമെന്നതാണ് ഈ വാഗ്ദത്തം (എബ്രായർ 11:9-16, 12:26-28; വെളിപ്പാട് അധ്യാ.21, 22; യെശയ്യാവു 65:17-19). ചുരുക്കത്തിൽ ദൈവരാജ്യവും ദൈവത്തിന്റെ തേജസ്സും (Kingdom and Glory) ആണ് വലിയ വാഗ്ദത്തങ്ങളിൽ പ്രമുഖമായത്.

പഴയ ഉടമ്പടിക്കും അതിന് കീഴുള്ള മഹാപുരോഹിതന്മാർക്കും യാഗങ്ങൾക്കും ആരാധനക്കാരന്റെ മനഃസ്സാക്ഷിയിൽ പൂർണ്ണസമാധാനം കൊടുക്കുവാൻ കഴിഞ്ഞില്ല. പാപമോചനത്തിന്റെ ഉറപ്പും നീതീകരണവും നൽകുവാനും കഴിഞ്ഞില്ല. മാത്രമല്ല, ഈ വാഗ്ദത്തങ്ങളുടെ പ്രത്യാശയും വിശ്വാസവും ജനത്തിന് കൊടുക്കുവാൻ പര്യാപ്തമായില്ലായെന്ന് പുസ്തകം വിവരിച്ച ശേഷം മൽക്കീസെദെക്കിന്റെ ക്രമപ്രകാരം വന്ന യേശു എന്ന മഹാപുരോഹിതൻ തന്റെ മരണത്തിലൂടെ നിത്യമായ വാഗ്ദത്തങ്ങളുടെ പ്രത്യാശയും ഉറപ്പും നൽകിയതായി വ്യക്തമാക്കുന്നു. അതിനുശേഷം 10-ാം അദ്ധ്യായം 5-ാം വാക്യം തുടങ്ങി ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ യേശു ഭൂമിയിൽ വന്നപ്പോൾ അവനായി ഒരുക്കിയിരുന്ന ശരീരത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു.

നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം എന്താണ്? ദൈവത്തിന്റെ രാജ്യവും തേജസ്സും പ്രാപിക്കുക എന്നതാണ് നമ്മെക്കുറിച്ചുള്ള ദൈവ ഇഷ്ടം. യേശുവിനെക്കു

റിച്ചുള്ള ദൈവഇഷ്ടം എന്താണ്? മനുഷ്യ വർഗ്ഗത്തിന്റെ പാപത്തെ പരിഹരിച്ച് അവരെ നിത്യതയിൽ തിരികെ എത്തിക്കുക എന്നതാണ്. കാളകളുടെയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിന് മനുഷ്യന്റെ പാപത്തെ പരിഹരിക്കാൻ കഴിഞ്ഞില്ല. ദൈവം ഇത്തരത്തിലുള്ള യാഗങ്ങളിൽ പ്രസാദിച്ചതുമില്ല. എന്നാൽ പുത്രനെ ഭൂമിയിലേക്കയച്ചപ്പോൾ തന്റെ ഇഷ്ടം ചെയ്‌വാൻ അവന് ഒരു ശരീരമൊരുക്കി. യേശുവിന്റെ ശരീരത്തിൽ നമ്മുടെ പാപത്തിനു ശിക്ഷ വിധിക്കുകയും ആ ശരീരത്തിൽ നിന്നും ഒഴുകിയ രക്തം നമ്മുടെ ജീവന്റെ മറുവിലയായി സ്വീകരിച്ച് നമ്മെ ജീവിപ്പിക്കുകയും ചെയ്തു.

ഗദസമനതോട്ടത്തിൽ കർത്താവ് പിതാവിനോട് കഴിച്ച പ്രാർത്ഥനയുടെ അർത്ഥം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ലൂക്കൊസ് 22:42-ൽ

*'പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെ*
എന്ന് യേശു പ്രാർത്ഥിക്കുന്നു.

മനുഷ്യവർഗ്ഗത്തിന്റെ പാപം തന്റെ ശരീരത്തിൽ വഹിച്ച്, പാപമാക്കപ്പെട്ട് പിതാവുമായുള്ള ബന്ധത്തിൽ നിന്നും വേർപെടുന്നതാണ് ഇവിടുത്തെ വിഷയം. നിത്യത മുഴുവൻ പരിശുദ്ധനായിരുന്നവൻ നമ്മുടെ പാപം വഹിച്ച് പാപമായിതീരുന്നു ! നിത്യത മുഴുവൻ പിതാവുമായി ഒന്നായിരുന്നവൻ പിതാവിൽ നിന്നും വേർപെട്ട് നരകം അനുഭവിക്കുന്നു ! പരിശുദ്ധനായവന് പാപത്തെ സഹിക്കുവാൻ കഴിയുകയില്ലല്ലോ? എന്നാൽ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ പുത്രൻ തയ്യാറായി.

തുടർന്ന് 10-ാം വാക്യത്തിൽ യേശുക്രിസ്തു കഴിച്ച ശരീരയാഗത്താൽ (ശരീരം, രക്തം) നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. നമ്മുടെ ഭൂത, വർത്തമാന, ഭാവികാല പാപങ്ങളിൽ നിന്ന് എന്നേക്കുമായി നമുക്ക് മോചനം നൽകി, ആ രക്തത്താൽ നമ്മെ കഴുകി ശുദ്ധീകരിച്ചിരിക്കുന്നു. നമ്മെ ദൈവത്തിനായി വേർതിരിച്ചു എന്നർത്ഥം (set apart for God). ഇത് ദൈവമുമ്പാകെയുള്ള നമ്മുടെ സ്ഥാനീയ വിശുദ്ധീകരണം (positional sanctification) ആണ്. ദൈവം നമ്മെ ക്രിസ്തുവിൽ വിശുദ്ധരായി കാണുന്നു എന്നർത്ഥം.

വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാ കാലത്തേക്കും സൽഗുണ പൂർത്തി വരുത്തിയിരിക്കുന്നു എന്ന് 14-ാം വാക്യം വ്യക്തമാക്കുന്നു. ഈ സൽഗുണ പൂർത്തി ക്രിസ്തുവിൽ ദൈവമുൻപാകെ നമുക്കുള്ള പൂർണ്ണതയാണ്. *'എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു'* എന്ന് കൊലൊസ്സ്യർ 2:10-ൽ പറഞ്ഞിരിക്കുന്നത് ഈ അർത്ഥത്തിലാണ്. ക്രിസ്തുവിന്റെ പരിപൂർണ്ണതയിലേക്ക് ദൈവം നമ്മെ വളർത്തുമാറാക്കുന്നു. മാത്രമല്ല ദൈവം നമ്മെ തുടർമാനമായി വിശുദ്ധീകരിക്കുന്നു എന്നും ഈ വാക്യം വ്യക്തമാക്കുന്നു.

നാം ദൈവത്തിന്റെ മുൻപാകെ നിൽക്കുന്നത് നമ്മുടെ യോഗ്യതയാൽ അല്ല ക്രിസ്തുവിന്റെ യോഗ്യതയാലാണെന്ന് ഇത് വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ യോഗ്യതയെ അവൻ

നമുക്ക് കണക്കിടുന്നു. ക്രിസ്തു നീതിമാനാകയാൽ നാമും ദൈവ മുൻപാകെ നീതിമാന്മാരാണ്. ക്രിസ്തു വിശുദ്ധനാകയാൽ നാമും ദൈവമുൻപാകെ വിശുദ്ധരാണ്. ക്രിസ്തു ദൈവത്തിന്റെ മകനാകയാൽ നാമും യേശുവിൽ ദൈവത്തിന്റെ മക്കളാണ്. ക്രിസ്തു ആദ്യജാതനും നാം ക്രിസ്തുവിന്റെ സഹോദരന്മാരുമാണ്.

നമ്മുടെ സ്വന്തം തിരിച്ചറിയൽ (identity) നമ്മിലല്ല ക്രിസ്തുവിലാണ്. അതായത് നാം ആരാണെന്നുള്ളത് അറിയുന്നത് ക്രിസ്തുവിലാണ്. കർത്തൃമേശയിൽ പങ്കെടുക്കുവാനുള്ള യോഗ്യതയും ഇത് തന്നെ. ക്രിസ്തുവിന്റെ യോഗ്യതയാലാണ് നാം കർത്തൃമേശയിൽ പങ്കെടുക്കുന്നത്. എബ്രായ.10:15 - 18 വാക്യങ്ങളിൽ ഈ കാര്യങ്ങളെക്കുറിച്ചുള്ള പരിശുദ്ധാത്മാവിന്റെ സാക്ഷ്യം രേഖപ്പെടുത്തിയിരിക്കുന്നു. പുതിയ ഉടമ്പടി അനുസരിച്ച് ദൈവം നമ്മുടെ പാപങ്ങളെ ഇനിമേൽ ഓർക്കയില്ലെന്നും ഈ വചനങ്ങൾ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ എഴുതുമെന്നുമാണ് ആത്മാവിന്റെ സാക്ഷ്യം. ഇനി പാപങ്ങൾക്ക് വേണ്ടി ഒരു യാഗവും ആവശ്യമില്ലെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. കാരണം യേശുവിന്റെ രക്തത്താലും ശരീരത്താലും പാപമോചനം എന്നേയ്ക്കുമായി ലഭ്യമാക്കിയിരിക്കുന്നു.

**സംഗ്രഹം**

യേശുക്രിസ്തുവിന്റെ യാഗമരണത്താൽ അവന്റെ രക്തത്താലും ശരീരത്താലും ദൈവം നമ്മുടെ സകല പാപങ്ങളെയും എന്നെന്നേക്കുമായി മോചിക്കുകയും, നമ്മെ വിശുദ്ധീകരിച്ച് സൽഗുണപൂർത്തിയുള്ളവരായി അവന്റെ മുൻപിൽ നിർത്തുകയും ചെയ്തിരിക്കുന്നു. നാം ദൈവത്തിന്റെ അടുക്കൽ വരുന്നത് നമ്മുടെ യോഗ്യതയാലല്ല യേശുവിന്റെ യോഗ്യതയാലാണ്. അതാണ് യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അടയാളമായ അപ്പവും പാനപാത്രവും പങ്കിടുന്നതിന്റെ അർത്ഥം.

ശരീരത്തിന്റെയും രക്തത്തിന്റെയും പഠനം തുടരുന്നു...

## അദ്ധ്യായം 5

# യേശുവിന്റെ ശരീരരക്തവും രക്ഷിക്കപ്പെട്ട ശേഷമുള്ള പാപങ്ങളും

യേശുവിന്റെ ശരീരത്താലും രക്തത്താലും നാം ദൈവമുൻപാകെ നീതിമാന്മാരും വിശുദ്ധരും സൽഗുണപൂർണ്ണരും ആയിത്തീർന്നിരിക്കുന്നു. എന്നാൽ പാപത്തിന്റെ സാന്നിധ്യം അധികമുള്ള ഈ ലോകത്തിൽ ജീവിക്കുമ്പോൾ പാപത്തിൽ വീഴുവാനുള്ള സാധ്യത ഉണ്ട്. മാത്രമല്ല നമ്മുടെ ശരീരം പാപത്തിന്റെ മൂലകങ്ങളാൽ നിറഞ്ഞ പാപശരീരവുമാകയാൽ പാപത്തിൽ വീഴുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇനി നാം ചർച്ച ചെയ്യുവാൻ പോകുന്നത് രക്ഷിക്കപ്പെട്ട ഒരുവനിൽ തുടർമാനമായി വരുന്ന പാപങ്ങളെ യേശുവിന്റെ ശരീരവും രക്തവും എങ്ങനെ പരിഹരിക്കുന്നു എന്നുള്ളതാണ്.

വീണ്ടും ജനിച്ച വ്യക്തി ആത്മനിറവുള്ളവനും ആത്മാവിൽ നടക്കുന്നവനുമാണ്. ആത്മാവ് നടത്തുന്നവരാണ് ദൈവത്തിന്റെ മക്കൾ എന്ന് റോമർ 8:14 വ്യക്തമാക്കുന്നു. ഈ വ്യക്തി പാപത്തിൽ വീണാൽ ക്ഷണത്തിൽ അവന്റെ ആത്മനിറവ് നഷ്ടമാകുകയും ഉള്ളിലുള്ള ദൈവ സമാധാനം നഷ്ടപ്പെടുകയും ചെയ്യും. അവന്റെ ഉള്ളിൽ ശൂന്യതയും ഞെരുക്കവും അനുഭവപ്പെടും. പാപം ചെയ്ത വ്യക്തിയിലുള്ള പരിശുദ്ധാത്മാവ് നഷ്ടമാകുമെന്നല്ല ഇതിന്റെ അർത്ഥം. ദൈവാത്മാവു അവന്റെ ആത്മാവിൽ തുടരുമെങ്കിലും അവന്റെ ഹൃദയത്തിലുള്ള ദൈവസാന്നിധ്യം നഷ്ടമാകും. ആത്മനിറവില്ലാതെ ഒരു നിമിഷം പോലും അവനു മുൻപോട്ടു പോകുവാൻ കഴിയുന്നതല്ല. അങ്ങനെ അവൻ ബലഹീനനായി തീരുന്നു. (1കൊരിന്ത്യർ 11:30).

ഇയാൾ ജഡത്തിൽ ഇടപെട്ടെന്നും പാപം ചെയ്തുവെന്നും ദൈവാത്മാവിനെ ദുഃഖിപ്പിച്ചുവെന്നും ഈ അനുഭവങ്ങളാൽ മനസ്സിലാകുന്നു. തത്സമയം തന്നെ അവൻ ദൈവ മുൻപാകെ വന്നു താൻ പാപം ചെയ്തു എന്ന് ഏറ്റുപറയുകയും അനുതപിക്കുകയും ദൈവകരുണ പ്രാപിച്ച്, പാപക്ഷമ സ്വീകരിച്ച്, ആത്മനിറവു അനുഭവിക്കുകയും ചെയ്യണം.

> *'അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക'.*

എന്ന് എബ്രായർ 4:16 വ്യക്തമാക്കുന്നു.

ഈ വാക്യത്തിന്റെ പശ്ചാത്തലം ശ്രദ്ധിക്കുന്നത് പ്രസ്തുത വചനത്തിന്റെ അർത്ഥം ശരിയായ രീതിയിൽ ഗ്രഹിക്കുവാൻ നമ്മെ സഹായിക്കും. ദൈവം ഭാഗം ഭാഗമായും വിവിധവുമായ രീതികളിലൂടെ തന്റെ സന്ദേശം പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ട് അന്ത്യകാലത്ത് പുത്രൻ മുഖാന്തരം ആ സന്ദേശം നമ്മോടു അറിയിച്ചെന്ന് എബ്രായ ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

ഈ സന്ദേശത്തിന്റെ സാരാംശം ദൈവരാജ്യവും ദൈവതേജസ്സുമാണ് (Kingdom and glory). ഈ ദൈവരാജ്യവും നിത്യരക്ഷയും നമുക്ക് നൽകുവാൻ തന്റെ പുത്രൻ ക്രൂശിൽ യാഗമായി തീരുവാൻ ദൈവം അനുവദിച്ചു.

നിത്യരാജ്യവും നിത്യജീവനും പ്രാപിക്കുവാൻ വിളിക്കപ്പെട്ട ഒരുവന് ഈ ഭൂമിയിൽ പരീക്ഷയും പരിശോധനകളും ഉണ്ടെന്ന് ഈ ലേഖനം വ്യക്തമാക്കുന്നു. അങ്ങനെ പരീക്ഷിക്കപ്പെട്ട് കഷ്ടത അനുഭവിക്കുമ്പോൾ നിത്യരക്ഷ പ്രാപിക്കുവാനുള്ള വിശ്വാസ മാർഗ്ഗം വിട്ട് പിന്മാറിപ്പോകുവാൻ ഉള്ള പ്രേരണ ഉണ്ടാകും. നമ്മെപ്പോലെ ഒരു സുവാർത്ത കേട്ട ഇസ്രായേൽ ജനം മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടപ്പോൾ കേട്ട വചനം അവർക്ക് വിശ്വാസമായി പരിണമിക്കാതെ അവിശ്വാസികളായി വാഗ്ദത്തം പ്രാപിക്കാതെ പിന്മാറി പോയി.

എന്നാൽ നാം പരീക്ഷിക്കപ്പെടുമ്പോൾ യിസ്രായേൽ മക്കളെപ്പോലെ പരാജയപ്പെട്ട് പിന്മാറിപ്പോകേണ്ട ആവശ്യമില്ല. നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ട് കഷ്ടം അനുഭവിച്ച് ജയാളിയായി തീർന്ന മഹാപുരോഹിതനായ യേശു നമുക്ക് സഹായകനായുണ്ട്. അവൻ നമ്മുടെ ബലഹീനതകളിൽ സഹതാപം ഉള്ളവനാകയാൽ നമ്മെ സഹായിപ്പാൻ ശക്തനുമാണ്. നാം പരീക്ഷിക്കപ്പെടുമ്പോൾ അവന്റെ നാമത്തെ ഏറ്റുപറയണം (3:1). ഇത്രയും കാര്യങ്ങൾ മുൻ അധ്യായങ്ങളിൽ വിവരിച്ച ശേഷം 4-ാം അധ്യായം 16-ാം വാക്യത്തിൽ '*അതുകൊണ്ട് കരുണ ലഭിക്കുവാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നാം ദൈവത്തിന്റെ കൃപാസനത്തിനു അടുത്ത് ചെല്ലുക*' എന്ന് നമ്മെ ആഹ്വാനം ചെയ്യുന്നു. ഇനി 4 : 16 നമുക്ക് ചിന്തിക്കാം.

## ● കൃപ പ്രാപിക്കുക

ദൈവത്തിന്റെ മനസ്സലിവ്, ദയ, കരുണ എന്നിവയുടെയും, അയോഗ്യനും നിസ്സഹായനുമായ മനുഷ്യനോടുള്ള തന്റെ പരിധിയില്ലാത്ത സ്നേഹത്തിന്റെയും ഫലമായി അവനെ കുറിച്ചുള്ള തന്റെ നിത്യ ഉദ്ദേശ്യം, പ്രത്യേകിച്ച് രക്ഷ പൂർത്തീകരിക്കുവാൻ നിസ്സഹായനായ മനുഷ്യന് വേണ്ടി വെളിപ്പെട്ട ദൈവത്തിന്റെ പ്രവർത്തി, സഹായം, ശക്തി അഥവാ അനുകൂല മനോഭാവമാണ് കൃപ.

എവിടെ ഒരു മനുഷ്യൻ തന്റെ പ്രവൃത്തികൾ അവസാനിപ്പിക്കുന്നുവോ; എവിടെ അവൻ തന്റെ സ്വയത്തിന്റെ നിസ്സഹായത മനസ്സിലാക്കുന്നുവോ; എവിടെ അവൻ പരാജയം സമ്മതിക്കുന്നുവോ; എവിടെ അവൻ ദൈവത്തിന്റെ സഹായത്തിനായി അപേക്ഷിക്കുന്നുവോ; അവിടെ ദൈവം പ്രവർത്തിക്കുന്നു, ദൈവം അവനെ സഹായിക്കുന്നു. ആ സഹായമാണ് ദൈവത്തിന്റെ കൃപ.

പരീക്ഷിക്കപ്പെടുമ്പോഴുള്ള ദൈവസഹായമാണ് ഈ വാക്യത്തിൽ കൃപയുടെ അർത്ഥം. പരീക്ഷയെ ജയിക്കുവാനുള്ള ദൈവശക്തിയാണ് ഈ കൃപ. പാപം, ജഡം, ലോകം ഇവകളാൽ സാത്താൻ പരീക്ഷിക്കുമ്പോൾ; പീഡനങ്ങളാലും കഷ്ടതകളാലും പരീക്ഷിക്കപ്പെട്ട്, വിശ്വാസത്തിന്റെ പരിശോധന ഉണ്ടാകുമ്പോൾ; വിശ്വാസ മാർഗ്ഗത്തിൽ നിന്ന് പിന്മാറാനുള്ള ഏതു പരീക്ഷ വന്നാലും തത്സമയത്തു ധൈര്യത്തോടെ കൃപാസനത്തിൽ വന്നു ജയിക്കുവാനുള്ള കൃപ ചോദിക്കണം. ദൈവം കൃപ തരികയും നാം പരീക്ഷയെ ജയിക്കുകയും ചെയ്യും.

## ● കരുണ പ്രാപിക്കുക

കൃപ ഭാവിയ്ക്കുവേണ്ടി ആയിരിക്കുമ്പോൾ കരുണ ഭൂതകാലത്തിനു വേണ്ടിയുള്ളതാണ്. കൃപ ജയിക്കുവാനുള്ള ദൈവസഹായമായിരിക്കുമ്പോൾ കരുണ മുൻകാല പാപങ്ങളുടെ മോചനത്തിനായിട്ടുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെ ഉന്നത നീതിപീഠം വധശിക്ഷയ്ക്ക് വിധിച്ച ഒരു വ്യക്തിക്ക് രാജ്യത്തിന്റെ പ്രസിഡന്റിന്റെ മുൻപാകെ ദയാഹർജിക്ക് (mercy petition) അവകാശമുണ്ടല്ലോ. തന്റെ കരുണയാൽ അവന്റെ കുറ്റങ്ങൾ ക്ഷമിച്ച് വധശിക്ഷയിൽ നിന്നും വിടുവിക്കുവാൻ പ്രസിഡന്റിനു അധികാരമുണ്ട്. ചെയ്തുപോയ പാപത്തിന്റെ കുറ്റത്തിൽ നിന്ന് വിടുവിക്കുന്നതിന് കൃപ എന്ന പദമല്ല ഉപയോഗിക്കുന്നത്; കരുണ എന്ന പദമാണ്.

നാം പരീക്ഷിക്കപ്പെടുമ്പോൾ തത്സമയത്ത് കൃപാസനത്തിൽ വന്നു കൃപ ചോദിക്കുവാൻ കഴിയാതെ പാപത്തിൽ വീണു എങ്കിൽ കുറ്റബോധം നിറഞ്ഞു ദൈവസന്നിധിയിൽ നിന്നും പുറകോട്ടു പോകേണ്ട ആവശ്യമില്ല. എന്നാൽ തത്സമയത്തു ധൈര്യത്തോടെ കൃപാസനത്തിൽ വന്നു കരുണ ചോദിച്ച് പാപമോചനം പ്രാപിക്കുവാൻ ഇവിടെ ദൈവം നമ്മെ ക്ഷണിക്കുന്നു.

## ● തത്സമയം

എപ്പോൾ പരീക്ഷിക്കപ്പെടുന്നുവോ അപ്പോൾ, അല്ലെങ്കിൽ എപ്പോൾ പാപത്തിൽ വീണുവോ അപ്പോൾ തന്നെ.

## ● കൃപാസനം

പഴയ ഉടമ്പടിയിലുള്ള ആലയത്തിന്റെ അതിപരിശുദ്ധ സ്ഥലത്തുള്ള ദൈവതേജസ്സിന്റെ ഇരിപ്പിടമാണ് കൃപാസനം. ഇതിനു കരുണാസനം (mercy seat) എന്നാണു പഴയ ഉടമ്പടി പുസ്തകങ്ങളിൽ വിളിക്കുന്നത് (പുറപ്പാട് 25:10 - 22). അത്യുന്നതനായ ദൈവത്തിന്റെ ഭൂമിയിൽ ഉള്ള സിംഹാസനമാണ് കൃപാസനം. സാധാരണക്കാരനായ ഒരു മനുഷ്യനും ഇവിടേക്ക് പ്രവേശനമില്ല. പാപിയായ ഒരു മനുഷ്യൻ ഇവിടെ പ്രവേശിച്ചാൽ ക്ഷണത്തിൽ അവൻ മരിച്ചുവീഴും.

വർഷത്തിൽ ഒരിക്കൽ യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ഒരു മഹാപാപപരിഹാര ദിനമുണ്ട് (Great Atonment Day). ഈ ദിനത്തിന് ചില ദിവസങ്ങൾ മുൻപേ മഹാപുരോഹിതൻ സ്വന്ത ഭവനത്തെ വിട്ടു ആലയത്തിൽ താമസിക്കുകയും മോശെയുടെ ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്ന എല്ലാ ശുദ്ധീകരണ പ്രക്രിയയിലൂടെയും കടന്നുപോകുകയും തന്റെ സകല പാപങ്ങളെയും കുറിച്ച് അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്തിരുന്നു.

മഹാപാപപരിഹാരദിനത്തിൽ ആദ്യം തന്റെ പാപങ്ങളുടെ പ്രായശ്ചിത്തമായി ഒരു മൃഗത്തെ യാഗം കഴിച്ച് അതിന്റെ യാഗരക്തവും സുഗന്ധവർഗവുമായി മഹാപുരോഹിതൻ അതിവിശുദ്ധ മന്ദിരത്തിൽ പ്രവേശിക്കുന്നു. താൻ കൃപാസനത്തെ അഭിമുഖീകരിക്കും മുൻപ് തന്റെ കയ്യിലുള്ള ധൂപ വർഗത്താൽ മേഘം പോലെ പുക ഉണ്ടാക്കുന്നു. കാരണം തന്റെ നഗ്നനേത്രങ്ങളാൽ ദൈവതേജസ്സു കാണുവാൻ അവനു അധികാര

മില്ല. അതിന്റെ ശേഷം തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി അർപ്പിച്ച മൃഗത്തിന്റെ രക്തം കൃപാസനത്തിന്റെ മുകളിലും മുൻപിലുമായി ഏഴു തവണ വീതം തളിക്കുന്നു. ജനത്തിന്റെ പാപപരിഹാരത്തിനുള്ള മൃഗത്തെ യാഗം കഴിച്ച് ഇതുപോലെ കൃപാസന ത്തിൽ വീണ്ടും പ്രവേശിച്ച് കൃപാസനത്തിൽ രക്തം തളിക്കുന്നു (ലേവ്യ.16, എബ്രായർ 9:7). (ഇവിടെ മൃഗത്തിന്റെ രക്തം മനുഷ്യന്റെ ജീവന് മറുവിലയായി ദൈവ ത്തിനു അർപ്പിക്കുന്നത് യേശുവിന്റെ രക്തം നമ്മുടെ ജീവന് മറുവിലയായി ദൈവ ത്തിനു അർപ്പിക്കുന്നതിന്റെ നിഴലാണ്).

എന്നാൽ ഓരോ പ്രാവശ്യവും ഭയത്തോടും വിറയലോടുമാണ് മഹാപുരോഹിതൻ കൃപാസനത്തിൽ പ്രവേശിച്ചിരുന്നത്. അനുതപിക്കാത്തതും ക്ഷമിക്കപ്പെടാത്തതുമായ ഒരു പാപം തന്നിലുണ്ടെങ്കിൽ അദ്ദേഹം തൽക്ഷണം കൃപാസനത്തിന്റെ മുൻപാകെ മരിച്ചു വീഴും.

യിസ്രായേൽ ജനവും പുരോഹിതന്മാരും ദൈവസന്നിധിയിൽ അടുത്ത് വരുവാൻ കഴിയാതെ തിരശ്ശീലയാൽ അകറ്റപ്പെട്ടവരായി ആയുഷ്ക്കാലം മുഴുവനും മരണഭീതി യിൽ ജീവിച്ചവരാണ് (ലൂക്കൊസ് 1:71-75). എന്നാൽ യേശുകർത്താവ് തന്റെ ശരീര ത്തിൽ പാപത്തിന്റെ ശിക്ഷ അനുഭവിച്ച് പാപമോചനത്തിനായി രക്തം മറുവിലയായി അർപ്പിച്ച് മനുഷ്യജീവന് പകരം തന്റെ ജീവൻ കൊടുത്തപ്പോൾ യെരുശലേം ദേവാല യത്തിൽ കൃപാസനത്തിനു മുൻപാകെ ഉണ്ടായിരുന്ന തിരശ്ശീല മുകൾ തൊട്ടു അടി വരെ രണ്ടായി ദൈവം കീറിക്കളഞ്ഞു. സകല ജാതികൾക്കും കൃപാസനത്തിലേക്കുള്ള പ്രവേശനത്തിന് വഴി ദൈവം തന്നെ ഒരുക്കി.

പഴയ ഉടമ്പടി പ്രകാരം പാപം ഉള്ള ഒരു വ്യക്തിക്ക് കൃപാസനത്തിൽ പ്രവേശനമില്ല. പ്രവേശിച്ചാൽ അവൻ അവിടെ മരിച്ചു വീഴും. എന്നാൽ പുതിയ ഉടമ്പടി പ്രകാരം പാപം ഉള്ളപ്പോൾ തന്നെ യേശുവിന്റെ ശരീരത്താലും രക്തത്താലും കൃപാസനത്തിൽ പ്രവേ ശിക്കുവാൻ ദൈവം കൃപ നൽകിയിരിക്കുന്നു. നാം ദൈവസന്നിധിയിൽ വരുന്നത് നമ്മുടെ യോഗ്യതയാലല്ല; മറിച്ച് യേശുക്രിസ്തുവിന്റെ യോഗ്യതയാലാണെന്ന് ഈ ഭാഗങ്ങൾ വ്യക്ത മാക്കുന്നു. ഇതാണ് കർത്തൃമേശയിൽ യേശുവിന്റെ ശരീരത്തെയും രക്തത്തെയും ഉയർത്തുന്നതിന്റെ അർത്ഥം. ഇങ്ങനെ ധൈര്യത്തോടെ കൃപാസനത്തിൽ വരുവാൻ നമുക്ക് സഹായകമായി തീർന്ന മൂന്നു ശ്രേഷ്ഠമായ സംഗതികളെ കുറിച്ച് പറഞ്ഞ് ഈ ഭാഗം അവസാനിപ്പിക്കുന്നതാണ്.

### ● മൂന്ന് ശ്രേഷ്ഠമേറിയ മാർഗങ്ങൾ

എബ്രായർ 10:19-22 വരെയുള്ള വാക്യങ്ങളാണ് ഇവിടെ നാം ചിന്തിക്കുന്നത്. പത്തൊമ്പതാം വാക്യം വരെ കഴിഞ്ഞ പേജുകളിൽ നാം ചിന്തിച്ചിരുന്നു. യേശുവിന്റെ ശ്രേഷ്ഠമേറിയ യാഗം നിമിത്തം (ശരീരം, രക്തം) ഇനി പാപങ്ങൾക്ക് യാതൊരു യാഗവും ആവശ്യമില്ല എന്ന് പറഞ്ഞതിന് ശേഷം വാക്യം 19 ഇപ്രകാരം പറയുന്നു :

*'അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ*

*ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു നാം ദുർമ്മനഃസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക്.*

വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ കൃപാസനത്തോട് അടുത്ത് ചെല്ലുവാൻ ഈ വാക്യങ്ങൾ നമ്മെ പ്രബോധിപ്പിക്കുന്നു. വിശുദ്ധ മന്ദിരത്തിലേക്ക് (ഇവിടെ അതിവിശുദ്ധ മന്ദിരമാണ്) പ്രവേശനത്തിന് നമുക്കുള്ള ധൈര്യത്തെ കുറിച്ചും നമ്മുടെ ദുർമ്മനഃസാക്ഷി നീക്കുന്ന കാര്യത്തെ കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

പാപം എല്ലായ്പ്പോഴും മനുഷ്യ മനഃസാക്ഷിയെ മലിനമാക്കുന്നു. തുടർന്ന് അവന്റെ ഉള്ളിൽ കുറ്റബോധം നിറയുകയും സ്വയം കുറ്റാരോപണം നടത്തുകയും ചെയ്യുന്നു. തന്മൂലം അവന്റെ ഹൃദയത്തിലുള്ള ദൈവീക സമാധാനം നഷ്ടപ്പെടുകയും ദൈവത്തെ അഭിമുഖീകരിക്കുവാൻ കഴിയാതെ ഉള്ളിൽ ഭയം നിറയപ്പെടുകയും ചെയ്യും. ഉദാഹരണമായി ആദാം പാപം ചെയ്തപ്പോൾ അവന്റെ അകത്തുണ്ടായിരുന്ന ദൈവസമാധാനം നഷ്ടപ്പെടുകയും ഭയം അവന്റെ ഹൃദയത്തിൽ പ്രവേശിക്കുകയും ദൈവത്തെ അഭിമുഖീകരിക്കുവാൻ കഴിയാതെ വരികയും ചെയ്തു.

പാപത്തിൽ വീഴുമ്പോൾ അവന്റെ ഹൃദയത്തിലുള്ള ആത്മനിറവ് നഷ്ടമാകുകയും ഉള്ളിൽ ശൂന്യത അനുഭവിക്കുകയും ചെയ്യുന്നു. അവന്റെ ആത്മാവിൽ വസിക്കുന്ന പരിശുദ്ധാത്മാവുമായുള്ള കൂട്ടായ്മ അവനു നഷ്ടമാകുന്നു. ഇത് റോമർ 8:13-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മരണമാണ്. ഇത് ആത്മീക മരണമാണ്. തന്മൂലം അവൻ ആത്മീയ യുദ്ധത്തിൽ ബലഹീനനായി തീരുകയും സാത്താന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽക്കുവാനുള്ള ബലം നഷ്ടമാകുകയും ചെയ്യുന്നു. ഇപ്പോൾ ദൈവസന്നിധിയിൽ സാത്താൻ അവനെ കുറ്റം വിധിക്കാൻ തുടങ്ങുന്നു. സ്വയം കുറ്റാരോപണവും കുറ്റബോധം നിറഞ്ഞ മനഃസാക്ഷിയുമുള്ള ഒരുവന് സാത്താന്റെ മുൻപിൽ നിൽക്കുവാനുമുള്ള പ്രാഗത്ഭ്യം ഉണ്ടാവുകയില്ല.

ഇപ്പോഴും ഈ വ്യക്തി പ്രാർത്ഥിക്കുകയും അന്യഭാഷ പറയുകയും കൃപാവരങ്ങളിൽ ശുശ്രൂഷിക്കുകയും ചെയ്യുന്നെങ്കിലും പിതാവാം ദൈവവുമായുള്ള ഗാഢമായ ബന്ധം നഷ്ടപ്പെട്ടവനായി തീരുന്നു. ദൈവമുൻപാകെ വരുവാൻ യോഗ്യതയുള്ളവനല്ലെന്ന് അവൻ ചിന്തിക്കുന്നു. അവന്റെ പ്രാർത്ഥന എല്ലായ്പ്പോഴും തന്റെ പാപങ്ങളെയും ബലഹീനതകളെയും കുറിച്ച് ഉള്ളതായിരിക്കും. പ്രാർത്ഥന യോഗങ്ങളിൽ നിങ്ങളുടെ പ്രാർത്ഥന ഇപ്രകാരമാണെങ്കിൽ ദൈവമുൻപാകെ ഉള്ള നിങ്ങളുടെ ഹൃദയത്തിന്റെ അവസ്ഥ മേൽ വിവരിച്ച പ്രകാരമായിരിക്കും.

പാപത്തിൽ വീണാൽ തത്സമയത്തു പാപത്തെ കൈകാര്യം ചെയ്യുവാനുള്ള വചന പ്രകാശനം ഇല്ലാത്തതാണ് ഇത്തരം മാനസികാവസ്ഥക്കുള്ള കാരണം. മറ്റൊരു പ്രധാന കാരണം ദൈവം ദാനമായി നല്കുന്ന നീതിയുടെ ബോധവും നീതിയുടെ കവചവും മനഃസാക്ഷിയെയും ഹൃദയത്തെയും സംരക്ഷിക്കുവാനായി അവന്റെ ഉള്ളിൽ ഇല്ലാത്തതുമാകുന്നു. ആത്മനിറവിലും ആത്മാവിലും നടക്കുവാനുള്ള അഭ്യസനം ഇല്ലാത്തതും മറ്റൊരു കാരണമാണ്.

എന്നാൽ പ്രസ്തുത വാക്യങ്ങൾ പ്രകാരം ഒരുവന്റെ ജീവിതത്തിൽ പാപം വന്നാൽ ദുർമ്മനഃസാക്ഷിയും കുറ്റബോധവും കൂടാതെ ധൈര്യത്തോടെ ഏതു സമയത്തും കൃപാസനത്തിനു മുൻപാകെ വരുവാൻ അവന് ദൈവം യോഗ്യത നൽകിയിരിക്കുന്നു. അതിനായി നമ്മെ സഹായിക്കുന്ന 3 കാര്യങ്ങളെ കുറിച്ച് ഈ വേദഭാഗം പഠിപ്പിക്കുന്നു.

## 1. യേശുവിന്റെ ശരീരം ജീവനുള്ള പുതുവഴി

പത്തൊൻപതാം വാക്യത്തിൽ യേശു തന്റെ ദേഹം എന്ന തീരശ്ശീലയിൽ കൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി...എന്ന് പറഞ്ഞിരിക്കുന്നു. പഴയ ഉടമ്പടിയിൽ കൃപാസനത്തിനു മുൻപിലുണ്ടായിരുന്ന തിരശ്ശീല യേശുവിന്റെ ശരീരത്തിന്റെ നിഴലായി ഇവിടെ പരിശുദ്ധാത്മാവ് ചിത്രീകരിച്ചിരിക്കുന്നു. പഴയ ഉടമ്പടിയിൽ കൃപാസനത്തിലേക്ക് പ്രവേശനത്തിന് വഴി ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ യേശുവിന്റെ ശരീരം കൃപാസനത്തിലേക്ക് ജീവനുള്ള പുതുവഴിയായി പ്രതിഷ്ഠിച്ചിരിക്കുന്നു.

യേശുവിന്റെ ശരീരത്തിന്റെ പ്രാധാന്യം കഴിഞ്ഞ ഭാഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. എന്റെ ശരീരത്തിന് പകരമാണ് യേശുവിന്റെ ശരീരം. എന്റെ പാപം യേശുവിന്റെ ശരീരത്തിന്മേൽ ചുമത്തി. തന്റെ ശരീരത്തിൽ എന്റെ പാപങ്ങളെ ചുമന്നുകൊണ്ട് അവൻ ക്രൂശിന്മേൽ കയറി. പിതാവ് പുത്രനെ പാപമാക്കി, പാപത്തെ പുത്രന്റെ ശരീരത്തിന്മേൽ ന്യായം വിധിച്ച് അവന്റെ ശരീരത്തെ തകർത്തുകളഞ്ഞ് എന്നെ സ്വർഗ്ഗവുമായി നിരപ്പിച്ചു. ഇനി എനിക്ക് ശിക്ഷ ഇല്ല. രക്ഷ വന്നിരിയ്ക്കുന്നു. ഇത്രയും കാര്യങ്ങൾ നാം ഓർക്കേണ്ടതാണ്.

ഈ തകർക്കപ്പെട്ട ശരീരം കൃപാസനത്തിലേക്കുള്ള പുതുവഴിയാണ്. അതുകൊണ്ടാണ് 'ഞാൻ തന്നെ വഴിയും സത്യവും ജീവനും' എന്ന് യേശു പറഞ്ഞത്. ഈ സുവിശേഷത്തെ 'മാർഗ്ഗ'മെന്നാണ് അപ്പൊസ്തല പ്രവർത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ശരീരം ദൈവകൃപാസനത്തിലേക്കുള്ള പുതുവഴിയാകയാൽ ഒരു പാപിക്ക് ഏതു സമയത്തും ദൈവസന്നിധിയിൽ പ്രവേശിപ്പാൻ അവസരവും ധൈര്യവും ലഭിച്ചിരിക്കുന്നു. ഒരു പാപത്തിൽ ഇന്ന് വീണാലും തൽക്ഷണം ദൈവസന്നിധിയിലേക്ക് ഈ **ശരീരം** മൂലം പ്രവേശിച്ച് പാപക്ഷമ പ്രാപിക്കാം. യേശുവിന്റെ ശരീരത്തിൽ തന്റെ പാപത്തിനുള്ള ശിക്ഷ നടത്തിയിരിക്കുകയാൽ ഇനി അവന് ശിക്ഷയില്ല. കർത്തൃമേശയിൽ അപ്പം നുറുക്കലിന്റെ അർത്ഥം ഇതത്രേ. യേശുവിനെ ഓർക്കുക. അവന്റെ മരണത്തെ പ്രസ്താവിക്കുക എന്നിവയുടെ അർത്ഥവും ഇത് തന്നെ.

## 2. കൃപാസനത്തിന്മേലുള്ള യേശുവിന്റെ രക്തം

എബ്രായർ 10:20-ൽ

*'തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള (അതിവിശുദ്ധ മന്ദിരം) പ്രവേശനത്തിന് ധൈര്യവും..'*

എന്ന് പറഞ്ഞിരിക്കുന്നു. കൃപാസനത്തിലേക്കുള്ള പ്രവേശനത്തിന് നമ്മെ സഹായിക്കുന്ന രണ്ടാമത്തെ സംഗതി യേശുവിന്റെ രക്തമാണ്. യേശുവിന്റെ രക്തം എന്റെ ജീവന് മറുവിലയായി ദൈവത്തിനു സമർപ്പിക്കുകയും ദൈവകോപത്തിൽ നിന്നും,

നിത്യമായ മരണത്തിൽ നിന്നും എന്നെ വീണ്ടെടുക്കുകയും ചെയ്തിരിക്കുന്നു. എബ്രായർ 9:12-ൽ

*'ആട്ടുകൊറ്റൻമാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു.'*

എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യേശു തന്റെ സ്വന്ത രക്തത്താൽ സ്വർഗ്ഗീയ കൃപാസനത്തിൽ പ്രവേശിച്ച് നമ്മെ നിത്യമായി വീണ്ടെടുത്തിരിക്കുന്നു. യേശുവിന്റെ രക്തം ദൈവനീതിയെ തൃപ്തിപ്പെടുത്തി. പാപത്താൽ ഉണ്ടായ ശത്രുത്വം നീക്കി നമ്മെ ദൈവവുമായി സമാധാനബന്ധത്തിലാക്കി. രക്തം നമ്മെ കഴുകി വിശുദ്ധീകരിക്കുകയും സൽഗുണ പൂർണ്ണരാക്കുകയും ചെയ്തിരിക്കുന്നു.

*'നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തിന്റെ മുമ്പിൽ വന്നു ആരാധിപ്പാൻ നമ്മുടെ മനഃസാക്ഷിയെ നിർജ്ജീവ പ്രവർത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും'*. (എബ്രായർ 9:14).

യേശുവിന്റെ രക്തം നമ്മുടെ പാപമോചനത്തിനായി ദൈവത്തിന് നൽകി എന്ന് ഈ വചനം വ്യക്തമാക്കുന്നു.

എബ്രായർ 12:24-ൽ പാപമോചനത്തിനായി കൃപാസനത്തിനു മുൻപാകെ വരുമ്പോൾ യേശുവിന്റെ രക്തം ദൈവമുൻപാകെ നമ്മുടെ പാപമോചനത്തിനായി സംസാരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. ഈ ലോകത്തിൽ ചൊരിയപ്പെട്ട സകല മനുഷ്യരക്തവും തങ്ങളുടെ പ്രാണന്റെ പ്രതികാരത്തിനായി ദൈവത്തോട് നിലവിളിക്കുന്നു. എന്നാൽ ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി (പാപമോചനത്തിനായി) സംസാരിക്കുന്ന പുണ്യാഹ രക്തത്തിന്റെ അടുക്കൽ അത്രേ നാം വന്നിരിക്കുന്നത്.

യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം 1:7-10 വരെയുള്ള ഭാഗങ്ങളിൽ അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടുകഴിഞ്ഞ സഭയ്ക്കുള്ള സന്ദേശമാണിത്. രക്ഷിക്കപ്പെട്ട ശേഷം നമ്മുടെ ജീവിതത്തിൽ വരുന്ന പാപങ്ങളെക്കുറിച്ചാണ് ഈ വചനം പറയുന്നത്. എട്ടാം വാക്യം അത് തെളിയിക്കുന്നു.

*'നമുക്ക് പാപം ഇല്ല എന്ന് പറയുന്നെങ്കിൽ നാം നമ്മെ തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി'.*

***വീണ്ടും ജനനത്തിനു ശേഷം വരുന്ന പാപങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു അടുത്ത വാക്യം വ്യക്തമാക്കുന്നു.*** പാപങ്ങളെ കുറിച്ച് അനുതപിക്കുക, ഏറ്റുപറയുക, അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

പാപങ്ങൾ ഏറ്റുപറഞ്ഞതിന് ശേഷം ഒരുവന്റെ ഹൃദയത്തിൽ കുറ്റബോധവും സ്വയം കുറ്റാരോപണവും തുടരുന്നെങ്കിൽ അതിനു മറ്റു പല ആത്മീയ കാരണങ്ങൾ ഉണ്ട്.

ഇപ്പോൾ അത് വിവരിക്കുക സാധ്യമല്ല. പാപം ഏറ്റുപറഞ്ഞതിന് ശേഷവും കഴിഞ്ഞുപോയ പാപങ്ങളുടെ കുറ്റബോധത്തിൽ തുടരുന്നവൻ യേശുവിന്റെ രക്തത്തിന്റെ ശക്തിയെ ത്യജിക്കുന്നവനായി തീരുന്നു. പാപത്തിൽ വീണവന് കുറ്റബോധമല്ല മറിച്ച് യേശുവിന്റെ രക്തമാണ് ആവശ്യം. കുറ്റബോധവും പാപബോധവും തമ്മിൽ വ്യത്യാസമുണ്ട്. വീണ്ടും ജനിച്ച ദൈവപൈതൽ എപ്പോൾ പാപത്തിൽ വീണാലും അവന്റെ ഉള്ളിൽ ആത്മ നിറവ് നഷ്ടമാവുകയും ഉള്ളിലുള്ള ദൈവീക സമാധാനത്തിനു ഭംഗം വരുകയും ചെയ്യുന്നതിലൂടെ പരിശുദ്ധാത്മാവ് അവനു പാപബോധം കൊടുക്കകയും അനുതാപത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

ഈ രീതിയിൽ പാപബോധം ലഭിക്കാത്തവർക്ക് വചനം കേൾക്കുമ്പോഴോ പ്രവാചക ശുശ്രൂഷയിലൂടെയോ പരിശുദ്ധാത്മാവ് പാപബോധം വരുത്തുന്നു. അല്ലെങ്കിൽ വ്യക്തിപരമായ പ്രാർത്ഥനയിൽ ജീവിതത്തെ പരിശോധിക്കുമ്പോൾ പരിശുദ്ധാത്മാവ് പാപബോധം വരുത്തുന്നു.

ദൈവവചന പ്രകാരം ജ്ഞാനം ലഭിച്ച് അഭ്യസിക്കപ്പെട്ടിട്ടില്ലാത്ത മനഃസാക്ഷിയാണ് കുറ്റബോധത്തിന്റെ ഉറവിടം. ദൈവനീതിയുടെ ബോധമില്ലാത്തതും നീതിയുടെ കവചത്താൽ സംരക്ഷിക്കപ്പെടാത്തതുമായ ഒരു മനഃസാക്ഷിയിൽ നിന്നാണ് കുറ്റബോധം ഉണ്ടാകുന്നത്.

പാപം ഏറ്റുപറഞ്ഞതിന് ശേഷമുള്ള എല്ലാ കുറ്റബോധത്തെയും യേശുവിന്റെ രക്തത്താൽ നാം കൈകാര്യം ചെയ്യണം. കാരണമുള്ള കുറ്റബോധത്തെയും കാരണം കൂടാതെയുള്ള കുറ്റബോധത്തെയും നാം മനഃപ്പൂർവ്വം തിരസ്ക്കരിക്കണം. രണ്ടായിരം കൊല്ലങ്ങൾക്ക് മുമ്പ് യേശുവിന്റെ രക്തം ദൈവക്രോധത്തിൽ നിന്നും നമ്മെ വീണ്ടെടുത്ത് നമുക്ക് നിത്യ വീണ്ടെടുപ്പ് ലഭ്യമാക്കി. ഇന്ന് നാം പാപത്തിൽ വീണാലും അവന്റെ രക്തം നമ്മുടെ പാപങ്ങളുടെ മോചനത്തിനായി സംസാരിക്കുന്നു. കർത്തൃമേശയിൽ പാനപാത്രത്തിന്റെ അർത്ഥം ഇതാണ്. അവന്റെ ഓർമ്മയ്ക്കായി ചെയ്യുക, അവന്റെ മരണം പ്രസ്താവിക്കുക എന്നിവയുടെ അർത്ഥവും ഇതുതന്നെ.

## 3. യേശു എന്ന മഹാപുരോഹിതൻ

കൃപാസനത്തിൽ ധൈര്യത്തോടെ പ്രവേശിക്കുവാൻ നമ്മെ സഹായിക്കുന്ന മൂന്നാമത്തെ സവിശേഷമായ വിഷയം യേശു എന്ന മഹാപുരോഹിതനാണ്. ഇരുപത്തി ഒന്നാം വാക്യം ഇങ്ങനെ പറയുന്നു. 'ദേവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്ത് ചെല്ലുക'. യേശു എന്റെ പാപങ്ങൾക്ക് തന്റെ ശരീരത്താലും രക്തത്താലും പരിഹാരം വരുത്തിയതിനു ശേഷം എനിക്ക് പകരം മുമ്പുകൂട്ടി കൃപാസനത്തിൽ പ്രവേശിച്ചിരിക്കുന്നു. നിത്യ തേജസ്സിന്റെ ഈ പ്രത്യാശ എന്റെ ആത്മാവിന്റെ ഒരു നങ്കൂരം ആണ്. അത് നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്ത് കൃപാസനവുമായി ബന്ധപ്പെട്ടു

കിടക്കുന്നതുമാണ്. ഈ പ്രത്യാശ ഉറപ്പിച്ചുകൊണ്ട് യേശു മൽക്കിസെദെക്കിന്റെ ക്രമപ്ര കാരം എന്നേക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്ക് വേണ്ടി കൃപാസനത്തിൽ പ്രവേശിച്ചിരിക്കുന്നു. (എബ്രായർ 6:19,20).

*'ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടത്; പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ '.* (എബ്രായർ 7.26).

യേശുവിന്റെ നാമം പിതാവാം ദൈവത്തിലേക്കുള്ള ഏക വഴിയാണ്. ഈ മാർഗ്ഗ ത്തിലൂടെ ദൈവത്തോട് അടുത്ത് വരുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്വാൻ മഹാ പുരോഹിതനായ യേശു ദൈവസന്നിധിയിൽ എന്നേക്കും ജീവിക്കുന്നു. ആകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ ശക്തനാണ്. രക്ഷയുടെ അന്തമായ തേജസ്കരണം ആണ് ഈ പൂർണ്ണ രക്ഷ.

റോമർ 8:33 പറയുന്നു.

*'നീതീകരിക്കുന്നവൻ ദൈവം ശിക്ഷവിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു'.*

റോമാ ലേഖനം ഒന്നാം അധ്യായം മുതൽ എട്ടാം അധ്യായം മുപ്പതാം വാക്യം വരെ യേശുവിന്റെ ശരീരത്തിലൂടെയും രക്തത്തിലൂടെയും ഉള്ള നിത്യ രക്ഷയുടെ ഉപദേശം വ്യക്തമാക്കുന്നു. പാപമോചനവും രക്ഷയും നീതീകരണവും പാപത്തെ ജയിക്കുന്ന മാർഗവും സകല വചനങ്ങളും അനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്ന കാര്യവും ആത്മാവിൽ നടക്കുന്നതും വിശുദ്ധീകരണവും തേജസ്ക്കരണവും പറഞ്ഞതിന് ശേഷം മുപ്പത്തി ഒന്നാം വാക്യം ഇങ്ങനെ പറയുന്നു. ദൈവം നമ്മുടെ തേജസ്ക്കരണത്തിനു അനുകൂലമാണ്. സ്വന്തം പുത്രനെ ആദരിക്കാതെ പാപത്തിന്റെ ന്യായവിധി പുത്രനിൽ നടത്തി തന്റെ നീതി വെളിപ്പെടുത്തി. പാപമോചനം മുതൽ നിത്യ തേജസ്സു വരെയുള്ള കാര്യങ്ങൾ നമുക്ക് നൽകാതിരിക്കുമോ? ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു പിതാ വിന്റെ വലതു ഭാഗത്ത് ഇരുന്ന് നമുക്കായി പക്ഷവാദം ചെയ്യുന്നതിനാൽ ദൈവം തെര ഞ്ഞെടുത്തവരെ കുറ്റം ചുമത്തുവാൻ ഇനി ആർക്കും കഴിയുകയില്ല. ദൈവം നീതീക രിച്ച നമ്മെ ന്യായം വിധിയ്ക്കുവാനും ആർക്കും കഴിയുന്നതല്ല.

മറ്റൊരു വേദഭാഗം കൂടി നമുക്ക് ശ്രദ്ധിക്കാം. 1യോഹന്നാൻ 2:1

*'എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്''*

ഇവിടെ ഉപദേശം വ്യക്തമാണ്. ഇനി മേൽ പാപം ചെയ്യരുത്. മേൽ വിവരിച്ച വചന ങ്ങൾ ഒന്നും പാപം ചെയ്യാനുള്ള ലൈസൻസ് അല്ല. നമ്മുടെ പാപമോചനത്തിനും

രക്ഷക്കും നീതീകരണത്തിനും വേണ്ടി മാത്രമല്ല യേശുക്രിസ്തു മരിച്ചത്. എന്നാൽ പാപം ചെയ്യാതെ നമ്മെ പാപത്തിന്റെ മേൽ ജയാളികളാക്കി തീർക്കുവാനും കൂടിയാണ്. റോമർ 6 മുതൽ 8 വരെയുള്ള അധ്യായങ്ങളും മറ്റു അനേകം വേദഭാഗങ്ങളും പാപത്തിന്റെ മേലുള്ള ജയത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു. സുവിശേഷം പാപമോചനം മാത്രമല്ല, പാപത്തിന്റെ ശക്തിയിൽ നിന്നുള്ള വിടുതലും കൂടിയാണ്.

എന്നാൽ ഒരുത്തൻ പാപം ചെയ്തു എങ്കിലോ കുറ്റബോധം നിറഞ്ഞു ദൈവസന്നിധി വിട്ട് പോകേണ്ട ആവശ്യമില്ല. യേശു കർത്താവ് പാപത്തിന്റെ ശിക്ഷ അനുഭവിച്ച് തന്റെ രക്തം മറുവിലയായി കൊടുത്തതുകൊണ്ട് അവന്റെ ശരീരമെന്ന പുതുവഴിയിലൂടെ രക്തത്തിൽ ആശ്രയിച്ച് ധൈര്യത്തോടെ കൃപാസനത്തിനു അടുത്ത് വരിക. യേശു ഒരു വക്കീൽ ആയി നമുക്ക് വേണ്ടി ദൈവസന്നിധിയിൽ പക്ഷവാദം ചെയ്യുന്നു. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. 'തന്റെ രക്തത്താലും ശരീരത്താലും പാപങ്ങൾക്ക് പരിഹാരം വരുത്തി, പാപത്താൽ ഉണ്ടായ ദൈവകോപത്തെ ശമിപ്പിച്ച് ദൈവവുമായി നമ്മെ നിരപ്പിച്ച് ദൈവകരുണ കൊണ്ടുവന്നു എന്നതാണ് പ്രായശ്ചിത്തം എന്ന വാക്കിന്റെ അർത്ഥം'. യേശു നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകയാൽ ഏതു സമയത്തും ധൈര്യത്തോടെ കൃപാസനത്തിൽ പ്രവേശിക്കാം.

**സംഗ്രഹം**

യേശു ക്രൂശിൽ പൂർത്തീകരിച്ചതും ഇപ്പോൾ സ്വർഗ്ഗത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതുമായ ശുശ്രൂഷകളെ ഓർക്കുന്നതാണ് കർത്തൃമേശ. യേശുവിനെ ഓർക്കുക, യേശുവിനെ ഏറ്റുപറയുക, വിശ്വാസം ഏറ്റുപറയുക, പ്രത്യാശ ഏറ്റുപറയുക, മരണത്തെ പ്രസ്താവിക്കുക, ഈ പദങ്ങൾ എല്ലാം തത്വത്തിൽ ഒരേ അർത്ഥമാണ് വെളിപ്പെടുത്തുന്നത്. നമ്മുടെ പാപമോചനവും രക്ഷയും ദൈവ കൃപാസനത്തിലേക്കുള്ള പ്രവേശനവും യേശുവിന്റെ ശരീരത്താലും രക്തത്താലും ഉറപ്പിക്കപ്പെട്ടിരിക്കുന്നു. അതിനെ അധികം ഉറപ്പു വരുത്തുവാനായി യേശു മഹാപുരോഹിതനായി പിതാവിന്റെ വലതു ഭാഗത്ത് നമുക്ക് വേണ്ടി ഉണ്ട്.

## അദ്ധ്യായം 6

# ഇതിൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല

ഈ അധ്യായത്തിൽ നാം ചിന്തിക്കുന്നത് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം പതിനൊന്നാം അധ്യായത്തിൽ അപ്പൊസ്തലനായ പൗലൊസ് കർത്താവിൽ നിന്ന് പ്രാപിച്ചെഴുതിയ കർത്തൃമേശയുടെ പഠിപ്പിക്കലുകളാണ്, പ്രത്യേകിച്ച് കർത്തൃമേശയിലെ അയോഗ്യമായ രീതികൾ. പതിനേഴാം വാക്യം മുതൽ മുപ്പത്തിനാലാം വാക്യം വരെയാണ് പഠന വിഷയം. ഈ വേദ ഭാഗത്തെ പഠന സൗകര്യത്തിനായി 4 ആയി തിരിക്കുന്നു.

1. വാക്യങ്ങൾ 17-22; കൊരിന്ത്യ സഭയിൽ കർത്തൃമേശയിൽ ഉണ്ടായ അയോഗ്യമായ രീതികൾ.
2. വാക്യങ്ങൾ 23-26; പൗലൊസ് അപ്പൊസ്തലൻ കർത്താവിൽ നിന്നും പ്രാപിച്ച കർത്തൃമേശയുടെ വെളിപ്പാട്.
3. വാക്യങ്ങൾ 27-32; അയോഗ്യമായ രീതിയിൽ കർത്തൃമേശ ഭക്ഷിച്ചാലുള്ള ന്യായവിധിയും വിടുതലിന്റെ മാർഗ്ഗവും.
4. വാക്യങ്ങൾ 33,34; അയോഗ്യമായ രീതി പരിഹരിക്കാനുള്ള നിർദേശവും ഉപസംഹാരവും.

ഈ വിഷയങ്ങളെ നമുക്ക് ക്രമമായി ചിന്തിക്കാം.

### ● കൊരിന്ത്യ സഭയിൽ കർത്തൃമേശയിൽ ഉണ്ടായ അയോഗ്യമായ രീതി (വാ. 17-22).

അപ്പൊസ്തലൻ ചില കാര്യങ്ങൾ ഇവിടെ സഭയോട് കൽപ്പിക്കുന്നു. കല്പ്പിക്കുവാൻ പോകുന്ന കാര്യങ്ങളിൽ താൻ അവരെ പുകഴ്ത്തുന്നില്ലായെന്നു 17-ാം വാക്യത്തിൽ പറയുന്നു. 22-ാം വാക്യത്തിലും താൻ അവരെ പുകഴ്ത്തുന്നില്ല എന്ന് വ്യക്തമാക്കുന്നു. എന്നാൽ പതിനൊന്നാം അധ്യായത്തിൽ രണ്ടാം വാക്യത്തിൽ താൻ സഭയെ ഏൽപ്പിച്ച ചില കല്പനകൾ പ്രമാണിച്ചതിനാൽ അവരെ അദ്ദേഹം പുകഴ്ത്തുന്നുമുണ്ട്.

അപ്പൊസ്തലൻ കല്പ്പിക്കാത്ത ചില രീതികളും വചന വിരുദ്ധമായ ചില പ്രവർത്തികളും അവരിൽ കണ്ടതാണ് പ്രശംസിക്കാതെ അവരെ ശാസിക്കുവാൻ കാരണം. പതിനേഴാം വാക്യത്തിൽ അവർ കൂടിവരുന്നത് നന്മക്കല്ല തിന്മക്കത്രേ ഇടയാക്കുന്നത് എന്ന് പറയുന്നു. കൂടി വരിക (come together) എന്ന പദം ഈ അധ്യായത്തിൽ 5 പ്രാവശ്യവും ഈ ലേഖനത്തിൽ 7 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്. ഭാര്യാഭർത്തൃ ബന്ധത്തിനായി ഒരുമിച്ച് ചേർന്നുവരുന്ന ഗാഢമായ ബന്ധത്തെ കാണിക്കുന്ന പ്രയോഗം ആണിത്. സഭയുടെ കൂട്ടായ്മ ബന്ധത്തെയും സ്നേഹത്തെയും ഐക്യത്തെയും വെളിപ്പെടുത്തുന്ന ശക്തമായ ഒരു പ്രയോഗമാണിത്.

ആദ്യകാല സഭ കൂടി വന്നിരുന്നത് അപ്പം നുറുക്കി കൂട്ടായ്മ ആചരിക്കുവാൻ വേണ്ടി യായിരുന്നു. അങ്ങനെ അപ്പം നുറുക്കുവാനായി കൂടി വന്നപ്പോൾ പ്രബോധനവും പഠിപ്പിക്കലും സങ്കീർത്തനവും സ്തോത്രവും സ്തുതിയും പാട്ടും ആരാധനയും ഉണ്ടാ യിരുന്നു എന്ന് അപ്പൊസ്തല പ്രവൃത്തികൾ 20:7-ൽ വ്യക്തമാക്കുന്നു.

*'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരാവരെയും പ്രസംഗം നീട്ടി'.*

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ അവർ കൂടിവന്നത് അപ്പം നുറുക്കുവാൻ ആയിരുന്നു. (ഈ വിഷയം മറ്റൊരു ഭാഗത്ത് ചർച്ച ചെയ്യുന്നതായിരിക്കും.)

17,18,20,23,24 എന്നീ വാക്യങ്ങൾ 'കൂടിവരുന്നതിനെ' കുറിച്ച് വ്യക്തമാക്കുന്നു. ഇത് സഭ കൂടിവരുന്നതാണെന്ന് പതിനെട്ടാം വാക്യം പറയുന്നു. സഭ മനോഹരമായ കെട്ടി ടമോ സംഘടനയോ അല്ല. വീണ്ടും ജനിച്ചവരാണ് ദൈവസഭ. കർത്തൃമേശയിലുണ്ടായ ചില തെറ്റായ രീതികൾ നിമിത്തം അവരുടെ കൂടി വരവുകൾ തിന്മക്കിടയായി. അങ്ങ നെയെങ്കിൽ ഉചിതമായ സഭാ കൂടിവരവുകൾ നന്മയായി തീരുമെന്നുള്ള അർത്ഥം അന്തർലീനമാണല്ലോ. 27 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷാ വിധിയാണ് ഇവിടെ തിന്മ എന്നതിന്റെ അർത്ഥം.

പതിനെട്ടാം വാക്യത്തിൽ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോഴുണ്ടായ സഭയിലെ പ്രശ്നം അക്കമിട്ടു പറയുന്നു. 'ഒന്നാമത് നിങ്ങൾ സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്നു ഞാൻ കേൾക്കുന്നു'. കൊരിന്ത്യ സഭയിലെ ഭിന്നതയാണ് അവരുടെ കർത്തൃ മേശയിലെ ഒരു അയോഗ്യത.

ഇന്നത്തെ ആത്മീയ ലോകത്തിലെ ഭിന്നതകളും കലക്കങ്ങളും കാണുന്ന മാന്യ വായ നക്കാർക്ക് ഈ മാരകമായ ആത്മീയ പാപത്തിന്റെ ഭയാനകത ഗ്രഹിക്കുവാൻ സാധി ക്കുമോ എന്ന് ഞങ്ങൾക്ക് ശങ്കയുണ്ട്. എന്നാൽ പരിശുദ്ധാത്മാവിൽ ആശ്രയിച്ച് ഈ വിഷയത്തിൽ ഒരു ലഘുപഠനത്തിനു മുതിരുകയാണ്.

## ● ഭിന്നത മാരകമായ ഒരു ആത്മീയ പാപം.

കൊരിന്ത്യ ലേഖനത്തിന്റെ ആരംഭം മുതൽ തന്നെ സഭയിലുണ്ടായ ഭിന്നതയ്ക്കെതിരെ ശക്തമായ ഭാഷയിൽ അപ്പൊസ്തലൻ തന്റെ തൂലിക ചലിപ്പിക്കുന്നുണ്ട്. ലേഖനത്തിന്റെ മുഖവുരയും ആശംസാ വചനങ്ങളും എഴുതിയതിനു ശേഷം ആദ്യ അദ്ധ്യായം പത്താം വാക്യം മുതൽ സഭയിലുണ്ടായിരുന്ന കലക്കങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു. ഇത് നാലാം അദ്ധ്യായം വരെ തുടരുകയും ചെയ്യുന്നു. ഒരു ലേഖനം എഴുതുമ്പോൾ ലേഖകന്റെ മനസ്സിനെ മഥിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യം ആദ്യം എഴുതുക സ്വാഭാവികമാണല്ലോ. കൊരിന്ത്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന മറ്റു സകല ഉപദേശങ്ങളെക്കാളും ഈ വിഷ യത്തിന് പ്രാധാന്യം ഉണ്ടെന്നു നാം അറിഞ്ഞിരിക്കണം. ഒന്നാം അദ്ധ്യായം പത്താം വാക്യ ത്തിൽ അപ്പൊസ്തലന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'സഹോദരന്മാരെ നിങ്ങൾ ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കണം'. എത്ര ശ്രേഷ്ഠമായ വാക്കുകളാണിത്.

വാക്യം 12-ൽ പൗലൊസ്, അപ്പല്ലൊസ്, കേഫാവ്, ക്രിസ്തു തുടങ്ങയവരുടെ പേരുകളിൽ ഗ്രൂപ്പുകളായി, സഭ ഭിന്നിച്ചു. 13-ാം വാക്യത്തിൽ ഈ വിഭാഗീയതയെ പൗലൊസ് ശക്തമായ ഭാഷയിൽ ശാസിക്കുന്നു. *'ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ?'* സഭയിൽ വിഭാഗീയത എന്നാൽ ക്രിസ്തുവിനെ വിഭജിക്കുക എന്നാണർത്ഥം. ഹോ എത്ര ഭയങ്കരം! കൊരിന്ത്യ സഭയുടെ അവസ്ഥ എത്ര പരിതാപകരം!

യേശുകർത്താവിന്റെ മഹാപൗരോഹിത്യ പ്രാർത്ഥന യോഹന്നാൻ രേഖപ്പെടുത്തിയത് ഇവിടെ ചിന്തനീയമാണ്. യോഹന്നാൻ 17:11,21,23 വാക്യങ്ങൾ ശ്രദ്ധിക്കുക.

*'ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല. ഇവരോ ലോകത്തിൽ ഇരിക്കുന്നു. ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ'.*

യേശുവും പിതാവും ഒന്നായിരിക്കുന്നതുപോലെ ശിഷ്യന്മാരും ഒന്നാകേണ്ടതിനു ദൈവം തനിക്കു കൊടുത്ത നാമത്തിൽ അവരെ കാത്തുകൊള്ളണമെന്നാണ് യേശുവിന്റെ പ്രാർത്ഥന. പിതാവും പുത്രനും ഒന്നായിരിക്കുന്നു എന്നു പറയുന്നത് മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുവാൻ പ്രയാസമുള്ള വിഷയമാണ്. എന്നാൽ ഇത് സമ്പൂർണ്ണ ഐക്യത്തിന്റെ പ്രതീകമാണെന്നു നമുക്ക് മനസ്സിലാക്കാം. ദൈവ സംരക്ഷണം ഇല്ലാത്ത ഏതു വ്യക്തിയും കൂട്ടത്തിൽ ഭിന്നത ഉണ്ടാക്കുക തന്നെ ചെയ്യും. അവൻ ദൈവകൃപയിൽ നിന്നും വീണു എന്നാണ് എബ്രാ.12:14,15-ൽ പറഞ്ഞിരിക്കുന്നത്.

യോഹ. 17:21-ൽ പറയുന്നു.

*'നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ'*

പിതാവ് യേശുവിനെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നത് ശിഷ്യന്മാർ തമ്മിലുള്ള ഐക്യത്തിലൂടെയാണ്. പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആകുന്നതുപോലെ നാം പിതാവിലും പുത്രനിലും ആകണമെന്ന് യേശു പ്രാർത്ഥിക്കുന്നു. (സൃഷ്ടിയുടെ ഉദ്ധേശ്യം എന്ന അദ്ധ്യായം കാണുക). ഇത് സംഭവിക്കാൻ നാം ഐക്യതയിൽ തികഞ്ഞവരാകണം.

23-ാം വാക്യത്തിൽ

*'നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനും തന്നെ'*

എന്ന് പറയുന്നു. വാക്യം 22-ൽ പിതാവ് പുത്രന് കൊടുത്തിട്ടുള്ള മഹത്വം പുത്രൻ തന്റെ ശിഷ്യന്മാർക്ക് കൊടുത്തിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. അതിന്റെ ഫലമാണ് വാക്യം 23-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. പിതാവ് പുത്രനെ അയച്ചിരിക്കുന്നു എന്നും

പുത്രനെ സ്നേഹിക്കുന്നതുപോലെ പിതാവ് ശിഷ്യന്മാരെയും സ്നേഹിക്കുന്നു എന്ന് ലോകം അറിയണം. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായി തീരണം. നാം ക്രിസ്തുവിലും പിതാവ് പുത്രനിലുമായി നാം ഐക്യത്തിൽ തികഞ്ഞവർ ആകേണ്ടതും ആണ്.

യേശുവിന്റെ മഹത്വം പ്രാപിച്ച ആദിമ നൂറ്റാണ്ടിലെ സഭ ഈ തികഞ്ഞ ഐക്യതയിലായിരുന്നു. അവർ ദിനംപ്രതി ഒരുമനപ്പെട്ടു കൂടി വന്നു എന്ന് വചനം പറയുന്നു. അവരുടെ ഐക്യതയും സ്നേഹവും സഹിഷ്ണുതയും ലോക സാമ്രാജ്യങ്ങളെ പ്പോലും കീഴ്മേൽ മറിച്ചു. സഭയുടെ സ്നേഹത്തിന്റെയും ഐക്യതയുടെയും മുൻപിൽ ശത്രുക്കൾ പോലും പകച്ചുനിന്നു. യേശു കർത്താവിന്റെ പ്രാർത്ഥന ആദിമ സഭയിൽ അക്ഷരീകമായി പ്രതിഫലിച്ചു.

അധികാരത്തിന്റെയും പണത്തിന്റെയും സ്വജന പക്ഷപാതത്തിന്റെയും രാഷ്ട്രീയ ക്കളികളിൽ ക്രിസ്തുവിന്റെ ശരീരത്തെ വിഭജിച്ച് അതിൽ പുകഴുന്നവർക്കുള്ള ശക്തമായ താക്കീതാണ് 'ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ' എന്ന ചോദ്യം. '*പൗലൊസ് നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ല പൗലൊസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ?* ' തന്റെ നാമത്തിൽ സഭാകൂടിവരവ് ആരംഭിച്ചവരെ ശാസിക്കാൻ പൗലൊസ് ഉപയോഗിക്കുന്ന ഭാഷാശൈലി അതീവ ശക്തം തന്നെ! സ്വന്തം പേരിലുള്ള സഭകളും ശുശ്രൂഷകളും സ്വന്തം സംഘടനയുടെ നാമത്തിൽ പുകഴുകയും ചെയ്യുന്ന വർക്ക് ഇത് ഒരു ശാസനയാണ്. നിങ്ങളുടെ സ്വന്ത നാമത്തിൽ ശുശ്രൂഷ നടത്താൻ ജന ത്തിന് വേണ്ടി നിങ്ങൾ ക്രൂശിക്കപ്പെട്ടുവോ? അതോ നിങ്ങളുടെ നാമത്തിലാണോ അവരെ സ്നാനപ്പെടുത്തിയത് എന്നാണ് പൗലൊസ് ഇവിടെ ചോദിക്കുന്നത്.

തുടർന്ന് മൂന്നാം അധ്യായം മുഴുവനും സഭയിലെ വിഭാഗീയതയെ കുറിച്ച് രേഖപ്പെടുത്തുന്നു. നാലാം അധ്യായം ആറാം വാക്യം വരെയും ഇതേ വിഷയം തന്നെ അപ്പൊസ്തലൻ ചർച്ച ചെയ്യുന്നു. ഇതിന്റെ മധ്യത്തിലാണ് 3:16,17 - ൽ ദൈവത്തിന്റെ മന്ദിരത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന മന്ദിരം പ്രാദേശിക സഭയാകുന്ന ദൈവത്തിന്റെ മന്ദിരമാണ്. വീണ്ടും ജനിച്ച വ്യക്തിയുടെ ശരീരമെന്ന മന്ദിരത്തെ കുറിച്ചല്ല. ശരീരം മന്ദിരമെന്നു പറഞ്ഞിരിക്കുന്നത് 6:19- ൽ ആണ്. 6:12 മുതൽ ശരീരവും ലൈഗീക ദുർന്നടപ്പും എന്ന വിഷയത്തെ കുറിച്ച് പറഞ്ഞിട്ടാണ് ശരീരം ദൈവത്തിന്റെ മന്ദിരമെന്ന് വാക്യം 19 - ൽ വ്യക്തമാക്കുന്നത്.

പ്രസ്തുത ഭാഗത്ത് പറഞ്ഞിരിക്കുന്ന മന്ദിരം സഭയാണ് എന്ന് എഴുത്തിന്റെ പശ്ചാത്തലം നോക്കി ഗ്രഹിക്കുവാൻ സാധിക്കും. സഭ ദൈവത്തിന്റെ മന്ദിരമാണ് എന്ന് പറഞ്ഞിരിക്കുന്ന മറ്റൊരു വേദഭാഗം നോക്കുക. '*താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു*.' (1 തിമോ 3.15) എവിടെ ദൈവത്തിന്റെ തേജസ്സു വസിക്കുന്നുവോ ആ സ്ഥലം ദൈവത്തിന്റെ ആലയമാണ്. സമാഗമന കൂടാരവും യെരുശലേം മന്ദിരവും ദൈവത്തിന്റെ മന്ദിരമായത് ദൈവം തന്റെ തേജസ്സിനാൽ അവിടെ വസിച്ചതുകൊണ്ടാണ്. അതുപോലെ തന്നെ ദൈവസഭയുടെ ഓരോ കൂടിവരവുകളും ദൈവതേജസ്സ് ഇറങ്ങി വരുന്ന സ്ഥലങ്ങളാണ്. ദൈവ

സാന്നിധ്യം ഈ കൂടിവരവുകളിൽ ആവസിക്കുന്നതുകൊണ്ട് പ്രാദേശിക സഭയുടെ കൂടിവരവുകൾ ദൈവത്തിന്റെ ആലയമാകുന്നു.

ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. വിഭാഗീയതയാലാണ് സഭ നശിപ്പിക്കപ്പെടുന്നത്. അങ്ങനെ വിഭാഗീയത ഉണ്ടാക്കി ദൈവസഭയെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ഇത് തന്നെയാണ് 1 കൊരി.11:31-ൽ പറഞ്ഞിരിക്കുന്ന ന്യായവിധി.

ഭിന്നത ഉള്ളിടത്ത് ദൈവസാന്നിധ്യം ഇറങ്ങി വരിക അസാധ്യമാണ്. സങ്കീർത്തനം 133 ശ്രദ്ധിക്കുക. സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നിടത്താണ് ദൈവസാന്നിധ്യവും ദൈവീകജീവനും അനുഗ്രഹവും ഉള്ളത്. ദൈവ സാന്നിധ്യമില്ലെങ്കിൽ സഭ നശിക്കുന്നു. അവിടെ ഭിന്നതയുടെ ആത്മാവ് വർദ്ധിക്കുകയും മറ്റു എല്ലാ തരത്തിലുമുള്ള പാപം വർദ്ധിക്കുകയും ചെയ്യും. ഈർഷ്യയും ശാഠ്യവും ഉള്ളിടത്ത് കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്. (യാക്കോബ് 3.14-15 കാണുക).

ഭിന്നത ഉണ്ടാക്കുന്നവനെ ദൈവം ന്യായം വിധിക്കുന്നത് ഒന്നാമതായി അവന്റെ ഹൃദയത്തിലുള്ള ദൈവസാന്നിധ്യം അഥവാ ആത്മനിറവ് പിൻവലിക്കുന്നതിലൂടെയാണ്. അവൻ ബലഹീനനായി തീരുന്നു. എന്നിട്ടും അവൻ അനുതപിക്കുന്നില്ല എങ്കിൽ ആത്മീയ ബലഹീനത ക്രമേണ രോഗമായും, അത് ദീർഘായുസ്സ് എത്തും മുമ്പുള്ള മരണമായും മാറുന്നു.

ഇങ്ങനെ അധ്യായം 4 വരെ കൊരിന്ത്യ സഭയിലെ ഭിന്നതയെ കുറിച്ച് പറഞ്ഞിട്ട് അധ്യായം 11-ൽ കർത്തൃമേശയുമായി ബന്ധപ്പെടുത്തിയും സഭയിലുണ്ടായ വിഭാഗീയതയെ കുറിച്ചും പ്രതിപാദിക്കുന്നു. ഭിന്നതയെ കുറിച്ചുള്ള ചില പാഠങ്ങളും കൂടെ ഉൾപ്പെടുത്തി ഈ വിഷയം അവസാനിപ്പിക്കുന്നതാണ്.

ഭിന്നതയ്ക്കുള്ള പ്രധാന കാരണം ഒരു വ്യക്തിയോടുള്ള കയ്പും ക്ഷമിക്കുവാൻ കഴിയാത്ത അനുഭവവും ആയിരിക്കും. അല്ലെങ്കിൽ ഉപദേശത്തിലുണ്ടാകുന്ന വ്യത്യാസമായിരിക്കും.

■ മത്തായി 18:15-20-ൽ സഹോദരനുമായി നിരപ്പാകുവാൻ തയ്യാറാകാത്ത വ്യക്തിയെ സഭയുടെ തീരുമാന പ്രകാരം പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ കണക്കാക്കാൻ യേശുകർത്താവ് കല്പിച്ചിരിക്കുന്നു.

■ മത്തായി 6:14,15-ൽ സഹോദരന്റെ കുറവുകളെ ക്ഷമിക്കാതെ കയ്പിലും ഭിന്നതയിലും തുടരുന്നവന്റെ പാപത്തെ ദൈവം ക്ഷമിക്കുകയില്ല എന്ന് വ്യക്തമാക്കുന്നു.

■ എബ്രായർ 12:14,15-ൽ ഹൃദയത്തിൽ കയ്പുള്ള വ്യക്തി ദൈവകൃപയിലല്ല, കൃപയിൽ നിന്നും വീണു പോയി എന്നുപറയുന്നു. കൃപയുടെ സംരക്ഷണം നഷ്ടപ്പെട്ടു എന്നർത്ഥം. ഈ കയ്പ് അവന്റെ ആത്മ ദേഹീ ദേഹത്തിൽ കലക്കം ഉണ്ടാക്കി അവനെ അശുദ്ധനാക്കും.

■ ഗലാത്യർ 5:18-21-ൽ, പക, പിണക്കം, ഭിന്നത, തുടങ്ങി ജഡത്തിന്റെ പ്രവർത്തികളിൽ തുടരുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് പറയുന്നു.

■ തീത്തോസ് 3:9-11-ൽ തെറ്റായ പഠിപ്പിക്കലുകൾ മുഖാന്തരം സഭയിൽ ഭിന്നത ഉണ്ടാക്കുന്നവനെ ഒന്ന് രണ്ട് വട്ടം ബുദ്ധി ഉപദേശിച്ചതിന് ശേഷം പുറത്താക്കുവാൻ കല്പിക്കുന്നു. കാരണം അവർ വക്രബുദ്ധിയായി പാപം ചെയ്ത് തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു.

■ ഇത് ഭൗമികവും പ്രാകൃതവും പൈശാചികവും ആയതത്രേ. ഭിന്നതയും കയ്പുമുള്ള വ്യക്തികളിലും കൂട്ടങ്ങളിലും ഭിന്നതയുടെ ആത്മാവ് വസിക്കുന്നുണ്ട്. (യാക്കോ. 3:13-17).

## ● അയോഗ്യമായ രീതി

കൊരിന്ത്യ സഭയുടെ കൂടിവരവിൽ ഉണ്ടായ ഒന്നാമത്തെ പ്രശ്നം വിഭാഗീയതയോടു കൂടിയുള്ള കർത്തൃമേശയാണെന്ന് നാം മനസ്സിലാക്കി. സഭയിലെ കർത്തൃമേശയിലെ രണ്ടാമത്തെ അയോഗ്യത 11:20-22 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആദിമ സഭ കർത്തൃമേശ ആചരിച്ച രീതിയെക്കുറിച്ച് മനസ്സിലാക്കിയെങ്കിൽ മാത്രമേ കൊരിന്ത്യ സഭയിലുണ്ടായ അയോഗ്യമായ രീതികളെ ഗ്രഹിക്കുവാൻ കഴിയൂ.

പ്രവൃത്തി 2:46-ൽ അവർ വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയോടും കൂടെ ഭക്ഷണം കഴിച്ചു എന്ന് പറഞ്ഞിരിക്കുന്നു, അപ്പം നുറുക്കൽ ശുശ്രൂഷയോടു കൂടെ ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന രീതി സഭയുടെ ആരംഭം മുതൽ തന്നെ നിലനിന്നിരുന്നു. പ്രവൃത്തി 20:11 ലും ഇത് വ്യക്തമാണ്.

രാത്രി മുഴുവനും അവർ സഭ കൂടി, പൗലോസ് വചനം പഠിപ്പിച്ചു. ഏകദേശം അർദ്ധരാത്രിക്ക് ശേഷം അപ്പം നുറുക്കി ഭക്ഷിച്ചു. പുലരുവോളം സംഭാഷിച്ചു. പ്രസ്തുത സന്ദർഭം പരിശോധിച്ചാൽ അവർ അപ്പം നുറുക്കൽ മാത്രമല്ല തങ്ങളുടെ ഭക്ഷണവും കൂടെ കഴിച്ചു എന്ന് അനുമാനിക്കാം.

സ്നേഹവിരുന്നെന്ന് നാം ഓമനപ്പേരിട്ടിരിക്കുന്ന ഒന്നല്ല ഇത്. കർത്താവിന്റെ ശരീരത്തിന്റെ ഓർമ്മക്കായി ഒരു അപ്പം നുറുക്കി ഭക്ഷിക്കുകയും തുടർന്ന് അവർ തങ്ങളുടെ ഭക്ഷണവും കൂടെ കഴിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം പാനപാത്രവും പങ്കിട്ടു.

കൊരിന്ത്യ സഭയിലും ഇതേ രീതി തന്നെയാണ് തുടർന്ന് വന്നത്. സഭ കൂടുമ്പോൾ അവർ തങ്ങളുടെ ഭക്ഷണവും കൊണ്ട് വരിക പതിവായിരുന്നു. അവർ കർത്തൃമേശയെ ഉടമ്പടി ഭക്ഷണം (covenant meal)ആയിട്ടാണ് ആചരിച്ചിരുന്നത്. പഴയ കാലത്തുള്ള പല ഉടമ്പടികളോടും ചേർന്ന് ഭക്ഷണം ഉണ്ടായിരുന്നു. ഈ ഭക്ഷണം സ്നേഹസല്ക്കാരമെന്നു ചിന്തിക്കുന്നത് ശരിയല്ല. 33,34 വാക്യങ്ങളിൽ ഭക്ഷണം കഴിക്കുവാൻ കൂടുമ്പോൾ (സഭ കൂടുമ്പോൾ) അന്യോന്യം കാത്തിരിക്കുവാനും ആർക്കെങ്കിലും വിശക്കുന്നെങ്കിൽ ഭവനത്തിൽ വച്ച് ഭക്ഷണം കഴിക്കണമെന്നും അല്ലെങ്കിൽ നിങ്ങൾ ഒരുമിച്ച് കൂടുന്നത് (അപ്പം നുറുക്കാൻ സഭ കുടുന്നത്) ന്യായവിധിക്ക് കാരണമാകുമെന്നും പറഞ്ഞിരിക്കുന്നു. ഈ ഭക്ഷണം ഒരു സ്നേഹ വിരുന്നാണെങ്കിൽ ന്യായ വിധി ഉണ്ടാകില്ലല്ലോ.

വാക്യം 20-ൽ സഭ കൂടിവന്നു ഭക്ഷണം കഴിച്ചു. എന്നാൽ കഴിച്ച രീതി അനുചിതമായതുകൊണ്ടാണ് അത് കർത്താവിന്റെ അത്താഴമല്ല എന്ന് പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ അത്താഴം ശരിയായ രീതിയിൽ ഭക്ഷിക്കാത്തതുകൊണ്ടാണ് 32-34 വാക്യങ്ങളിൽ ശിക്ഷാവിധിയ്ക്ക് കാരണമെന്ന് പറഞ്ഞിരിക്കുന്നത്.

വാക്യം 21-ൽ കർത്തൃമേശയിൽ ഓരോരുത്തൻ താന്താന്റെ അത്താഴം മുമ്പേ കഴിക്കുന്നു എന്ന് പറയുന്നു. ഇവിടെ ഓരോരുത്തരും താന്താന്റെ ഭക്ഷണവുമായിട്ടാണ് കർത്തൃമേശയ്ക്കായി കൂടി വന്നിരിക്കുന്നത് എന്നത് വ്യക്തമാകുന്നു.

ഇനി ഇവിടെ അയോഗ്യമായ രീതി എന്താണ്? ഒരുവൻ തന്റെ സഹോദരന് വേണ്ടി കാത്തിരുന്നില്ല. വിശപ്പുള്ളവൻ ആദ്യം തങ്ങളുടെ സൗകര്യാർത്ഥം ഭക്ഷണം കഴിച്ചു. (34-ൽ വല്ലവനും വിശക്കുന്നെങ്കിൽ അവൻ വീട്ടിൽ വച്ച് ഭക്ഷണം കഴിക്കട്ടെ അല്ലെങ്കിൽ ഒരുമിച്ച് കൂടുന്നത് ന്യായവിധിയ്ക്ക് കാരണമാകും എന്ന് പറയുന്നത് ശ്രദ്ധിക്കുക.) അങ്ങനെ ഭക്ഷിച്ചവർ ലഹരി പിടിച്ചും മറ്റുള്ളവർ വിശന്നും ഇരുന്നു. ഭക്ഷണം മാത്രമല്ല പാനപാത്രവും അഥവാ വീഞ്ഞും അവർ പാനം ചെയ്തു എന്ന് വ്യക്തമാക്കുന്നു.

വാക്യം 22-ൽ ദൈവത്തിന്റെ സഭയെ നിങ്ങൾ തുച്ഛീകരിച്ച് ഇല്ലാത്തവരെ ലജ്ജിപ്പിക്കുന്നുവോ? ഭക്ഷണം കൊണ്ടുവരുവാൻ നിവൃത്തി ഇല്ലാതിരുന്നവർ വിശന്നിരുന്നു. ധനവാന്മാർ ഒരുമിച്ച് ഭക്ഷിച്ചു. വിശന്നവർ മറ്റുള്ളവർക്ക് വേണ്ടി കാത്തിരിക്കാതെ തങ്ങളുടെ ഇഷ്ടാനുസരണം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു. ഒരു തരത്തിൽ പറഞ്ഞാൽ കർത്തൃമേശ ഭക്ഷണം കഴിക്കുവാനുള്ള വേദിയായി തീർന്നു. അമിത ഭക്ഷണവും അമിത വീഞ്ഞും അവർ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തു. അവർ സ്തോത്രം ചെയ്ത് ഒരുമിച്ച് അപ്പം നുറുക്കിയില്ല. യേശുവിന്റെ ശരീരത്തെയോ രക്തത്തെയോ ഓർത്തില്ല. കർത്താവിന്റെ മരണത്തെ പ്രസ്താവിച്ചതുമില്ല.

ഇവിടെ വിശന്നപ്പോൾ ഓരോരുത്തൻ സ്വയം ഭക്ഷണം കഴിച്ചു. ആകെ ക്രമരഹിതമായിരുന്നു അവരുടെ കർത്തൃമേശയുടെ രീതികൾ. മാത്രമല്ല ധനവാനും ദരിദ്രനും എന്ന വേർതിരിവും കർത്തൃമേശയിൽ ഉണ്ടായി. സമത്വം ഉണ്ടായിരുന്നില്ല. ഉള്ളവർ ഇല്ലാത്തവരുമായി പങ്കുവച്ചില്ല. സമത്വം സഭയുടെ ഏറ്റവും വലിയ പ്രത്യേകതകളിൽ ഒന്നാണ്. ക്രിസ്തുവിൽ സകലരും ഒന്നത്രേ എന്ന വചനം ഇവിടെ ലംഘിക്കപ്പെട്ടു.

കർത്താവ് സ്ഥാപിച്ച അർത്ഥത്തിലോ ആദിമ സഭയുടെ അപ്പം നുറുക്കൽ രീതിയിലോ അല്ലായിരുന്നു ഇവർ കർത്തൃമേശയിൽ പങ്കെടുത്തത്. അവർ ഒരുമിച്ചുകൂടിയപ്പോൾ മറ്റുള്ളവർക്ക് വേണ്ടി കാത്തിരുന്നില്ല. പ്രവൃത്തി 20:7 തുടങ്ങിയുള്ള ഭാഗത്ത് വചന ശുശ്രൂഷയുടെ മധ്യത്തിലാണ് അവർ അപ്പം നുറുക്കിയത് എന്ന് പറയുന്നു. സഭയിൽ ഏതെങ്കിലും കാരണത്താൽ താമസിച്ചു വരുന്നവർക്കും പങ്കെടുക്കുവാൻ അവസരം ഇങ്ങനെ ലഭിച്ചിരുന്നു.

ഇതിൽ അപ്പൊസ്തലൻ അവരെ പുകഴ്ത്തുന്നില്ല എന്ന് പറഞ്ഞിട്ട് 23,24 വാക്യങ്ങളിൽ താൻ കർത്താവിൽ നിന്ന് പ്രാപിച്ച കർത്തൃമേശയുടെ ക്രമവും അർത്ഥവും രേഖപ്പെടുത്തുന്നു.

വാക്യം 27 പറയുന്നു

*'അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാന പാത്രം കുടിക്കയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും.'*

ഇവിടെ '*അയോഗ്യമായി* ' എന്ന പദം ഒരു നാമവിശേഷണം (adjective) അല്ല, മറിച്ച് ഒരു ക്രിയാ വിശേഷണ (adverb) പദമാണ്. അതായത് കർത്തൃമേശയിൽ പങ്കെടുക്കുന്ന ഒരു വ്യക്തിയുടെ അവസ്ഥ അല്ല ഇവിടെ വിശേഷിപ്പിക്കുന്നത്, മറിച്ച് പങ്കെടുക്കുന്ന രീതിയാണ് ഈ പദത്തിലൂടെ അർത്ഥമാക്കുന്നത്. ഇത് ഭക്ഷിക്കുന്ന വ്യക്തിയുടെ അയോഗ്യതയല്ല വ്യക്തമാക്കുന്നത്. ഭക്ഷിക്കുന്ന രീതിയാണ് അവനെ 'കുറ്റക്കാരനാക്കുന്നത്'.

അയോഗ്യമായ രീതിയിൽ കർത്തൃമേശയിൽ പങ്കെടുക്കുന്നവൻ യേശുവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകുന്നു. ഇത് മനസ്സിലാക്കുവാൻ യേശുവിന്റെ രക്തവും ശരീരവും എന്തിന് നൽകി എന്ന് നാം അറിഞ്ഞിരിക്കണം. യേശുവിന്റെ ശരീരം എന്റെ പാപത്തെ വഹിക്കുകയും എന്റെ ശിക്ഷ അനുഭവിക്കുകയും ചെയ്തു. യേശുവിന്റെ രക്തം എന്റെ ജീവന് മറുവിലയായി പിതാവിന് നല്കി എന്നെ മരണത്തിൽ നിന്നും വീണ്ടെടുത്തു. തന്മൂലം എനിക്ക് ദൈവത്തോട് നിരപ്പും സമാധാനവും വന്നുകഴിഞ്ഞു. ഇത് ഓർക്കുവാനും പ്രസ്താവിക്കാനുമായുള്ള കർത്താവിന്റെ മേശയെ അലക്ഷ്യമാക്കുന്നതാണ് ഒരുവൻ കുറ്റക്കാരൻ ആകുവാൻ കാരണം.

ഇത്രയും ഗൗരവമുള്ള നിത്യമായ വിഷയത്തെ അവർ നിസ്സാരമായി കണ്ടു. മറ്റുള്ളവർക്കു വേണ്ടി കാത്തിരിക്കാതെ സ്വയം ഭക്ഷണം കഴിച്ചതിലൂടെ തങ്ങളുടെ ജഡാഭിലാഷത്തിനും സ്വാർത്ഥതയ്ക്കും മുൻതൂക്കം കൊടുത്തു. അങ്ങനെ കർത്താവിന്റെ മേശയെ അലക്ഷ്യമാക്കിയതിലൂടെ കർത്താവിന്റെ ശരീരത്തെയും രക്തത്തെയും അപമാനിച്ചു, കുറ്റക്കാരായി തീർന്നു.

യേശുക്രിസ്തുവിന്റെ ശരീരത്തിൽ യഹൂദനെയും ജാതിയെയും തമ്മിൽ നിരപ്പിച്ചു. ക്രിസ്തുവിൽ ഇരുപക്ഷത്തെയും ഒരു പുതിയ മനുഷ്യനാക്കി; ഇനി ക്രിസ്തുവിൽ എല്ലാവരും ഒന്നത്രേ. യഹൂദനും ജാതിയും സ്ത്രീയും പുരുഷനും സമ്പന്നനും ദരിദ്രനും എന്ന വ്യത്യാസമില്ല. തികഞ്ഞ സമത്വം, ഐക്യത, സ്നേഹം, എന്നിവ കർത്താവിന്റെ മരണത്തിലൂടെ സ്ഥാപിക്കപ്പെട്ടു. ദരിദ്രന്മാരെ ലജ്ജിപ്പിച്ച് സഭയെ തുച്ഛീകരിക്കുകയും സഭയെ വിഭാഗീയതയാൽ നശിപ്പിക്കുകയും ചെയ്യുന്നവർ യേശുവിന്റെ രക്തവും ശരീരവും സംബന്ധിച്ച് കുറ്റക്കാർ ആകും. ദൈവവും മനുഷ്യനുമായുള്ള നിരപ്പ് (രമ്യത) ഉളവാക്കിയ യേശുവിന്റെ ശരീരരക്തങ്ങളുടെ പ്രഖ്യാപനം നടത്തുന്ന കർത്തൃമേശ ആചരിക്കുന്നവർ തമ്മിൽ നിരപ്പ് (ഐക്യത) ഇല്ലെങ്കിൽ അവർ യേശുവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാർ ആകും.

## ● തന്നെത്താൻ ശോധന ചെയ്യുക

വാക്യം 28 പറയുന്നു : 'മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ട് വേണം' കർത്തൃ

മേശയിൽ പങ്കെടുക്കുവാൻ. എന്താണിതിന്റെ അർത്ഥം? സ്വയം പരിശോധന നടത്തുക. തന്റെ ജീവതത്തിൽ ഏറ്റു പറഞ്ഞ് അനുതപിക്കാത്ത പാപങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കണം. നിശ്ചയമായും ജീവിതത്തിലെ സകല പാപങ്ങളെയും ദൈവ സന്നിധിയിൽ ഏറ്റു പറയേണ്ടതാണ്.

എന്നാൽ പാപങ്ങൾ കർത്തൃമേശയ്ക്കു മുൻപാണോ ഏറ്റു പറയേണ്ടത്? മാസത്തിൽ ഒരിക്കലോ ആഴ്ചയിൽ ഒരിക്കലോ നടക്കുന്ന കർത്തൃമേശയുടെ മുമ്പിൽ പാപങ്ങൾ ഏറ്റു പറയാൻ കാത്തിരിക്കുന്നതും അങ്ങനെ പഠിപ്പിക്കുന്നതും തിരുവെഴുത്തുകളെ പരിഹസിക്കുന്നതിനു തുല്യമാണ്. പാപം വന്നാൽ ക്ഷണത്തിൽ ഏറ്റു പറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുകയും ആത്മ നിറവിൽ ജീവിക്കുകയും ചെയ്യുന്നവനാണ് വീണ്ടും ജനനാനുഭവം പ്രാപിച്ച ഒരു വ്യക്തി.

കഴിഞ്ഞ പേജുകളിൽ വിവരിച്ച അയോഗ്യമായ രീതിയിലാണോ താൻ കർത്തൃമേശയിൽ പങ്കെടുക്കുന്നത് എന്ന് ഒരുവൻ തന്നെത്താൻ ശോധന ചെയ്യണം എന്നർത്ഥം. ദരിദ്രരോടുള്ള തന്റെ മനോഭാവം, കർത്തൃമേശയോടുള്ള തന്റെ സമീപനം, മറ്റുള്ളവരോട് സ്നേഹത്തിലും ഐക്യതയിലുമാണോ എന്നെല്ലാം തന്നെത്താൻ ശോധന ചെയ്യേണ്ടതാണ്.

## ● ശരീരത്തെ വിവേചിക്കുക

ഇവിടെ പറഞ്ഞിരിക്കുന്ന ശരീരം കർത്തൃമേശയിൽ പങ്കെടുക്കുന്നവരുടെ ശരീരമായി ചിന്തിക്കുന്നവരുണ്ട്. എന്നാൽ കർത്താവിന്റെ ശരീരമായിരിക്കുന്ന സഭയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. മിക്ക വിവർത്തനങ്ങളിലും 'കർത്താവിന്റെ ശരീരം' (LORD'S Body) എന്ന് തർജ്ജമ ചെയ്തിട്ടുണ്ട്.

- വാക്യം 27-ൽ കർത്താവിന്റെ ശരീരത്തെയും രക്തത്തെയും കുറിച്ച് പറഞ്ഞിരിക്കുന്നു.
- വാക്യം 28-ൽ കർത്തൃമേശയിൽ ഭക്ഷിക്കുന്ന വ്യക്തി തന്നെത്താൻ ശോധന ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു.
- വാക്യം 29-ൽ ശരീരത്തെ വിവേചിക്കണമെന്ന് വ്യക്തമാക്കുന്നു. ഇവിടെ കർത്താവിന്റെ രക്തത്തെപ്പറ്റി പറഞ്ഞിട്ടില്ലാത്തതിനാൽ യേശുവിന്റെ സ്വന്ത ശരീരമല്ലെന്ന് ചിന്തിക്കാം. വിവേചിക്കേണ്ടത് യേശു കർത്താവിന്റെ സ്വന്ത ശരീരം ആണെങ്കിൽ രക്തത്തെയുംകൂടെ വിവേചിക്കേണ്ടതുണ്ടല്ലോ.
- ഇത് ഭക്ഷിക്കുന്നവന്റെ ശരീരവുമല്ല. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം 'വിവേചിക്കുക' എന്നതാണ്. വിവേചിക്കുക എന്നാൽ തിരിച്ചറിയുക എന്നർത്ഥം. ഭക്ഷിക്കുന്ന വ്യക്തി സ്വന്തം ശരീരത്തെ അറിഞ്ഞിട്ട് പ്രത്യേകം പ്രയോജനമൊന്നുമില്ലല്ലോ.
- ഭക്ഷിക്കുന്നവന്റെ ശരീരം എന്ന അർത്ഥത്തിലാണെങ്കിൽ ശാരീരിക പാപങ്ങളെക്കുറിച്ച് മാത്രം അനുതപിച്ചാൽ മതി എന്നുവരും.
- ഈ ചിന്ത ഉള്ളതിനാൽ മദ്യപാനം, പുകവലി തുടങ്ങിയ പുറമെയുള്ള പാപങ്ങളെ മാത്രം ഇന്നത്തെ ആത്മീയ ലോകം പാപമായി കണക്കിടുകയും പക, പിണക്കം, അസൂയ, കയ്പ് തുടങ്ങിയ മാരകമായ പാപങ്ങളെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നു.

- മാത്രമല്ല, പഴയ ഉടമ്പടി കാലത്തിലെ പോലെ ഇവിടെ ശരീരത്തിന്റെ ബാഹ്യമായ വെടിപ്പാക്കലിനും പ്രത്യേക വസ്ത്രധാരണത്തിനും അമിത പ്രാധാന്യം കൊടുക്കുന്നു. ചിലർ ഭക്ഷണം കഴിക്കാതെ വയർ ശുദ്ധമാക്കി കർത്തൃമേശ ഭക്ഷിക്കുന്നു. കാരണം മറ്റുഭക്ഷണവുമായി ഈ വിശുദ്ധ വസ്തുക്കൾ ബന്ധപ്പെടാൻ പാടില്ല എന്നവർ ചിന്തിക്കുന്നു.
- തന്മൂലം യേശുവും അപ്പൊസ്തലന്മാരും വളരെ ഗൗരവമായി പഠിപ്പിച്ച ഹൃദയത്തിലെ പാപങ്ങൾ ഇവർക്ക് പാപമല്ലാതായി തീർന്നു.

ഇവിടുത്തെ പ്രതിപാദ്യശരീരം സഭയാം ശരീരമാണെന്നു വ്യക്തമാക്കുന്ന ഒരു വേദഭാഗം ശ്രദ്ധിക്കുക; 1 കൊരിന്ത്യർ 10:15 - 17 - ൽ

*'നിങ്ങൾ വിവേകികൾ എന്നുവെച്ചു ഞാൻ പറയുന്നു. ഞാൻ പറയുന്നത് വിവേചിപ്പിൻ: നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്ന് ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ.*

താൻ തുടർന്ന് പറയാൻ പോകുന്ന കാര്യങ്ങളെ വിവേചിക്കുവാൻ വാക്യം 15 - ൽ അപ്പൊസ്തലൻ ആവശ്യപ്പെടുന്നു. പതിനാറാം വാക്യത്തിൽ അപ്പവും പാനപാത്രവും ഭക്ഷിച്ച് പാനം ചെയ്യുന്നവർ ക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും നന്മകൾക്ക് കൂട്ടാളികളാകുന്നു എന്ന് വ്യക്തമാക്കുന്നു.

ഇത് തെളിയിക്കുവാൻ പതിനെട്ടാം വാക്യത്തിൽ യിസ്രായേലിനെ കുറിച്ചുള്ള വിവരണം ശ്രദ്ധിക്കുക. *'ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ; യാഗങ്ങൾ ഭുജിക്കുന്നവർ യാഗപീഠത്തിന്റെ കൂട്ടാളികൾ (കൂട്ടായ്മ) അല്ലയോ? '*. അതുപോലെ 20, 21 വാക്യങ്ങളിൽ ജാതികൾ ബലികഴിക്കുന്നത് വിഗ്രഹത്തിൽ വസിക്കുന്ന ഭൂതങ്ങൾക്ക് ആണെന്നും വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുന്നവർ ഭൂതങ്ങളുടെ കൂട്ടാളികൾ ആകുന്നു എന്നും പറഞ്ഞിരിക്കുന്നു. കർത്തൃമേശയിൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവർ യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അനുഗ്രഹങ്ങളുമായി പങ്കുചേരുകയാണ്. അഥവാ നാം യേശുവിന്റെ രക്തത്തിനും ശരീരത്തിനും അഥവാ ഇവകളുടെ നന്മകൾക്കും കൂട്ടാളികളാകുന്നു എന്നർത്ഥം.

### ● പലരായ നാം ഒരു ശരീരമാകുന്നു

വാക്യം 17 പറയുന്നു.

*'അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ '.*

ഇവിടെ അപ്പം യേശുവിന്റെ ശരീരത്തിന്റെ അടയാളം ആണല്ലോ. യേശുവിന്റെ ശരീരം മുഖാന്തിരം പലരായ നമ്മെ ഒരു ശരീരമാക്കി തീർത്തു എന്നാണ് വിവക്ഷ. കർത്താവിന്റെ ശരീരമാകുന്ന സഭയാണ് ഈ ശരീരം.

എഫെസ്യർ 2:15 യഹൂദനെയും ജാതിയെയും യേശുവിൻ ഒരു പുതുമനുഷ്യനാക്കി

തന്റെ ശരീരത്തിൽ ദൈവത്തോട് നിരപ്പിച്ചു എന്ന് വ്യക്തമാക്കുന്നു. ഈ പുതുമനുഷ്യൻ കർത്താവിന്റെ ശരീരമാകുന്ന സഭയാണ്.

ജാതികൾ സുവിശേഷത്താൽ ക്രിസ്തുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകണം എന്ന് എഫെസ്യർ 3:6 പറയുന്നു. ഈ മർമ്മം പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് വെളിപ്പെട്ടിരുന്നില്ല. എന്നാൽ പുതിയ ഉടമ്പടിയിലെ ശുശ്രൂഷകർക്ക് ഈ മർമ്മം ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തി. ഇവിടെ ഏകശരീരസ്ഥർ എന്ന് പറഞ്ഞിരിക്കുന്നത് കർത്താവിന്റെ ശരീരമാകുന്ന സഭയെക്കുറിച്ചാണ്. ഇതുപോലെ ലേഖനങ്ങളിൽ അനേക ഭാഗങ്ങളിൽ സഭയാകുന്ന കർത്താവിന്റെ ശരീരത്തിന്റെ വിവരണമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു വേദഭാഗം കൂടി പരിചയപ്പെടുത്താം. 1 കൊരിന്ത്യർ പന്ത്രണ്ടാം അധ്യായത്തിന്റെ പ്രാരംഭവാക്യങ്ങൾ കൃപാവരങ്ങളെക്കുറിച്ച് പറഞ്ഞിട്ട് വാക്യം 12 മുതൽ 28 വരെ കർത്താവിന്റെ ശരീരമാകുന്ന സഭയെ മനുഷ്യശരീരത്തോട് ഉപമിച്ച് വ്യാഖ്യാനിച്ചിരിക്കുന്നു. ഈ ഭാഗം പഠിച്ചാൽ 1 കൊരിന്ത്യർ 11:29-ലെ കർത്താവിന്റെ ശരീരത്തെ വിവേചിക്കുക എന്നതിന്റെ അർത്ഥം വ്യക്തമാകും.

മനുഷ്യശരീരം ഒരു അവയവം അല്ല. വ്യത്യസ്തമായ സ്വഭാവങ്ങളും, പ്രവർത്തനരീതികളും വ്യത്യസ്തമായ രൂപവും ഭാവവും ഉള്ളതും ചുരുക്കത്തിൽ ഒരു ചേർച്ചയുമില്ലാത്ത ഒരു കൂട്ടം അവയവങ്ങളുടെ കൂട്ടായ്മയാണ്. ഇങ്ങനെയുള്ള ഒരു കൂട്ടം അവയവങ്ങളെ ചേർത്ത് മനോഹരമായ ശരീരം നിർമ്മിച്ചിരിക്കുന്നു. ഇപ്പോൾ അവയവങ്ങൾ എന്നല്ല ശരീരമെന്നു അറിയപ്പെടുന്നു.

ഏതൊരു അവയവത്തിനും സ്വന്തമായ ദൗത്യം ഉള്ളപ്പോൾ തന്നെ മറ്റൊരു അവയവത്തിന്റെ സഹായം കൂടാതെ സ്വന്ത ദൗത്യം നിവർത്തിക്കുവാനും കഴിയില്ല. ഓരോ അവയവങ്ങൾക്കും പരസ്പരം കൊടുത്തും സ്വീകരിച്ചും മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. ശരീരത്തിൽ ബലം കുറവ് എന്നുതോന്നുന്ന അവയവങ്ങളും ആവശ്യമായിരിക്കുന്നു. മാനം കുറഞ്ഞവ എന്ന് തോന്നുന്ന അവയവങ്ങൾക്ക് നാം അധികം മാനം അണിയിക്കുന്നു. അഴക് കുറഞ്ഞവയ്ക്ക് നാം അധികം അഴക് അണിയിക്കുന്നു.

ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി ദൈവം മാനം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നെങ്കിൽ എല്ലാ അവയവങ്ങളും കൂടെ അനുഭവിക്കുന്നു. ഒരു അവയവത്തിനു ബഹുമാനം ലഭിച്ചാൽ എല്ലാ അവയവങ്ങളും ചേർന്ന് സന്തോഷിക്കുന്നു. അവയവങ്ങൾ തമ്മിൽ മത്സരമില്ല, അസൂയയില്ല, പകയും പിണക്കവും ഇല്ല, തികഞ്ഞ ഐക്യതയും സ്നേഹവും സമത്വവും മാത്രം. ഇത്രയും പറഞ്ഞിട്ട് വാക്യം 27 പറയുന്നു.

*"എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ*
*വെവ്വേറായി അവയവങ്ങളും ആകുന്നു."*

ഇവിടെ ക്രിസ്തുവിന്റെ ശരീരം എന്നത് സഭയാണ്. ഇനി 11:27 ലേക്ക് മടങ്ങിവരാം. കർത്താവിന്റെ ശരീരത്തെ വിവേചിക്കാതെ കർത്തൃമേശയിൽ അംശികൾ ആകുന്നവർ

തനിക്കുതന്നെ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. അവർ കർത്താവിന്റെ ശരീരമായ സഭയുടെ അർത്ഥം തിരിച്ചറിയാതെ ആ ശരീരത്തിലുള്ള ബലഹീനരായ, ദരിദ്രരായ അവയവങ്ങളെ (അംഗങ്ങളെ) ലജ്ജിപ്പിക്കുകയും സഭയെ തുച്ഛീകരിക്കുകയും ചെയ്തു. അംഗങ്ങളെ ഭിന്നിപ്പിച്ച് വ്യത്യസ്ത ഗ്രൂപ്പുകൾ ആക്കി. ഒരു ശരീരത്തെ മുറിച്ച് വിവിധ ഭാഗങ്ങൾ ആക്കുന്നതിനു തുല്യമാണിത്. സമത്വവും ഐക്യതയും അവർ നഷ്ടപ്പെടുത്തി. ഇങ്ങനെ സഭയുടെ അർത്ഥം ഗ്രഹിക്കാതെ മേൽ വിവരിച്ച അയോഗ്യമായ രീതിയിൽ തിന്നുകയും കുടിക്കുകയും ചെയ്യുന്നവർ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു.

## ● ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു.

അയോഗ്യമായ രീതിയിൽ കർത്തൃമേശയിൽ പങ്കെടുക്കുന്നവർ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ബലഹീനത, രോഗം, മരണം ഇവയാണ് ഇവിടുത്തെ ശിക്ഷാവിധി.

## ● ബലഹീനത

- ഇത് ആത്മീയ ബലഹീനതയാണ്.
- ശാരീരിക ബലഹീനതയെക്കുറിച്ചല്ല പറഞ്ഞിരിക്കുന്നത്; രോഗമാണ് ശരീരത്തിലുണ്ടാകുന്ന ബലഹീനത.
- ഒരുവൻ ദൈവ കൃപയിൽ നിന്ന് വീഴുമ്പോൾ അവന്റെ ഉള്ളിൽ കൈപ്പിന്റെ വേര് മുളച്ച് അവന്റെ ആത്മ, ദേഹി, ദേഹങ്ങളിൽ കലക്കമുണ്ടാകും. ഈ കയ്പിനാൽ (ഭിന്നതയുടെ തുടക്കം) അവൻ അശുദ്ധനായി തീരുന്നു. (എബ്രായർ 12:14,15) അങ്ങനെ അവൻ ബലഹീനനും അശുദ്ധനുമായി തീരുന്നു.
- ഈ വ്യക്തിയെ സാത്താൻ പരീക്ഷിക്കുമ്പോൾ കൃപാസനത്തിൽ വന്നു പരീക്ഷയെ ജയിക്കുവാൻ കൃപ ചോദിക്കുമ്പോൾ ദൈവം അവനു കൃപ നൽകുന്നില്ല.
- പരീക്ഷയിൽ ജയിക്കുവാൻ ദൈവസഹായം ലഭിക്കാത്തതിനാൽ അവൻ പാപത്തിൽ വീഴുന്നു. ഇപ്പോൾ പാപമോചനത്തിനായി അപേക്ഷിക്കുമ്പോൾ ദൈവകരുണയും അവനു ലഭിക്കുന്നില്ല.

  ഇതാണ് അനേകർ തങ്ങൾ ഏറ്റുപറഞ്ഞ പാപത്തിന്റെ കുറ്റബോധവും വഹിച്ചുകൊണ്ട് ജീവിക്കുവാൻ കാരണം. ദൈവം പാപം ക്ഷമിച്ചു എന്ന ഉറപ്പ് അവർക്ക് ലഭിക്കുന്നില്ല.
- ക്ഷമിക്കപ്പെടാത്ത പാപവും കുറ്റബോധവും ഉള്ളതിനാൽ അവന്റെ മനസ്സ് മലിനമായി കുറ്റബോധത്തിലായി ദൈവസമാധാനം ഹൃദയത്തിൽ നിന്നും നഷ്ടപ്പെട്ടവനായി തീരുന്നു.
- ഉള്ളിലുള്ള ആത്മനിറവ് നഷ്ടമാകുകയും ഹൃദയം ശൂന്യമാകുകയും ചെയ്തതിനാൽ അവൻ ബലഹീനനായി തീരുന്നു. അവന്റെ ആത്മാവിൽ പരിശുദ്ധത്മാധിവാസം ഉണ്ടെങ്കിലും ഹൃദയത്തിലെ ആത്മനിറവ് നഷ്ടമാകുന്നു. ഇപ്പോഴും ശുശ്രൂഷയ്ക്കായി അവന്റെ മേൽ ആത്മശക്തി ഉണ്ടായിരിക്കും. അവന്റെ ശുശ്രൂഷയി

ലൂടെ ജനങ്ങൾ വിടുവിക്കപ്പെടുമെങ്കിലും വ്യക്തിപരമായ ജീവിതത്തിൽ അവൻ ബലഹീനനാണ്.

- ➢ ആത്മനിറവ് നഷ്ടമായതിനാൽ ആത്മാവിൽ നടക്കുവാൻ ഇനി കഴിയുന്നതല്ല. അവൻ ജഡത്തിൽ ഇടപെട്ടതിനാൽ ആത്മീയ മരണം സംഭവിച്ചു. ദൈവവുമായുള്ള ബന്ധം വേർപിരിയലാണല്ലോ ആത്മീക മരണം. ഇവിടെ അവന്റെ ആത്മാവിലുള്ള പരിശുദ്ധാത്മാവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു. ഇപ്പോൾ അവൻ ജഡത്തിൽ നടക്കുന്നു. ഇതാണ് മരണം (റോമ. 8:13). ആത്മാവിനാൽ ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിച്ചാൽ അവൻ ജീവിക്കും.
- ➢ ഹൃദയത്തിൽ ആത്മനിറവ് ഇല്ലാത്തതിനാൽ സാത്താന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ ബലം ഇല്ലാതെ അവൻ പരീക്ഷയിൽ അകപ്പെട്ട് അനേക പാപങ്ങൾക്ക് അടിമയായി തീരുന്നു. അങ്ങനെ അവൻ ആത്മീയ യുദ്ധത്തിൽ ബലഹീനനായി തീരുന്നു.

## ● ബലഹീനത താൽക്കാലികം

ഒരുവൻ താൻ ചെയ്തുപോയ പാപം ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുമ്പോൾ തന്നെ ആത്മനിറവുണ്ടാകുകയും ദൈവസമാധാനം ഹൃദയത്തിൽ പുനഃസ്ഥാപിക്കപ്പെടുകയും ആത്മാവിൽ നടക്കുവാൻ ഇടയാവുകയും ചെയ്യും. ആയതിനാൽ ഈ ബലഹീനത താൽക്കാലികം മാത്രമാണ്.

ഒരുവൻ താൻ ബലഹീനനാണെന്നും ഒഴിഞ്ഞവനായി വന്ന തന്നെ നിറയ്ക്കണമെ എന്നും സഭയിൽ പരസ്യമായി പ്രാർത്ഥിക്കുമ്പോൾ നടത്തിപ്പുകാർ അവനെ ശാസിക്കേണ്ട ആവശ്യം ഉണ്ട്. ഇവൻ എന്തുകൊണ്ട് ബലഹീനനായി തീർന്നു എന്ന് അന്വേഷിച്ച് അത് പരിഹരിക്കുവാൻ അവനെ സഹായിക്കേണ്ടതാണ്. ഈവിധത്തിലുള്ള പ്രാർത്ഥനയ്ക്ക് സഭ ആമേൻ പറയാതിരിക്കുന്നതും ഉചിതം തന്നെ.

## ● ബലഹീനത ഒരു ബാലശിക്ഷ

ആത്മനിറവിൽ നടന്നുകൊണ്ടിരുന്ന ഒരുവന് തന്റെ ഉള്ളിലെ ആത്മനിറവ് നഷ്ടമാകുന്നത് ഭയങ്കരമായ അവസ്ഥ ആണ്. അവന്റെ ഹൃദയം ശൂന്യമായി ഒരു തരം ഞെരുക്കം ഉള്ളിൽ അനുഭവിക്കുന്നു. കാരണം മരണം ഉള്ളിൽ സംഭവിച്ചിരിക്കുന്നു. അവൻ ബലഹീനനായി തീർന്നിരിക്കുന്നു. ഈ അവസ്ഥയിൽ മുൻപോട്ടു പോകുവാൻ അവന് കഴിയില്ല.

ഈ രീതിയിൽ ദൈവം അവന് ശിക്ഷണം കൊടുക്കുമ്പോൾ വേഗത്തിൽ തന്റെ കുറവുകൾ കണ്ടുപിടിച്ച്, അനുതപിച്ച് ദൈവ കൃപയിലേക്ക് മടങ്ങിവരുവാൻ ഇടയാകുന്നു. ഇങ്ങനെ പല പ്രാവശ്യം അവന്റെ ജീവിതത്തിൽ സംഭവിക്കുമ്പോൾ അവൻ സൂക്ഷ്മദൃഷ്ടി ഉള്ള ഒരു ആത്മീയനായി മാറുകയും ആത്മനിറവിൽ ജീവിക്കുവാൻ അഭ്യസിക്കപ്പെടുകയും ചെയ്യുന്നു.

## ● രോഗം ഒരു ബാലശിക്ഷ

മിക്ക ശാരീരിക രോഗത്തിന്റെയും ഒരു കാരണം ബന്ധങ്ങളിൽ ഉണ്ടാകുന്ന ഇടർച്ചകൾ തക്കസമയത്ത് പരിഹരിക്കാതെ ഹൃദയത്തിൽ കയ്പും വെറുപ്പുമായി ജീവിക്കു

ന്നതുകൊണ്ടാണ്. രോഗസൗഖ്യം നൽകുന്ന ദൈവം ബാലശിക്ഷയായി രോഗം അനുവദിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

അയോഗ്യമായ രീതിയിൽ കർത്തൃമേശയിൽ പങ്കെടുക്കുകയും ബലഹീനൻ ആയി തീരുകയും ചെയ്തിട്ടും തന്റെ ബലഹീനതയുടെ മൂലകാരണം അന്വേഷിക്കുകയോ പരിഹരിക്കുകയോ ചെയ്യാതെ ഇതേ അവസ്ഥയിൽ കർത്തൃമേശയിൽ തുടരുകയും അധികം പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ അത് രോഗത്തിന് കാരണമാകും.

ഇത്തരം രോഗങ്ങൾക്ക് അത്ഭുത രോഗസൗഖ്യം ഉണ്ടാവുകയില്ല. എന്നാൽ പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതപിക്കുമ്പോൾ ദൈവം അവനെ ശുദ്ധീകരിക്കും. അങ്ങനെ ശുദ്ധീകരണത്തിലൂടെ അവൻ സൗഖ്യമാകും. (Healing through sanctification).

### ● മരണം ഒരു ബാലശിക്ഷ

ഇത് ദീർഘായുസ്സ് എത്തും മുമ്പുള്ള മരണമാണ്. അയോഗ്യമായി കർത്തൃമേശയിൽ പങ്കെടുത്ത് ബലഹീനനായി തീർന്ന വ്യക്തി തന്റെ ആത്മീയ ബലഹീനതയുടെ കാരണം പരിശോധിക്കാതെ തുടർന്നും കർത്തൃമേശയിൽ പങ്കെടുക്കുമ്പോൾ രോഗിയായി തീരുന്നു. രോഗിയായി തീർന്നിട്ടും ജീവിതത്തെ പരിശോധിക്കാതെ അയോഗ്യമായി കർത്തൃമേശയിൽ തുടരുമ്പോൾ ആ രോഗം അകാലമരണത്തിനു കാരണമായി തീരുന്നു.

### ● മരണം ഒരു ബാലശിക്ഷയാകുന്നത് എങ്ങനെ?

ലോകജനത്തിനു നൽകുന്ന ശിക്ഷാവിധിയും ദൈവമക്കൾക്ക് നൽകുന്ന ബാലശിക്ഷയും തമ്മിൽ വ്യത്യാസമുണ്ട്. ലോകത്തിനുള്ള ന്യായവിധി അവർ ചെയ്യുന്ന തെറ്റിനുള്ള ശിക്ഷയാണ്. എന്നാൽ ദൈവജനത്തിനുള്ള ബാലശിക്ഷ അവരുടെ വിശുദ്ധീകരണത്തിന് വേണ്ടിയാണ്. ഇവിടെ ശരിയായ പദം ശിക്ഷണം ആണ്, അഥവാ ബാലശിക്ഷണം ആണ് (എബ്രായർ 12:3-13 കാണുക)

മരണം ബാലശിക്ഷണം ആകുന്നതെങ്ങനെ എന്ന് നമുക്ക് ചിന്തയുണ്ടാകാം. ഒരു ദൈവപൈതൽ തന്റെ രോഗം സൗഖ്യമാകാതിരിക്കുമ്പോൾ നിശ്ചയമായും തന്റെ രോഗത്തിനുള്ള കാരണങ്ങൾ ദൈവത്തോട് അന്വേഷിക്കും. രോഗത്താൽ ഉണ്ടാകുന്ന കഷ്ടതയും വേദനയും നിസ്സഹായതയും ദൈവമുഖം അന്വേഷിക്കുവാൻ ഇടയാക്കും. ഈ ശിക്ഷണത്തിലൂടെ കടന്നു പോകുമ്പോൾ തന്റെ സകല പാപങ്ങളേയും കുറിച്ച് അവൻ ആത്മാർത്ഥമായി അനുതപിക്കും. ഇങ്ങനെ മരണാസന്നനായി കിടക്കുമ്പോൾ ദൈവാത്മാവ് ഇടപെട്ട് സകല പാപങ്ങളും അനുതപിക്കുവാൻ അവസരം കൊടുക്കുന്നത് പല ദൈവമക്കളുടെ ജീവിതത്തിലുമുള്ള അനുഭവമാണ്. മരണ അവസ്ഥയിൽ അനുതപിക്കാനുള്ള കൃപ ദൈവം കൊടുക്കുന്നു. കാരണം ദൈവം ഈ വ്യക്തിയെ ലോകത്തോടുകൂടെ ന്യായം വിധിക്കാൻ ആഗ്രഹിക്കുന്നില്ല.

അവന്റെ പാപങ്ങളെ ക്ഷമിക്കുന്നുവെങ്കിലും ഇനി ഭൂമിയിൽ ജീവിക്കുവാൻ അവനെ ദൈവം അനുവദിക്കുന്നില്ല. ഒരു പക്ഷേ ഇനിയും ജീവിതം നീട്ടി കൊടുത്താൽ അവൻ അധികം പാപം ചെയ്യുവാൻ സാധ്യതയുണ്ടാകാം. ഇത് തികച്ചും ദൈവീ

കജ്ഞാനത്തിൽപ്പെട്ട കാര്യമാണല്ലോ. ഇവിടെ മരണം എന്ന അവസ്ഥയല്ല ബാലശിക്ഷ, മരണക്കിടക്കയിൽ അനുഭവിക്കുന്ന കഷ്ടതകളാണ്.

ബാലശിക്ഷണം എപ്പോഴും ഭാവിക്കുവേണ്ടിയാണല്ലോ. അത് വ്യക്തിയുടെ കുറവുകളെ പരിഹരിക്കാൻ വേണ്ടിയാണ്. കഴിഞ്ഞ 25 വർഷത്തെ ശുശ്രൂഷയുടെ കാലയളവിൽ ഇത്തരം രോഗത്തിന്റെ കഷ്ടതയിലൂടെ കടന്നുപോയി പാപങ്ങൾ അനുതപിച്ച ശേഷം ഉടൻ മരിച്ച പലരേയും കാണുവാൻ ഞങ്ങൾക്ക് ഇടയായിട്ടുണ്ട്.

ഇങ്ങനെ അകാല മരണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന മറ്റൊരു വേദഭാഗമാണ് 1 യോഹന്നാൻ 5:16,17. ഈ വേദഭാഗം നമുക്ക് പരിശോധിക്കാം.

## ● മരണത്തിനുള്ള പാപം

*സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവന് ജീവനെ കൊടുക്കും; മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്ക് തന്നെ; മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കണം എന്ന് ഞാൻ പറയുന്നില്ല. ഏതു അനീതിയും പാപം ആകുന്നു. മരണത്തിനല്ലാത്ത പാപം ഉണ്ടുതാനും.*

മരണത്തിനുള്ള പാപം എന്നാൽ പരിശുദ്ധാത്മാവിനെതിരെയുള്ള പാപമായിട്ടാണ് ഇന്നുവരെ പൊതു ക്രിസ്തീയസമൂഹം ധരിച്ചുവച്ചിരിക്കുന്നത്. ഒരു പക്ഷേ കത്തോലിക്കാ സമൂഹം മുതൽ പെന്തക്കോസ്ത്, ന്യൂ ജനറേഷൻ വരെയുള്ള സമൂഹങ്ങളിൽ ഐക്യതയുള്ള ഏക ഉപദേശമാണിതെന്ന് പൊതുവെ കരുതപ്പെടുന്നു. എന്നാൽ ഞങ്ങൾക്ക് ലഭിച്ച ദൈവീകപ്രകാശനം അനുസരിച്ച് ഈ പഠിപ്പിക്കലുകൾ സത്യത്തിനു ഘടകവിരുദ്ധമാണെന്ന് മനസ്സിലാക്കുന്നു. യോഹന്നാൻ പറഞ്ഞിരിക്കുന്ന മരണത്തിനായുള്ള പാപവും പരിശുദ്ധാത്മാവിനെതിരായുള്ള പാപവും എന്താണെന്ന് തുടർന്ന് വിവരിക്കുന്നു.

മരണത്തിനുള്ള പാപത്തെക്കുറിച്ച് വിവരിക്കും മുമ്പ് പരിശുദ്ധാവിനെതിരായുള്ള പാപം എന്താണെന്ന് വ്യക്തമാക്കാം.

## ● പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം

പരിശുദ്ധാത്മാവിനെതിരെയുള്ള പാപം എന്ന് വചനം പറയുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം ക്ഷമിക്കയില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ദൂഷണവാക്കുകൾ ഈ ഭൂമിയിലും വരുവാനുള്ള ലോകത്തിലും ക്ഷമിക്കപ്പെടുകയില്ല എന്ന് തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. മൂന്നു സുവിശേഷങ്ങളിൽ ഈ ഭാഗം രേഖപ്പെടുത്തിയിരിക്കുന്നു. (മത്തായി 12:32; മർക്കോസ് 3:28, 29; ലൂക്കൊസ് 12:10) ആരെങ്കിലും മനുഷ്യപുത്രനുനേരെ ഒരു വാക്കു പറഞ്ഞാൽ അത് അവനോട് ക്ഷമിക്കും; പരിശുദ്ധാത്മാവിനു നേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോട് ക്ഷമിക്കയില്ല എന്നതാണ് ഈ ഭാഗങ്ങളുടെ സാരാംശം.

ഈ വാക്യത്തിന്റെ അർത്ഥം ഗ്രഹിക്കുവാനായി പശ്ചാത്തലം നോക്കേണ്ടതാവശ്യ

മാണ്. മത്തായിയിൽ ഇതിന്റെ പശ്ചാത്തലം വ്യക്തമാക്കിയിട്ടുണ്ട്. മത്തായി 12 : 22 മുതൽ കാണുക.കുരുടനും ഊമനുമായ ഭൂതം ബാധിച്ച ഒരു വ്യക്തിയെ യേശു സൗഖ്യമാക്കുന്നതാണ് പശ്ചാത്തലം. എന്നാൽ ഭൂതങ്ങളുടെ തലവനായ ബെയത്സെബൂലിനെ കൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നത് എന്ന് പരീശന്മാരും ശാസ്ത്രിമാരും യേശുവിനെതിരായി ആരോപണം നടത്തി. (മത്തായി 2:24, മർക്കൊസ് 3:22) ഇവരുടെ ആരോപണത്തിന് മറുപടി പറയുമ്പോഴാണ് പ്രസ്തുത വചനം യേശു പറഞ്ഞത്.

ഇവിടെ പരിശുദ്ധാത്മാവിനെതിരായുള്ള ദൂഷണം എന്താണ്? പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതും കെടുത്തിക്കളയുന്നതുമാണ്, ആത്മാവിനെതിരെയുള്ള പാപമെന്നോ ദൂഷണമെന്നോ ചിലർ ചിന്തിക്കുന്നത്. അങ്ങനെയെങ്കിൽ ഒരു വ്യക്തിയും നിത്യതയിൽ എത്തുകയില്ല. കാരണം ഒരു പ്രാവശ്യമെങ്കിലും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാത്ത ഒരു വിശ്വാസിയും ഉണ്ടാവുകയില്ല. ഓരോ പ്രാവശ്യവും നാം പാപത്തിൽ വീഴുമ്പോൾ അവൻ ദുഃഖിക്കുന്നു. നാം ആത്മാവിനെ അനുസരിക്കാതെ ജഡത്തിൽ നടക്കുമ്പോൾ അവനെ ദുഃഖിപ്പിക്കുകയും ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ നടത്തിപ്പുക്കളെ ഗൗനിക്കാതെ ജഡത്തിൽ നടക്കുമ്പോൾ അവനെ കെടുത്തിക്കളയുകയും ചെയ്യുന്നു.

അങ്ങനെ എങ്കിൽ പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം എന്താണ്? പരിശുദ്ധാത്മാവിനെ അശുദ്ധാത്മാവ് (ബെയത്സെബൂൽ) എന്ന് വിളിച്ചതാണ് ആത്മാവിനെതിരെ അവർ പറഞ്ഞ ദൂഷണം. ഇത് വ്യക്തമാക്കാം. ഈ ഭാഗം എഴുതി അവസാനിപ്പിക്കുമ്പോൾ മർക്കൊസ് 3:30-ൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. അവന് (യേശുവിന്) ഒരു അശുദ്ധാത്മാവുണ്ടെന്ന് അവർ പറഞ്ഞിരുന്നു. ഇത് പറഞ്ഞത് സാധാരണക്കാരായവർ അല്ല, ശാസ്ത്രിമാരാണ്. അത് കേട്ട് മറ്റുള്ളവരും അങ്ങനെ തന്നെ പറയുവാൻ തുടങ്ങി.

ഈ ശാസ്ത്രിമാർ ആരാണ്? മോശെയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നവരാണ് ഇവർ. ന്യായപ്രമാണത്തെയും തിരുവെഴുത്തുകളെയും ദൈവപ്രവർത്തികളെയും ശരിയായ രീതിയിൽ വ്യാഖ്യാനിക്കേണ്ടവരാണിവർ. ആത്മീയകാര്യങ്ങളെക്കുറിച്ചുള്ള അവരുടെ വാക്ക് യിസ്രായേൽ ജനത്തിന് അന്തിമ വാക്കാണ്. യേശുവിന്റെ മേൽ പരിശുദ്ധാത്മാവല്ല അശുദ്ധാത്മാവാണ് ഇരിക്കുന്നത് എന്നാണ് ഇവർ പറഞ്ഞത്. ഇത് വളരെ ഗൗരവമുള്ള വിഷയം തന്നെയാണ്.

പഴയ ഉടമ്പടി കാലഘട്ടത്തിൽ ജീവിച്ചിരുന്ന ദൈവദാസന്മാരുടെ മേൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിനെ മനസ്സിലാക്കുന്നതിനും അത് പഠിപ്പിക്കുന്ന കാര്യത്തിലും അവർക്ക് തെറ്റ് പറ്റിയിട്ടില്ല.

മോശെയുടെ മേലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തികളെ അവർ ശരിയായി പഠിപ്പിച്ചു. ആത്മാവ് ആവസിച്ചിരുന്നതുകൊണ്ട് വലിയ അത്ഭുതങ്ങൾ ചെയ്യുവാൻ മോശെ പ്രാപ്തനായെന്ന് അവർ വ്യാഖ്യാനിച്ചു. യോശുവയുടെ മേൽ പരിശുദ്ധാത്മാവ് വസിച്ചതുകൊണ്ട് സൂര്യനെയും ചന്ദ്രനെയും നിയന്ത്രിക്കുവാൻ കഴിഞ്ഞുവെന്ന് വ്യാഖ്യാനിച്ചതിൽ അവർക്ക് തെറ്റുപറ്റിയില്ല. ഗിദെയോൻ യിപ്താഹ്, ബാരാക്ക് തുടങ്ങിയ ന്യായാധിപന്മാരിലും എന്തിനേറെ പറയുന്നു പാപത്തിൽ കിടന്ന ശിംശോന്റെ മേലും പരിശു

ദ്ധാത്മാവ് ഉണ്ടായിരുന്നതിനാൽ അവർ യുദ്ധത്തിൽ ജയാളികളായി എന്ന് വ്യാഖ്യാനിക്കുന്നതിൽ അവർ കൃത്യത ഉള്ളവരായിരുന്നു. ഏലിയാവ്, എലീശ തുടങ്ങിയ സകല പ്രവാചകന്മാരുടെമേലും ദാവീദ് തുടങ്ങിയുള്ള രാജാക്കന്മാരുടെമേലും ഉള്ള ആത്മശക്തിയെ അവർ ശരിയായി വ്യാഖ്യാനിച്ചു.

എന്നാൽ പരിശുദ്ധാത്മാവിനാൽ കന്യക മറിയയിൽ ഉത്പാദിതമാകുകയും യോർദാൻ നദിയിൽ സ്നാനത്തിങ്കൽ പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവെന്നപോലെ ഇറങ്ങി വന്ന് ആവസിക്കുകയും; 40 ദിവസത്തെ ഉപവാസത്തിന് ശേഷം ആത്മശക്തിയോടെ യിസ്രായേൽ ചരിത്രത്തിൽ നാളിതുവരെ കണ്ടിട്ടില്ലാത്ത അത്ഭുതങ്ങളും വീര്യപ്രവർത്തികളും പ്രവർത്തിച്ച യേശുവിന്റെ മേൽ ഉള്ള പരിശുദ്ധാത്മാവിനെ വ്യാഖ്യാനിക്കുന്നതിൽ ശാസ്ത്രിമാർ പരാജയപ്പെട്ടു. നസറായനായ യേശുവിനെ പരിശുദ്ധാത്മാവുകൊണ്ടും ശക്തികൊണ്ടും ദൈവം അഭിഷേകം ചെയ്തിരുന്നത് തിരിച്ചറിയുവാനും അത് ഇസ്രായേൽജനത്തിന് വെളിപ്പെടുത്തികൊടുക്കുവാനും അവർക്ക് കഴിഞ്ഞില്ല.

'നിന്റെ (യേശുവിന്റെ) മേൽ ഇരിക്കുന്നത് ഞങ്ങളുടെ ന്യായാധിപന്മാരുടെയും പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും മേൽ ഉണ്ടായിരുന്ന പരിശുദ്ധാത്മാവല്ല, പിന്നെയോ അശുദ്ധാത്മാവ് ആണ്; ബെയത്സെബൂൽ ആണ്', എന്നവർ പരസ്യമായി പറഞ്ഞു. യേശുക്രിസ്തുവിൽ പ്രവർത്തിച്ചിരുന്ന പരിശുദ്ധാത്മാവിനെ അശുദ്ധാത്മാവ് എന്ന് വിളിച്ചതാണ് പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം. അത് ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ക്ഷമിക്കപ്പെടുകയില്ല. അവന് (യേശുവിന്) ഒരു അശുദ്ധാത്മാവ് ഉണ്ടെന്ന് അവർ പറഞ്ഞിരുന്നു എന്ന് മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക. (3:30)

എന്നാൽ അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞിരിക്കുന്നത് മരണത്തിനുള്ള പാപത്തെക്കുറിച്ചാണ്. പരിശുദ്ധാത്മാവിനെതിരെയുള്ള യാതൊരു ദൂഷണത്തെക്കുറിച്ചും തന്റെ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുമില്ല. മരണത്തിനുള്ള പാപം എന്തെന്ന് യോഹന്നാൻ തന്റെ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ● മരണത്തിനുള്ള പാപം - പഠനം തുടരുന്നു.

ഈ ലേഖനത്തിൽ പ്രധാനമായും രണ്ട് വിഷയങ്ങളാണ് അപ്പൊസ്തലൻ വ്യക്തമാക്കുന്നത്.

- ■ ഒന്നാമതായി സഹോദരനെ സ്നേഹിക്ക എന്ന കല്പന,
- ■ രണ്ടാമതായി യേശു ജഡത്തിൽ അവതരിച്ച ക്രിസ്തുവാണ് എന്ന ദൈവീക മർമ്മം.

വ്യത്യസ്തമായ വീക്ഷണകോണിലൂടെ ആവർത്തിച്ചാവർത്തിച്ച് ഈ വിഷയങ്ങൾ തന്റെ ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. തുടർന്ന് സഹോദരനെ സനേഹിക്കാത്തവനെ കുറിച്ച് പ്രതിപാദിക്കുന്ന ഭാഗങ്ങൾ മാത്രം രേഖപ്പെടുത്തുന്നു.

- ■ 1 യോഹ.
- ■ 2:3-5 സഹോദരനെ സ്നേഹിക്കുക എന്ന കല്പന ലംഘിക്കുന്നവൻ കള്ളനാകുന്നു
- ■ 9-11 വരെയുള്ള വാക്യങ്ങളിൽ സഹോദനെ പകയ്ക്കുന്നവൻ :

- ഇരുട്ടിൽ ഇരിക്കുന്നു,
- ഇരുട്ടിൽ നടക്കുന്നു,
- ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കി,
- എവിടേക്ക് പോകുന്നു എന്ന് അവൻ അറിയുന്നില്ല എന്നിങ്ങനെ പറഞ്ഞിരിക്കുന്നു.

ഇനി 1:6-ൽ പറയുന്നു: 'അവനോട് കൂട്ടായ്മ ഉണ്ട് എന്ന് പറയുകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല'. ഇവിടെ ഇരുട്ടിൽ നടക്കുക എന്നതിന്റെ അർത്ഥം 2:9-11 വാക്യങ്ങൾ വ്യക്തമാക്കുന്നു അതായത് സഹോദരനെ പകക്കുന്നവനാണ് ഇരുട്ടിൽ നടക്കുന്നത്. 1:7-ൽ പറയുന്നു. "*അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്.*" വെളിച്ചത്തിൽ വസിക്കുന്നു എന്നതിന്റെ അർത്ഥം 2:10-ൽ വ്യക്തമാക്കുന്നു. അതായത് സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു.

ഇനി 3:10-24 വാക്യങ്ങൾ ശ്രദ്ധിക്കുക:

- 3:10 സഹോദരനെ സ്നേഹിക്കാത്തവൻ പിശാചിന്റെ മകൻ,
- ദൈവത്തിൽ നിന്നുള്ളവനല്ല,
- 3:14 സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു,
- 3:15 സഹോദരനെ പകക്കുന്നവനെല്ലാം കൊലപാതകൻ ആകുന്നു,
- നിത്യജീവൻ ഉള്ളിൽ വസിക്കുന്നില്ല,

തുടർന്നുള്ള വാക്യങ്ങളിൽ സഹോദരനെ സ്നേഹിക്കുവാനുള്ള കൽപ്പനകൾ പറഞ്ഞശേഷം 22, 23 വാക്യങ്ങൾ പറയുന്നു.

*'അവന്റെ കൽപ്പനകളെ നാം പ്രമാണിച്ച് അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും. അവന്റെ കൽപ്പനയോ, അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കുകയും അവൻ നമുക്ക് കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ'.*

യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുകയും അവന്റെ കൽപ്പന അനുസരിച്ച് അന്യോന്യം സ്നേഹിക്കുകയും ചെയ്തിട്ട് എന്ത് ചോദിച്ചാലും അവൻ തരുമെന്ന വാഗ്ദത്തം ആണ് ഇത്.

4:7-20 വരെയുള്ള ഭാഗത്ത് സ്നേഹത്തെക്കുറിച്ചുള്ള കൽപ്പനകൾ രേഖപ്പെടുത്തിയിരിക്കുന്നത് കാണുക.

- 4:8 സഹോദരനെ സ്നേഹിക്കാത്തവർ ദൈവത്തെ അറിഞ്ഞിട്ടില്ല
- 4:17 സ്നേഹിക്കാത്തവന് ന്യായവിധി ദിവസത്തിൽ ദൈവത്തെ അഭിമുഖീകരിക്കാൻ ധൈര്യം ഉണ്ടാവുകയില്ല
- 4:20 സഹോദരനെ പകയ്ക്കുന്നവൻ കള്ളൻ ആകുന്നു.

ഇത്രയും വിഷയങ്ങൾ എഴുതി തന്റെ ലേഖനം അവസാനിപ്പിക്കുന്നതിന് മുമ്പ് 5:14, 15ൽ പറയുന്നത് ശ്രദ്ധിക്കുക.

*'അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു'.*

3:22,23 ന്റെ ആവർത്തനമാണ് 5:14,15 വാക്യങ്ങളും. അതായത് യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്കുകയും സഹോദരനെ സ്നേഹിക്ക എന്ന കല്പന അനുസരിക്കുകയും ചെയ്യുന്നവൻ ദൈവത്തോട് എന്ത് അപേക്ഷിച്ചാലും അത് അവന് ലഭിക്കുന്നു. അവന്റെ ഇഷ്ടപ്രകാരം എന്ന് പറഞ്ഞാൽ അവന്റെ കല്പനകളെ അനുസരിക്കുക എന്നർത്ഥം.

ഈ കല്പനകളെ പറഞ്ഞതിന് ശേഷമാണ് 16, 17 വാക്യങ്ങളിൽ മരണത്തിനല്ലാത്ത പാപവും മരണത്തിനുള്ള പാപവും വ്യക്തമാക്കുന്നത്. സഹോദരനെ പകക്കുന്നവനെക്കുറിച്ച് രേഖപ്പെടുത്തിയ വിശേഷണങ്ങൾ നോക്കുക. അവൻ കള്ളനാകുന്നു, മരണത്തിൽ വസിക്കുന്നു, കൊലപാതകനാകുന്നു.... എന്ന് പറഞ്ഞിട്ടാണ് മരണത്തിനുള്ള പാപം ഉണ്ട് എന്ന് പറഞ്ഞിരിക്കുന്നത്. സഹോദരനെ പകക്കുന്നവൻ മരണത്തിൽ വസിക്കുന്നു എന്ന് വ്യക്തമാക്കിയിരിക്കുന്നത് ദയവായി ശ്രദ്ധിക്കുക. സഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു, അത് വേഗത്തിൽ ശാരീരിക മരണത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഈ മരണം ശാരീരിക മരണമാണ്. 1 കൊരി. 11:30 - ൽ പറഞ്ഞിരിക്കുന്ന അകാല മരണമാണിത്. ഇത് ദൈവം അനുവദിക്കുന്ന ബാലശിക്ഷണമാണ്. ആകയാൽ അവനു വേണ്ടി മറ്റൊരു വ്യക്തി പ്രാർത്ഥിച്ചാൽ ദൈവം ജീവനെ കൊടുക്കയില്ല എന്നാണ് യോഹന്നാൻ പറഞ്ഞിരിക്കുന്നത്. എന്നാൽ എല്ലാ പാപങ്ങളും അകാല മരണത്തിലേക്ക് നയിക്കുന്നില്ല. അങ്ങനെയുള്ള ഒരുവന് വേണ്ടി പ്രാർത്ഥിച്ചാൽ ദൈവം സൗഖ്യവും ജീവനും കൊടുക്കും.

സഹോദരനെ സ്നേഹിക്കാത്തവനും ഹൃദയത്തിൽ കയ്പും വെറുപ്പുമായി ജീവിക്കുന്നവനും സഭയിൽ ഇടർച്ച ഉണ്ടാക്കുന്നവനും സഭയെ അലക്ഷ്യമാക്കി സാധുക്കളെ തുച്ഛീകരിക്കുന്നവനും ഇങ്ങനെ കർത്താവിന്റെ മേശയെ അലക്ഷ്യമാക്കുന്നവനും ബലഹീനനായി തീരുന്നു. അനുതപിക്കാതെ ഇത്തരം പാപത്തിൽ തുടരുന്നവർ രോഗിയായി തീർന്ന് ദൈവം അവന് അനുവദിച്ചിരിക്കുന്ന ആയുസ്സ് പൂർത്തീകരിക്കുംമുമ്പേ മരിക്കുന്നു.

### ● ദൈവത്തിന്റ ന്യായാസനം

ബന്ധങ്ങളിലുണ്ടാകുന്ന ഭിന്നതകൾ പരിഹരിക്കാതെ മരിക്കുന്നവർ ദൈവത്തിന്റെ ന്യായാസനത്തിന് മുമ്പാകെ നിൽക്കേണ്ടിവരും. റോമർ 14:10,12 പറയുന്നു.

*"എന്നാൽ നീ സഹോദരനെ വിധിക്കുന്നതു എന്ത്? അല്ല നീ സഹോദരനെ ധിക്കരിക്കുന്നത് എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും. ആകയാൽ നമ്മിൽ ഓരോരുത്തൻ*

*ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടിവരും".*

അന്ന് ദൈവമുമ്പാകെ നിൽക്കുവാൻ അവന് ധൈര്യം ഉണ്ടാവുകയില്ല എന്ന് യോഹന്നാനും വ്യക്തമാക്കുന്നു. (1 യോഹന്നാൻ 4:17)

യാക്കോബ് 5:9-ൽ

*'സഹോദരന്മാരേ വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങി പോകരുത്; ഇതാ ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു '.*

സഹോദരനെ ദുഷിക്കുന്നവനും വിധിക്കുന്നവനും ന്യായം വിധിക്കപ്പെടുമെന്ന് ഈ വചനം വ്യക്തമാക്കുന്നു (യാക്കോബ് 5:11-12 കാണുക).

മത്തായി 5:21-24 വരെയുള്ള ഭാഗത്ത് കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

*'സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാരാ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും. മൂഢാ എന്നുപറഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും'.*

ഇത് വളരെ ഗൗരവമായി നാം സ്വീകരിക്കേണ്ട ദൈവീക മുന്നറിയിപ്പാണ്.

എന്നാൽ അടുത്ത വചനത്തിൽ സഹോദരനുമായി നിരപ്പാകുന്ന കാര്യവും കർത്താവ് പറഞ്ഞിരിക്കുന്നു. സഹോദരനുമായി രമ്യതപ്പെടുവാൻ മനസ്സില്ലാത്തവൻ ദൈവന്യായാസനത്തിനു മുമ്പാകെ വിധിക്കപ്പെടുകയും നരകത്തിലേക്കു തള്ളപ്പെടുകയും ചെയ്യും. ബന്ധങ്ങളിൽ ഇടർച്ച വന്നാൽ എന്ത് വിലകൊടുത്തും അത് പരിഹരിക്കുകയും ബന്ധം നിലനിർത്തുകയും ചെയ്യേണ്ടതാണ്. നാം ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ആത്മാവ് ബോധ്യപ്പെടുത്തി തരികയും നാം അനുസരിക്കുകയും ചെയ്താൽ ന്യായവിധിയിൽ നിന്നും വിടുതൽ ഉണ്ടാകും.

### ● നാം നമ്മെത്തന്നെ വിധിക്കുക

1. കൊരിന്ത്യർ 11:31-ൽ പറയുന്നു നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. ഭിന്നതയിലും കയ്പിലുമാണോ ജീവിക്കുന്നത് എന്ന് പരിശോധിക്കുക. കർത്തൃമേശയുടെ അർത്ഥം അറിയുക, സഭയെ വിവേചിക്കുക, ഇവയോടുള്ള ഒരുവന്റെ മനോഭാവം വചനാനുസൃതം ക്രമീകരിക്കുക, ഇത്തരം അശുദ്ധികൾ ഉണ്ടെങ്കിൽ ദൈവമുൻപാകെയും സഭയിലും അനുതപിക്കുക, ഇങ്ങനെ കുറ്റമറ്റ മനഃസ്സാക്ഷിയിൽ ജീവിക്കുന്നവൻ ദൈവത്താൽ വിധിക്കപ്പെടുകയില്ല. അവന് ബാലശിക്ഷണം ആവശ്യം ഇല്ല.

എന്നാൽ ആരെങ്കിലും ഇത്തരം ബാലശിക്ഷണത്തിനു വിധേയമായെങ്കിൽ അത് ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന് ദൈവം അവനെ ബാലശിക്ഷണം കഴിക്കുകയാകുന്നു (വാക്യം 32 കാണുക).

33, 34 വാക്യങ്ങളിൽ ഈ പഠനഭാഗത്തിന്റെ ഉപസംഹാരമാണ്

*'ആകയാൽ സഹോദരന്മാരെ, നിങ്ങൾ ഭക്ഷണം കഴിപ്പാൻ കൂടുമ്പോൾ അന്യോന്യം കാത്തിരിപ്പിൻ. വല്ലവനും വിശക്കുന്നു എങ്കിൽ നിങ്ങൾ ഒരുമിച്ചു കൂടുന്നതു ന്യായവിധിക്കു ഹേതുവാകാതിരിക്കേണ്ടതിന്നു അവൻ*

*വീട്ടിൽവെച്ചു ഭക്ഷണം കഴിക്കട്ടെ'*

'ആകയാൽ' എന്ന പദം മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളുമായി തുടർന്നു പറയുന്ന കാര്യങ്ങളെ ബന്ധിപ്പിക്കുന്ന പദമാണ്. *'ആകയാൽ സഹോദരന്മാരെ, നിങ്ങൾ ഭക്ഷണം കഴിപ്പാൻ കൂടുമ്പോൾ അന്യോന്യം കാത്തിരിപ്പിൻ'*. കൊരിന്ത്യ സഭയിൽ അവർ തങ്ങളുടെ സഹോദരന്മാർക്ക് വേണ്ടി കാത്തിരിക്കാതെ വിശന്നവർ തങ്ങളുടെ ഭക്ഷണം മുൻപെ കഴിച്ച്, കർത്തൃമേശയെ അലക്ഷ്യമാക്കി. അങ്ങനെ വിശക്കുന്നവൻ ഭവനത്തിൽ വെച്ച് ഭക്ഷണം കഴിച്ചുകൊള്ളണം. അല്ലെങ്കിൽ നിങ്ങൾ കർത്തൃമേശയ്ക്കായി ഒരുമിച്ച് കൂടുന്നത് ന്യായവിധിക്ക് കാരണമാകും. ശേഷം കാര്യങ്ങളെ അപ്പൊസ്തലൻ വന്നിട്ട് ക്രമപ്പെടുത്താം എന്ന് വ്യക്തമാക്കി ഈ ഭാഗം അവസാനിപ്പിക്കുന്നു.

വാക്യം 28-ൽ 'തന്നെത്താൻ പരിശോധിക്കുക'. എന്നതിന്റെ അർത്ഥവും ഇത് തന്നെയാണ്. പരിശോധിക്കുക എന്നുള്ളത് ദൈവം മനുഷ്യന് നൽകിയിരിക്കുന്ന അതിമഹത്തായ ഒരു കൃപയും അനുഗ്രഹവുമാണ്. സ്വയം പരിശോധിക്കുമ്പോൾ പാപത്തെ പരിഹരിച്ച് ശുദ്ധീകരണം പ്രാപിക്കുന്നതിന് അവന് സാധ്യമായി തീരും.

**സംഗ്രഹം**

കൊരിന്ത്യ സഭയിൽ കർത്തൃമേശയിലുണ്ടായ അയോഗ്യമായ രീതികൾ ഇവിടെ വ്യക്തമാണ്.

- കൊരിന്ത്യ സഭയിൽ വിഭാഗീയത ഉണ്ടാകുകയും, സഭയുടെ മുഖമുദ്രയായ സ്നേഹവും ഐക്യതയും സമത്വവും നഷ്ടപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ ദൈവത്തിന്റെ ഭൂമിയിലെ മന്ദിരമാകുന്ന സഭയെ അവർ നശിപ്പിച്ചു.
- അവർ സഭ കൂടിയപ്പോൾ തങ്ങളുടെ സഹോദരന്മാർക്കായി കർത്തൃമേശയിൽ അന്യോന്യം കാത്തിരുന്നില്ല. കർത്തൃമേശ ഒരുമിച്ചു കൂടി ചേയ്യേണ്ട ഒരു ശുശ്രൂഷയായി അവർ മനസ്സിലാക്കിയില്ല.
- അവർ ഒരുമിച്ച് അപ്പം നുറുക്കി യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ ആചരിച്ചില്ല.
- അവർ ഒരുമിച്ചു കൂടി പാനപാത്രം പങ്കിട്ട് യേശുവിന്റെ രക്തത്തിന്റെ കൂട്ടായ്മ ആചരിച്ചില്ല.
- അവർ ഒരുമിച്ച് കൂടി കർത്താവിന്റെ മരണത്തെ പ്രസ്താവിച്ചില്ല. അവർ ഒരുമിച്ച് കർത്താവിന്റെ ശരീരത്തെയും രക്തത്തെയും ധ്യാനിച്ചില്ല.
- അവർ ഒരുമിച്ച് അപ്പത്തിനും പാനപാത്രത്തിനുമായി സ്തോത്രം ചൊല്ലിയില്ല. (1 കൊരിന്ത്യർ 10:15-17) നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം; ഇവിടെ അനുഗ്രഹത്തിന്റെ അർത്ഥം വാഴ്ത്തുക, നന്ദി കരേറ്റുക എന്നിവയാണ്. പൗലൊസ് കർത്താവിൽ നിന്ന് പ്രാപിച്ച കർത്തൃമേശാചരണത്തിന്റെ ശരിയായ രീതി എഴുതുമ്പോൾ 1 കൊരിന്ത്യർ 11:24-ൽ കർത്താവ് അപ്പം എടുത്ത് സ്തോത്രം ചൊല്ലി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനർത്ഥം ദൈവത്തിനു നന്ദി അർപ്പിക്കുക എന്നതാണ്.
- കർത്താവിന്റെ അത്താഴത്തെക്കാളും തങ്ങളുടെ അത്താഴത്തിനു അവർ

പ്രാധാന്യം കൊടുത്തു. വിശന്നവർ തങ്ങളുടെ ഇഷ്ടാനുസരണം ഭക്ഷിച്ചു പാനം ചെയ്തു.

- അമിത ഭക്ഷണവും വീഞ്ഞിന്റെ അമിത ഉപയോഗവും നിമിത്തം പലരും ലഹരി പിടിച്ചവരായി തീർന്നു. കർത്താവിന്റെ മേശ തങ്ങളുടെ ജഡാഭിലാഷം നിവർത്തിക്കുന്നതിനുള്ള വേദിയായി മാറി.
- സഭയിൽ ദരിദ്രരായവരും കർത്തൃമേശയിൽ ഭക്ഷണം കൊണ്ടുവരുവാൻ കഴിയാതിരുന്നവരും വിശന്നിരുന്നു. ഇങ്ങനെ ദരിദ്രരായവർ ധനവാന്മാരായ സഹോദരന്മാരാൽ പരസ്യമായി നിന്ദിക്കപ്പെട്ടു. ദരിദ്രന്മാർ രണ്ടാംകിട പൗരന്മാരായി തരംതാഴ്ത്തപ്പെട്ടു. അവരെ ലജ്ജിപ്പിച്ചു. തന്മൂലം കർത്താവിന്റെ ശരീരമാകുന്ന സഭയെ തുശ്ചീകരിച്ചു.

ഇങ്ങനെ കർത്താവിന്റെ ശരീരമാകുന്ന സഭയെ വിവേചിക്കാതെ അയോഗ്യമായ രീതികളിൽ അവർ കർത്താവിന്റെ മേശയിൽ പങ്കെടുത്ത് ശിക്ഷാവിധിയിൽ അകപ്പെട്ടു.

## അദ്ധ്യായം 7

# ഞാൻ കർത്താവിൽ നിന്ന് പ്രാപിക്കുകയും...

കഴിഞ്ഞ അധ്യായങ്ങളിൽ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രാധാന്യം നാം ചിന്തിച്ചു. കൊരിന്ത്യ സഭയിൽ ഉണ്ടായിരുന്ന അയോഗ്യമായ രീതികളും ദൈവീകമായ ബാലശിക്ഷണവും ചർച്ച ചെയ്യപ്പെട്ടു. തുടർന്ന് 1 കൊരിന്ത്യർ 11:23 - 25 വരെ പൗലൊസ് കർത്താവിൽ നിന്ന് പ്രാപിച്ച് സഭക്ക് എഴുതിയിരിക്കുന്ന കർത്തൃമേശാചരണത്തിന്റെ രീതിയും കർത്തൃമേശയുടെ ഉദ്ദേശ്യവും പുതിയ ഉടമ്പടിയുമാണ് നാം ഇനി ചിന്തിക്കുവാൻ ആഗ്രഹിക്കുന്നത്.

### ● യേശുവിനെ ഓർക്കുക

അപ്പവും പാനപാത്രവും ശിഷ്യന്മാർക്ക് കൊടുത്തതിനുശേഷം തന്റെ ഓർമ്മക്കായി ഇത് ചെയ്‌വിൻ എന്ന് കർത്താവ് അവരോട് പറഞ്ഞു. യേശുകർത്താവിന്റെ ഓർമ്മക്കായിട്ടാണ് കർത്തൃമേശ സ്ഥാപിച്ചിരിക്കുന്നത്. ഓർക്കേണ്ട കാര്യങ്ങൾ ദൃഷ്ടിയിൽ നിന്ന് മാറിക്കഴിയുമ്പോൾ ക്രമേണ മറക്കുന്നത് മനുഷ്യസഹജമാണല്ലോ.

യേശുവിനെ ഓർക്കുക എന്നതിന്റെ അർത്ഥമെന്താണ്? മനുഷ്യനെ നിത്യമായ മരണത്തിൽ നിന്ന് വീണ്ടെടുക്കുവാൻ ജഡത്തിൽ അവതരിച്ച യേശുവിനെ ഓർക്കുക, അവന്റെ ജീവിതത്തെയും സവിശേഷഗുണങ്ങളെയും ഓർക്കുക, അവന്റെ പ്രവർത്തികളെയും ഉപദേശങ്ങളെയും ഓർക്കുക, അവന്റെ ക്രൂശുമരണത്തെയും കഷ്ടത

കളെയും ഓർക്കുക, അവന്റെ പുനരുത്ഥാനത്തെയും ഇപ്പോൾ സ്വർഗ്ഗത്തിൽ നമുക്കായി ചെയ്യുന്ന ശ്രുശ്രൂഷകളെയും ഓർക്കുക. ഇതൊക്കെയാണ് യേശുവിനെ ഓർക്കുക എന്നതിന്റെ അർത്ഥം.

## ● ഉടമ്പടികളും അടയാളങ്ങളും

### ➢ കർത്താവിനെ ഓർക്കുവാൻ ഒരടയാളം എന്തുകൊണ്ട്?

വേദപുസ്തകം ഉടമ്പടികളുടെ പുസ്തകമാണ്. അനേകമായ ഉടമ്പടികൾ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലുള്ളതായ ഉടമ്പടികളും ഈ പുസ്തകത്തിലുണ്ട്.

വേദപുസ്തകത്തിൽ വെളിപ്പെടുന്ന ദൈവം ഉടമ്പടികളുടെ ദൈവമാണ്. വ്യക്തികളോടും സമൂഹത്തോടും മുഴുലോകത്തോടുമായി അവൻ ഉടമ്പടി ചെയ്യുന്നു. മനുഷ്യൻ ദൈവത്തോട് ഒരു അനുഗ്രഹം ചോദിക്കുമ്പോൾ അവൻ ഉടമ്പടിയുമായി മനുഷ്യനെ സമീപിക്കുന്നു.

ഉടമ്പടികൾ സ്ഥാപിച്ചതിനുശേഷം ഉടമ്പടികളെ അഥവാ ഉടമ്പടിയിലെ പ്രതിജ്ഞകളെയും വാഗ്ദത്തങ്ങളെയും ഉറപ്പിക്കുവാനും ഓർമ്മിക്കുവാനും അടയാളങ്ങൾ അഥവാ സ്മാരകങ്ങൾ സ്ഥാപിക്കുക പതിവായിരുന്നു.

ദൈവം നോഹയോടും അവന്റെ സന്തതികളോടും ഭൂമിയിലുള്ള സകല ജീവജാലങ്ങളോടും ഉടമ്പടി ചെയ്തതിന്റെ വിവരണം ഉല്പത്തി 9:9-17 വരെ രേഖപ്പെടുത്തിയിരിക്കുന്നത് ഉദാഹരണമായി എടുക്കാം. മലയാളം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന നിയമം എന്ന പദം ശരിയായ തർജ്ജമ അല്ല. ഉടമ്പടി എന്ന വാക്കാണ് ഇവിടെ ഏറ്റവും ശരിയായിട്ടുള്ളത്. വാക്യം 11-ൽ ഭൂമിയേയും അതിലുള്ള സൃഷ്ടികളെയും ജലപ്രളയത്താൽ ഇനി നശിപ്പിക്കുകയില്ല എന്നുള്ളതാണ് ഉടമ്പടിയിലെ വാഗ്ദത്തം. ഉടമ്പടി വാഗ്ദത്തത്തിന്റെ അടയാളമായി ദൈവം മഴവില്ല് സ്ഥാപിച്ചു. ദൈവം ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ അതിൽ മഴവില്ല് കാണും. അപ്പോൾ ഭൂമിയിലെ സകല സൃഷ്ടികളുമായി ചെയ്തിരിക്കുന്ന ഉടമ്പടി ദൈവം ഓർക്കും. ഉടമ്പടി ഓർക്കേണ്ടതിന് ദൈവം അതിനെ നോക്കും. തന്റെ വാഗ്ദത്തത്തം പാലിക്കുകയും ചെയ്യും.

തന്റെ വാഗ്ദത്തങ്ങൾ ഓർക്കുവാൻ ദൈവത്തിന് അടയാളത്തിന്റെ ആവശ്യം ഉണ്ടോ? ദൈവം വാഗ്ദത്തങ്ങൾ മറക്കുന്നവനാണോ? ഒരിക്കലുമില്ല. അങ്ങനെയെങ്കിൽ ഉടമ്പടി ഓർക്കുവാൻ ദൈവത്തിനു അടയാളത്തിന്റെ ആവശ്യമെന്താണ്? ഒന്നാമതായി ഉടമ്പടിയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സംവിധാനമാണ് അടയാളം. ഉടമ്പടി ചെയ്യുമ്പോൾ അതിനെ എന്നും സ്മരിക്കുവാനും ഉറപ്പിക്കുവാനുമായി അടയാളം സ്ഥാപിക്കുന്നു. രണ്ടാമതായി ഉടമ്പടിയിൽ ഏർപ്പെടുന്ന രണ്ട് കൂട്ടർക്കും പ്രാധാന്യമുള്ളതാണ് അടയാളം. ഇവിടെ ദൈവത്തിനു ഓർക്കുവാൻ മാത്രമല്ല, മനുഷ്യന് ഓർക്കുവാനും ദൈവത്തെ ഓർമ്മിപ്പിക്കുവാനും വേണ്ടിയാണ് അടയാളങ്ങൾ സ്ഥാപിക്കുന്നത്.

യെശയ്യാവ് 62:6,7 വാക്യം പറയുന്നത് നോക്കുക. "*യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്. അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസാവിഷയമാക്കുവോളവും അവനു സ്വസ്ഥത കൊടുക്കയുമരുത്*"

മാത്രമല്ല ഈ അടയാളം ദൈവത്തിന്റെ വാഗ്ദത്തത്തിൻമേൽ നമുക്ക് ഉറപ്പുനൽകുന്നു, വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു, ദൈവത്തിലുള്ള ആശ്രയത്തെ ഉറപ്പിക്കുന്നു, ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനെന്നും വാക്ക് പറഞ്ഞാൽ മാറാത്തവൻ എന്നുമുള്ള അവന്റെ സ്വഭാവത്തെ നമുക്ക് വെളിപ്പെടുത്തുന്നു.

## ● അബ്രഹാമുമായുള്ള ഉടമ്പടി

മറ്റൊരു വേദഭാഗവും കൂടി നമുക്ക് പരിശോധിക്കാം. ഉല്പത്തി പന്ത്രണ്ടാം അധ്യായത്തിൽ അബ്രഹാമിനെ വിളിക്കുകയും അവനെ ബഹുജാതികൾക്ക് പിതാവാക്കുമെന്നും കനാൻ ദേശം അവന്റെ സന്തതികൾക്ക് ശാശ്വത അവകാശമായി നൽകുമെന്നും ദൈവം അവനോട് വാഗ്ദത്തം ചെയ്തു. വീണ്ടും ഇതേ വാഗ്ദത്തങ്ങൾ ദൈവം അബ്രഹാമിനോട് ആവർത്തിക്കുന്നത് പതിനഞ്ചാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 15 : 1-7 വരെ അവന് സന്തതികളെ കൊടുക്കുമെന്ന് വാഗ്ദത്തം ചെയ്തു. ഏഴാം വാക്യത്തിൽ കനാൻ ദേശം അവന് അവകാശമായി കൊടുക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു. എട്ടാം വാക്യത്തിൽ അബ്രഹാമിന്റെ പ്രതികരണം നോക്കുക "കർത്താവായ യഹോവ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളതു എനിക്കു എന്തൊന്നിനാൽ അറിയാം എന്ന് അവൻ ചോദിച്ചു. ദൈവത്തിന്റെ വാഗ്ദത്തത്തെ ഉറപ്പിച്ചു കിട്ടുവാനുള്ള താൽപര്യമാണ് അവന്റെ വാക്കുകൾ വ്യക്തമാക്കുന്നത്. അബ്രഹാമിന്റെ ആഗ്രഹം മനസ്സിലാക്കിയ ദൈവം അവനുമായി ഒരു ഉടമ്പടിക്ക് തയ്യാറായി. 15:18-ൽ അത് വ്യക്തമാക്കിയിരിക്കുന്നു. അന്ന് യഹോവ അബ്രഹാമിനോട് ഒരു ഉടമ്പടി ചെയ്ത് കനാൻ ദേശം അവന് ഉറപ്പിച്ചു കൊടുത്തു.

ഒരു മൃഗത്തെ രണ്ടായി പിളർന്ന് ആ ഭാഗങ്ങളെ നേർക്കുനേർ വെച്ച് ഭാഗങ്ങളുടെ നടുവിലൂടെ എട്ടിന്റെ ആകൃതിയിൽ നടന്ന് ഉടമ്പടി ഉറപ്പിക്കുക എന്നത് പ്രചീന കാലം മുതൽ മനുഷ്യരുടെ ഇടയിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായമായിരുന്നു. അങ്ങനെ അബ്രഹാം മൃഗങ്ങളെ പിളർന്നു അതിന്റെ ഭാഗങ്ങളെ നേർക്കുനേർ വച്ച് ദൈവത്തെ കാത്തിരുന്നു.

ഉല്പത്തി 15:17-ൽ പറയുന്നു; '*സൂര്യൻ അസ്തമിച്ചു ഇരുട്ടായശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവെ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി*'.

അങ്ങനെ ദൈവം ആ ഭാഗങ്ങളുടെ നടുവേ കടന്നുപോയി അബ്രഹാമിനോടുള്ള തന്റെ ഉടമ്പടി ഉറപ്പിച്ചു. അനേക നൂറ്റാണ്ടുകൾക്ക് ശേഷം സിദെക്കിയ രാജാവിന്റെ കാലത്ത് യിസ്രായേൽ ജനം കാളക്കുട്ടിയെ പിളർന്ന് അതിന്റെ നടുവിലൂടെ നടന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുന്നത് യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിൽ 34:6-22 വരെയുള്ള ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത് കാണുക.

ഇത്തരത്തിലുള്ള ഉടമ്പടിയുടെ അർത്ഥമെന്താണ്? ഇവിടെ മൃഗത്തിന്റെ ഉടലുകൾ പിളർന്നപ്പോൾ രക്തവും ചൊരിഞ്ഞിട്ടുണ്ടല്ലോ ഒരു ഉടമ്പടി സ്ഥാപിക്കുവാൻ രക്തം ആവശ്യമാണ്. ഇത് രക്ത ഉടമ്പടിയാണ്. രക്തം എല്ലായ്പോഴും സംസാരിക്കുന്നു. രക്തം ഈ ഉട

മ്പടിക്ക് സാക്ഷിയാണ്. ഈ പിളർക്കപ്പെട്ട മൃഗത്തിന്റെ ഉടലുകൾ ഒന്നായി ചേർന്ന് മൃഗം ഇനിമേൽ ജീവിക്കുകയില്ല. അങ്ങനെ സംഭവിച്ചിട്ടല്ലാതെ ഈ ഉടമ്പടി ലംഘിക്കുവാൻ പാടില്ല. ഇരുപക്ഷത്തിൽ ആരെങ്കിലും ഈ ഉടമ്പടി ലംഘിച്ചാൽ അവന് ഈ മൃഗത്തിന്റെ അനുഭവം ഉണ്ടാകും. യിരെമ്യാവിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉടമ്പടി ജനം ലംഘിച്ചപ്പോൾ അവർക്ക് ന്യായവിധി ഉണ്ടായി.

ഈ ഉടമ്പടിയുടെ മറ്റൊരു സവിശേഷത ഉടമ്പടിയിൽ ഏർപ്പെടുന്ന രണ്ട് വ്യക്തികളും മൃഗങ്ങളുടെ ഉടലുകളുടെ ഭാഗങ്ങളുടെ ഇടയിൽ മധ്യഭാഗത്ത് വരികയും ഉടമ്പടി വാചകങ്ങൾ പ്രഖ്യാപിച്ച് രണ്ടുപേരും വിപരീത ദിശയിൽ എട്ടിന്റെ ആകൃതിയിൽ നടക്കുകയും വേണം എന്നുള്ളതാണ്. അങ്ങനെ വീണ്ടും അവർ മധ്യഭാഗത്ത് എത്തിച്ചേർന്ന് ഉടമ്പടി ഉറപ്പിക്കുന്നു. വേദപുസ്തകത്തിൽ നിത്യതയെ കാണിക്കുന്ന സംഖ്യയാണ് എട്ട്. ഇത് അർത്ഥമാക്കുന്നത് ഈ ഉടമ്പടി നിത്യമായ ഉടമ്പടിയാണെന്നാണ്.

ദൈവം അബ്രഹാമിനോട് ചെയ്ത ഉടമ്പടിയിൽ മൃഗങ്ങളുടെ ഉടലിന്റെ ഇടയിലൂടെ ദൈവം മാത്രമേ കടന്നുപോയുള്ളൂ; കാരണം നിത്യനായ ദൈവത്തിന്റെ കൂടെ ഉടമ്പടി ചെയ്യുവാനുള്ള പ്രാപ്തി കേവലം മനുഷ്യനായ അബ്രഹാമിനില്ലല്ലോ.

## ● അബ്രഹാമ്യ ഉടമ്പടിയും പരിച്ഛേദന അടയാളവും

വീണ്ടും ഉല്പത്തി പതിനേഴാം അധ്യായത്തിൽ ദൈവം അബ്രഹാമിനോട് ഉടമ്പടി ചെയ്ത് അവനെ ബഹുജാതികൾക്ക് പിതാവാക്കും എന്ന വാഗ്ദത്തം ഉറപ്പിച്ച് പരിച്ഛേദന ആ ഉടമ്പടിക്ക് അടയാളമായി സ്ഥാപിച്ചു. ഉല്പത്തി 17:11-ൽ പറയുന്നു.

' നിങ്ങളുടെ അഗ്രചർമ്മം പിരിച്ഛേദന ചെയ്യണം. അതു എനിക്കും
നിങ്ങൾക്കും മദ്ധ്യേയുള്ള ഉടമ്പടിയുടെ അടയാളം ആകും. '

ഉല്പത്തി 22:17-ൽ ദൈവം അവന് കടൽക്കരയിലെ മണൽ പോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും സന്തതിയെ കൊടുക്കുമെന്ന് വാഗ്ദത്തം ചെയ്തപ്പോൾ അവൻ ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു എന്ന് എഴുതിയിരിക്കുന്നു. റോമർ 4:11-ൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുക. 'അഗ്രചർമ്മത്തിൽ വച്ചുണ്ടായിരുന്ന വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയാളം അവന്ന് ലഭിച്ചു'.

ബഹുജാതികൾക്ക് പിതാവാകുമെന്നുള്ള വാഗ്ദത്തത്തെ ഉറപ്പിച്ച് അതിനു അടയാളം സ്ഥാപിച്ചപ്പോൾ വാഗ്ദത്തവും അടയാളവും തമ്മിലുള്ള ചേർച്ച എത്ര ശ്രേഷ്ഠം ആണെന്ന് നോക്കുക. 17:13-ൽ എന്റെ ഉടമ്പടി നിങ്ങളുടെ ദേഹത്തിൽ നിത്യ ഉടമ്പടി ആയിരിക്കണം എന്ന് ദൈവം പറയുന്നു. ഇതും രക്ത ഉടമ്പടി തന്നെയാണ്. ഇസ്രായേൽ ജനം ഈജിപ്തിൽ അത്ഭുതപൂർവമായി വർദ്ധിച്ചു പെരുകിയതിന്റെ രഹസ്യം ഇതു തന്നെ. *'ഞാൻ നിന്നെ വർദ്ധിപ്പിച്ച് കടൽതീരത്തെ മണൽത്തരിപോലെയും ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും ആക്കും'* എന്ന അബ്രഹാമിനോടുള്ള ഉടമ്പടിയുടെ അടയാളം തന്റെ ജനനേന്ദ്രിയത്തിൽ വഹിക്കുന്ന ഒരു യിസ്രയേൽ പുരുഷൻ തന്റെ

ഭാര്യയുടെ അടുക്കൽ ചെല്ലുമ്പോൾ അത് ഫലശൂന്യമാകുന്നില്ല. അവരുടെ ഓരോ ബന്ധങ്ങളും ഉടമ്പടിയുടെ ദൈവത്തോടുള്ള ഓർപ്പിക്കൽ ആയി തീരുകയും ഈജിപ്തിൽ വിസ്ഫോടകാത്മകമായ രീതിയിൽ ജനം പെരുകുകയും ചെയ്തു.

## ● യാഗവും ഉടമ്പടിയും

ദൈവം യിസ്രയേലിനോട് ഉടമ്പടി ചെയ്യുമ്പോഴും അവിടെ യാഗവും ഉടമ്പടിയും ഒരുമിച്ച് കാണുവാൻ കഴിയും. പുറപ്പാട് 24:4-ൽ മോശെ ദൈവത്തിന്റെ വചനങ്ങളെ ഒക്കെയും എഴുതിയതിനു ശേഷം യാഗപീഠം പണിത് ഹോമയാഗങ്ങളും സമാധാന യാഗങ്ങളും അർപ്പിച്ചു. രക്തത്തിന്റെ പകുതി യാഗപീഠത്തിന്മേൽ തളിച്ച്, പകുതി പാത്രത്തിൽ ഒഴിച്ചു. മോശെ ഉടമ്പടി പുസ്തകമെടുത്ത് ജനം കേൾക്കെ വായിച്ചു. അപ്പോൾ യഹോവ കല്പിച്ചതുപോലെ ഒക്കെയും തങ്ങൾ ചെയ്യുമെന്നു ജനം പറഞ്ഞു. അങ്ങനെ ഉടമ്പടിയിലെ രണ്ടാം കക്ഷി ഉടമ്പടി വചനങ്ങൾ അംഗീകരിച്ചപ്പോൾ പാത്രത്തിലെ രക്തമെടുത്ത് മോശെ ജനത്തിന്റെ മേൽ തളിച്ചു. *'ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന ഉടമ്പടിയുടെ രക്തം ഇതാ'* എന്നുപറഞ്ഞ് ഉടമ്പടി ഉറപ്പിച്ചു.

എബ്രായർ 9:18-22 വരെ യാഗവും ഉടമ്പടിയും തമ്മിലുള്ള ബന്ധം പരിശുദ്ധാത്മാവ് വ്യക്തമാക്കുന്നത് നോക്കുക. ഇവിടെ രക്തം തളിച്ച് ഉടമ്പടി ഉറപ്പിക്കുന്നു. അതേ രക്തത്താൽ ശുദ്ധീകരണവും സാധ്യമായി. തൽഫലമായി ദൈവത്തോട് നമുക്ക് നിരപ്പും സമാധാനവും ഉണ്ട്. നാം നീതീകരിക്കപ്പെട്ട് നീതിമാന്മാരായി.

യേശുവിന്റെ ശരീരം ഉടമ്പടി ശരീരവും കൂടെയാണ്. യേശുവിന്റെ ശരീരത്തിലാണ് ദൈവം പുതിയ ഉടമ്പടി ചെയ്തത് (അബ്രഹാമ്യ ഉടമ്പടികൾ നോക്കുക). യേശുവിന്റെ രക്തം പുതിയ ഉടമ്പടിക്കുള്ള രക്തമാണ്. രക്തത്താലാണ് ഉടമ്പടി സ്ഥാപിച്ചിരിക്കുന്നത് (എബ്രായർ 9:18). ഉടമ്പടിയിലെ വാഗ്ദത്തങ്ങൾ ശരീരത്താലും രക്തത്താലും ഉറപ്പിച്ചിരിക്കുന്നതിനാൽ അത് നിത്യവാഗ്ദത്തങ്ങൾ ആകുന്നു. യാഗത്തിന്റെ അനന്തര ഫലമാണ് ഉടമ്പടി. അല്ലെങ്കിൽ ആദ്യം യാഗവും അതിനുശേഷം യാഗത്തോടുകൂടെ ഉടമ്പടിയും ചേർന്നു വരുന്നു. സങ്കീർത്തനം 50:5 ഈ അർത്ഥത്തെ വ്യക്തമാക്കുന്നു. യാഗം കഴിച്ച് ദൈവത്തോട് ഉടമ്പടി ചെയ്യുന്നതാണ് ഇവിടുത്തെ വിഷയം.

*'യാഗം കഴിച്ച് എന്നോട് ഉടമ്പടി ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ'.*

## ● യേശുവിന്റെ മരണത്തിന്റെ രണ്ട് മർമ്മങ്ങൾ

എബ്രായർ 9:15 പറയുന്നു. *'അതുനിമിത്തം ആദ്യഉടമ്പടിയിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന്നു അവൻ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ ആകുന്നു.*

ഇവിടെ യേശുവിന്റെ മരണത്തിന്റെ രണ്ടുവശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വാക്യത്തെ പഠനസൗകര്യത്തിനായി രണ്ടായി വിഭജിക്കുന്നു.

1. ആദ്യ ഉടമ്പടിയിലെ ലംഘനങ്ങളിൽ നിന്നും വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായി. 2. നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന്നു അവൻ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനാകുന്നു.

## ● യേശുവിന്റെ മരണത്തിന്റെ ഒന്നാം മർമ്മം

ആദ്യഭാഗത്തിന്റെ അർത്ഥം നമുക്ക് ശ്രദ്ധിക്കാം. സകല മനുഷ്യരും ദൈവത്തിന്റെ കല്പന ലംഘിച്ച് പാപികൾ ആയി. തന്മൂലം ദൈവ ക്രോധത്തിലും നിത്യമരണത്തിലുമായി തീർന്നു. തുടർന്ന് ദൈവം തന്റെ ന്യായപ്രമാണം നൽകി ന്യായപ്രമാണത്തിൻ കീഴെ നമ്മെ അടച്ച് സൂക്ഷിച്ചിരുന്നു. (ഗലാത്യർ 3:23) ന്യായപ്രമാണം ലംഘിച്ചതിലൂടെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ ശാപത്തിൻ കീഴിലുമായി (ഗലാത്യർ 3:10-13). ആയതിനാൽ നമ്മെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും ന്യായപ്രമാണത്തിന്റെ അടിമത്തത്തിൽ നിന്നും വിലയ്ക്ക് വാങ്ങേണ്ടതും ആവശ്യമായിരുന്നു.

ന്യായപ്രമാണത്തിൽ നിന്നും അതിന്റെ ലംഘനങ്ങളിൽ നിന്നും അനന്തരഫലമായ ശാപത്തിൽ നിന്നും നമ്മെ വിലയ്ക്ക് വാങ്ങിയത് യേശുവിന്റെ യാഗമരണത്താൽ ആയിരുന്നു. യേശുവിന്റെ  രക്തത്താലും ശരീരത്താലും ആണ് അത് സാധ്യമായത്.

പിതാവാം ദൈവം ലോകത്തിന്റെ പാപത്തെ യേശുവിന്റെ ശരീരത്തിൽ ചുമത്തി. യേശു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൽ കയറി. ദൈവം യേശുവിനെ നമുക്ക് വേണ്ടി പാപമാക്കി. പാപത്തിനു യേശുവിന്റെ ജഡത്തിൽ ശിക്ഷ വിധിച്ചു. അങ്ങനെ നമ്മെ പാപത്തിന്റെ ശമ്പളമായ മരണമെന്ന ശിക്ഷയിൽ നിന്നും വിടുവിച്ചു. യേശുവിന്റെ രക്തം നമ്മുടെ ജീവന് പകരമായി ദൈവത്തിനു നല്കി നമ്മെ ദൈവകോപത്തിൽ നിന്ന്; അതായത് നിത്യമരണത്തിൽ നിന്ന് വീണ്ടെടുത്തു. ന്യായപ്രമാണത്തിൽ നിന്നും നമ്മെ ദൈവത്തിനായി വിലയ്ക്ക് വാങ്ങി. രക്തത്താൽ നമ്മുടെ പാപങ്ങളെ മോചിച്ച് നമ്മെ ശുദ്ധീകരിച്ചു. ഇതാണ് യേശുവിന്റെ മരണത്തിന്റെ ഒന്നാമത്തെ അർത്ഥം.

## ● യേശുവിന്റെ മരണത്തിന്റെ രണ്ടാം മർമ്മം

യേശുവിന്റെ മരണം യാഗം മാത്രമല്ല. അത് ഉടമ്പടി മരണവും കൂടിയാണ്. ഉടമ്പടി ചെയ്യുവാൻ ശരീരവും രക്തവും ആവശ്യമാണെന്ന് ഞങ്ങൾ മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ യേശുവിന്റെ ശരീരവും രക്തവും മുഖാന്തരം ദൈവം ലോകത്തോട് പുതിയ ഉടമ്പടി ചെയ്ത് ഉറപ്പിച്ചു. ഇത് നിത്യ ഉടമ്പടിയാണ്. എബ്രായർ 9:15 ന്റെ രണ്ടാം ഭാഗം ശ്രദ്ധിക്കുക 'നിത്യ അവകാശത്തിന്റെ വാഗ്ദത്തം  വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിനു അവൻ പുതിയ ഉടമ്പടിയുടെ മധ്യസ്ഥനാകുന്നു'.

തന്റെ ശരീരത്താലും രക്തത്താലും പുതിയ ഉടമ്പടി സ്ഥാപിച്ച് യേശു പുതിയ ഉടമ്പടിയുടെ കർത്താവായി തീർന്നു. മാത്രമല്ല അവൻ പുതിയ ഉടമ്പടിയുടെ ഉത്തരവാദിയും മധ്യസ്ഥനുമായി തീർന്നു.

യേശുവിന്റെ ശരീരം അനേകർക്ക് വേണ്ടി നൽകിയ ശരീരമാണ്. അതായത് മനുഷ്യന്റെ പാപത്തിന്റെ ശിക്ഷ വഹിക്കുകയും തുടർന്ന് ഉടമ്പടി ഉറപ്പിക്കുകയും ചെയ്ത

ശരീരമാകുന്നു. യേശുവിന്റെ രക്തം അനേകർക്ക് വേണ്ടി പാപ മോചനത്തിനായി ചൊരിഞ്ഞ പുതിയ ഉടമ്പടിയുടെ രക്തമാണ്. (മത്തായി 26:28 കാണുക). രക്തം പാപം മോചിക്കുകയും ഉടമ്പടി ഉറപ്പിക്കുകയും ചെയ്യുന്നു.

*ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിത്യ ഉടമ്പടി രക്തത്താൽ നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാനന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന് എന്നേക്കും മഹത്വം ആമേൻ. (എബ്രായർ 13:20, 21)*

ഈ വാക്യം ലളിതമായി മനസ്സിലാക്കേണ്ടതിനായി മൂലഭാഷയുടെ അർത്ഥത്തോട് നീതി പുലർത്തിക്കൊണ്ട് മലയാളഭാഷാഘടനയിൽ ചെറിയ മാറ്റം വരുത്തിയാണ് ഇവിടെ എഴുതിയിരിക്കുന്നത്. ഇന്ന് ദൈവം തന്റെ ജനത്തോട് ഇടപെടുന്നത് നിത്യ ഉടമ്പടിയുടെ രക്തം മുഖാന്തരമാണെന്ന് ഈ വചനം വ്യക്തമാക്കുന്നു. അവന്റെ ഇഷ്ടം ചെയ്യുവാൻ തക്കവണ്ണം എല്ലാ നന്മയിലും നമ്മെ യഥാസ്ഥാനപ്പെടുത്തുന്നത് ഈ പുതിയ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ്. അവനു പ്രസാദമുള്ളത് യേശുക്രിസ്തു മുഖാന്തരം (പുതിയ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ) നമ്മിൽ നിവർത്തിക്കും.

എബ്രായർ 10:29-ലും യേശുവിന്റെ രക്തത്തിന്റെ രണ്ട് മർമ്മങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

*'ദൈവപുത്രനെ ചവിട്ടികളയുകയും തന്നെ വിശുദ്ധീകരിച്ച ഉടമ്പടി രക്തത്തെ മലിനം എന്നു നിരൂപിക്കുയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിപ്പിൻ.'*

ഒന്നാമത് രക്തം നമ്മെ വിശുദ്ധീകരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. നമ്മുടെ പാപം പോക്കി നമ്മെ ദൈവത്തിനായി വേർതിരിച്ചിരിക്കുന്നു എന്നർത്ഥം. മാത്രമല്ല യേശുവിന്റെ രക്തം ഉടമ്പടി രക്തവും കൂടെയാണ്. ഈ വേദഭാഗത്തെ കുറിച്ച് വേദപുസ്തക പഠിതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉള്ളതിനാൽ വായനക്കാരന് ഈ ഭാഗം വ്യക്തമാക്കി കൊടുക്കേണ്ടത് ഉചിതമെന്ന് കരുതുന്നു. ആയതിനാൽ പ്രസ്തുത വിഷയം നമ്മുടെ പഠനവിഷയമല്ലാത്തതിനാൽ അനുബന്ധമായി ഇവിടെ ചേർക്കുന്നു.

## ● മനഃപൂർവ്വപാപം - ഒരു അനുബന്ധം

എബ്രായർ 10:26 പറയുന്നു;

*'സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപത്തിനുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ......'*

ഇവിടെ പറഞ്ഞിരിക്കുന്ന സത്യത്തിന്റെ പരിജ്ഞാനം എന്താണ്? ഈ ലേഖനത്തിന്റെ മുൻ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവീകസത്യങ്ങളാണവ. നിത്യ രക്ഷയെക്കുറിച്ചുള്ള വചനമാണ് സത്യം. നിത്യ തേജസ്സും നിത്യ രാജ്യവും നമുക്ക് നൽകു

വാൻ വേണ്ടി യേശുക്രിസ്തുവിന്റെ ക്രൂശു മരണം മൂലം ദൈവം എന്തെല്ലാം പൂർത്തീകരിച്ചുവോ അതാണ് സത്യം. ഈ പുസ്തകത്തിന്റെ മുൻ അദ്ധ്യായങ്ങളിൽ നാം ചർച്ച ചെയ്തുകൊണ്ടിരുന്നത് ഈ സത്യമാണ്. പിതാവാം ദൈവത്തെക്കുറിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുമുള്ള അറിവാണ് സത്യം. 10:32-ൽ ഈ സത്യത്തിന്റെ പ്രകാശനം ലഭിച്ചതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് കാണുക. ഈ സത്യം സ്വീകരിക്കുവാൻ ദൈവം അവരുടെ ഹൃദയകണ്ണുകളെ തുറന്നു എന്നർത്ഥം. ഇങ്ങനെ സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം മനഃപ്പൂർവ്വം പാപം ചെയ്താൽ ഭയങ്കരമായ ന്യായവിധിയുടെ കോപാഗ്നി മാത്രമേ ഉള്ളൂ. കാരണം ഇനി പാപങ്ങൾക്കുവേണ്ടി മറ്റൊരു യാഗവും ഇല്ല.

മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന് മരണശിക്ഷ വിധിച്ചിരുന്നു. (വാക്യം 28) അതുപോലെ പുതിയ ഉടമ്പടിയിലെ യേശുവിന്റെ ശരീരവും രക്തവും മൂലമുള്ള പാപപരിഹാര യാഗത്തെ തള്ളികളഞ്ഞാൽ ഇനി പാപങ്ങൾക്കുവേണ്ടി മറ്റൊരു യാഗവും ഇല്ലാത്തതിനാൽ നിത്യ ന്യായവിധി മാത്രമേ ഉള്ളൂ.

വാക്യം 29 മനഃപൂർവ്വപാപമെന്തെന്ന് വെളിപ്പെടുത്തുന്നു. സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം ദൈവപുത്രനെ ചവിട്ടിക്കളയുന്നതാണ് ഒന്നാമത്തെ മനഃപൂർവ്വപാപം. പ്രാചീന കാലങ്ങളിൽ യുദ്ധത്തിൽ പരാജയപ്പെടുന്ന പടയാളികളുടെ കഴുത്തിൽ ജയിക്കുന്ന പടയാളികൾ ചവിട്ടുക പതിവായിരുന്നു (യോശുവ 10:24). വളരെ ഹീനമായി അവരെ നിന്ദിക്കുന്നതിന്റെ അടയാളമാണിത്. അതുപോലെയാണ് നിത്യജീവന് ഏക മാർഗ്ഗമായ ദൈവപുത്രനെ ചവിട്ടിക്കളയുന്നത്.

തങ്ങളെ വിശുദ്ധീകരിച്ച ഉടമ്പടി രക്തത്തെ മലിനം എന്ന് എണ്ണുന്നതാണ് രണ്ടാമത്തെ മനഃപൂർവ്വപാപം. മൃഗങ്ങളുടെ രക്തത്തെക്കാളും യേശുവിന്റെ രക്തത്തെ തരംതാണതായി വിചാരിക്കുക, യേശുവിന്റെ രക്തം അശുദ്ധമാണെന്നും പാപമോചനത്തിനുള്ള ശക്തിയില്ലെന്നും ചിന്തിക്കുക എന്നിവയാണിതിന്റെ അർത്ഥം.

മൂന്നാമത്തേത് കൃപയുടെ ആത്മാവിനെ നിന്ദിക്കുകയാണ്. ഒരുവനിൽ വീണ്ടെടുപ്പ് പ്രവർത്തി ആരംഭിച്ച് വളർത്തി, പൂർത്തീകരിച്ച് യേശുവിന്റെ വരവിങ്കൽ അവന്റെ ശരീരത്തെയും കൂടെ വീണ്ടെടുത്ത് നിത്യതയിൽ എത്തിക്കുവാനാണ് പരിശുദ്ധാത്മാവിനെ നല്കിയിരിക്കുന്നത്. എന്നാൽ ഈ ദൈവകൃപയെയും നമ്മിൽ പകർന്ന പരിശുദ്ധാത്മാവിനെയും നിന്ദിക്കുന്നതാണ് ഇവിടെ പറഞ്ഞിരിക്കുന്ന മനഃപൂർവ്വപാപം.

ഇങ്ങനെ ഈ ആത്മീയ സത്യങ്ങളുടെ പരിജ്ഞാനം ലഭിച്ചിട്ട് ഈ സത്യത്തെ വിട്ട് പിൻമാറി പോകുന്നതാണ് ഇവിടുത്തെ മനഃപൂർവ്വപാപം. എബ്രായ ലേഖനത്തിൽ അനേക പ്രാവശ്യം ഈ സത്യത്തിൽ നിന്നും വിശ്വാസ മാർഗ്ഗത്തിൽ നിന്നും പിൻമാറി പോകരുത് എന്ന് പ്രബോധിപ്പിക്കുന്നുണ്ട് (2:1-4, 3:12, 4:1-2, 6:4-8)

മാത്രമല്ല, ഈ വിശ്വാസമാർഗ്ഗത്തിൽ അവസാനം വരെ തുടരണം. അങ്ങനെ എങ്കിൽ നാം തന്നെ അവന്റെ ഭവനം ആകും. ദൈവം തന്റെ തേജസ്സിനാൽ നമ്മിൽ വസിക്കുമ്പോഴാണ് നാം അവന്റെ ഭവനമാകുന്നത്. ഇത് നമ്മുടെ തേജസ്ക്കരണത്തെ കാണിക്കുന്നു (3:6). 3:14-ൽ ആദ്യ വിശ്വാസം അവസാനത്തോളം മുറുകെപ്പിടിക്കുന്ന കാര്യം പറഞ്ഞിരിക്കുന്നു. തുടർന്ന് യിസ്രായേൽ ജനം; കേട്ട വചനം വിശ്വാസമായി പരിണമിക്കാതിരുന്നതുകൊണ്ട് അവർ പാപം ചെയ്തു പിൻമാറിപ്പോയി എന്ന് പറയുന്നു. ഇങ്ങനെ

അവിശ്വാസം നിമിത്തം അവർക്ക് വാഗ്ദത്തത്തിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല (3:19). അതുപോലെ നാമും സുവിശേഷം കേട്ടു; ഇനി വിശ്വാസത്തിൽ തുടരണം (4:1 - 11). ഇതിനെ തുടർന്നാണ് (6:4 - 6) വരെയുള്ള വാക്യങ്ങളിൽ ലേഖനകർത്താവ് പറയുന്നത്:

*'ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേയ്ക്കു പുതുക്കുവാൻ കഴിവുള്ളതല്ല.'*

ഈ വാക്യത്തിൽ പ്രതിപാദിക്കുന്ന 4 കാര്യങ്ങൾ ശ്രദ്ധിക്കുക.

- സ്വർഗ്ഗീയ ദാനം ആസ്വദിക്കുക അഥവാ രക്ഷയും നീതിയും അനുഭവിക്കുക
- പരിശുദ്ധാത്മാവിനെ പ്രാപിക്കുക.
- ദൈവത്തിന്റെ നല്ല വചനം ആസ്വദിക്കുക.

6:1 - 3 വരെ പറഞ്ഞിരിക്കുന്ന അടിസ്ഥാന ഉപദേശങ്ങളും തുടർന്ന് പരിജ്ഞാനപൂർത്തിയിലേയ്ക്ക് നയിക്കുന്ന വചനങ്ങളുമാണിവ.

- വരുവാനുള്ള ലോകത്തിന്റെ ശക്തി ആസ്വദിക്കുക.

ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ വരുവാനുള്ള ലോകത്തിന്റെ ശക്തിയെ ആസ്വദിക്കുന്ന അനുഭവമുണ്ട്. രക്ഷയും പരിശുദ്ധാത്മാവും വചനവും മാത്രമല്ല; അതിനപ്പുറമായ ആത്മീയ അനുഭവങ്ങളും ആസ്വദിക്കുക എന്നർത്ഥം. പൗലോസിനെപോലെ സ്വർഗ്ഗീയ അനുഭവങ്ങൾ ഉണ്ടാകുക, ദൂതന്മാരുമായി സംവദിയ്ക്കുക, യേശുകർത്താവുമായി മുഖാമുഖം ബന്ധപ്പെടുക തുടങ്ങിയ അനുഭവങ്ങൾ എല്ലാം ആസ്വദിച്ചിട്ടും ഇവർ ഈ വിശ്വാസമാർഗ്ഗത്തിൽ നിന്നും പിൻമാറിപ്പോയാൽ അവരെ മാനസാന്തരത്തിലേയക്ക് പുതുക്കുവാൻ കഴിയുന്നതല്ല. ഇത് വിശ്വാസത്തിൽ നിന്നും അഥവാ നിത്യ രക്ഷക്കുള്ള ഈ വിശ്വാസമാർഗ്ഗത്തിൽ നിന്നും പിൻമാറുന്ന കാര്യമാണ് വ്യക്തമാക്കുന്നത്. മുൻപുള്ള ഓരോ അധ്യായങ്ങളിലും വിശ്വാസത്തിൽ നിന്നും പിന്മാറാതെ അവസാനത്തോളം തുടരണമെന്ന് പറഞ്ഞിരിക്കുന്നത് കാണുക.

'ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട്' (6:4) 'സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചിട്ട്' (10:26) 'നിങ്ങൾ പ്രകാശനം ലഭിച്ച ശേഷം' (10:32) തുടങ്ങിയുള്ള എല്ലാ പ്രയോഗത്തിന്റെയും അർത്ഥം ഒന്ന് തന്നെ. ഈ അനുഭവങ്ങൾക്ക് ശേഷം യേശുവിനെ തിരസ്ക്കരിച്ച് വിശ്വാസത്തിൽ നിന്നും പിന്മാറുന്നതാണ് മന:പൂർവ്വ പാപം.

## ● പുതിയ ഉടമ്പടി വാഗ്ദത്തങ്ങൾ നമ്മുടെ അവകാശം

എബ്രായർ 9:15 - ൽ പുതിയ ഉടമ്പടിയിലുള്ള നിത്യ അവകാശത്തിന്റെ വാഗ്ദത്തത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു. എബ്രായർ 7:22 ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'വിശേഷത ഏറിയ ഉടമ്പടിക്ക് യേശു ഉത്തരവാദി ആയിരിക്കുന്നു'. എബ്രായർ 8:5 കാണുക. 'അവനോ വിശേഷത ഏറിയ വാഗ്ദത്തങ്ങളിൻമേൽ സ്ഥാപിക്കപ്പെട്ട ഉടമ്പടിയുടെ മധ്യസ്ഥനാകയാൽ....'

പുതിയ ഉടമ്പടിയിൽ ഉള്ള വിശേഷത ഏറിയ വാഗ്ദത്തം എന്താണ്? നമുക്ക് ലഭിക്കുന്ന നിത്യ അവകാശം എന്താണ്? റോമർ 8:17 ൽ നാം മക്കളെങ്കിൽ അവകാശികളും ആകുന്നു എന്ന് പറഞ്ഞിരിക്കുന്നു. പുതിയ ഉടമ്പടിയിലേയ്ക്ക് പ്രവേശിക്കുന്ന ഏവരും ദൈവത്തിന്റെ മക്കളും അവൻ അവരുടെ പിതാവും ആയിത്തീരുന്നു (2 കൊരിന്ത്യർ 6:17; 7:1 കാണുക). റോമർ 8:17 ഇപ്രകാരം  തുടരുന്നു. '*നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നെ*. എന്താണ് ഈ അവകാശം? പ്രസ്തുത വാക്യം ഇങ്ങനെ തുടരുന്നു. '*അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിനു അവനോടു കൂടെ കഷ്ടമനുഭവിച്ചാലത്രേ* '. ദൈവത്തിന്റെ തേജസ്സാണ് നമുക്കുള്ള അവകാശം.

ദൈവതേജസ്സ് എന്നാൽ എന്താണ്? ദൈവം ഒരു മനുഷ്യന്റെ മുൻപിൽ സ്വയം വെളിപ്പെടുത്തുമ്പോൾ ആ ദൈവ പ്രത്യക്ഷതയ്ക്ക് ദൈവത്തിന്റെ തേജസ്സ് എന്ന് പറയുന്നു. സ്പർശനീയവും ദർശനീയവും ശ്രവണീയവുമായ ദൈവ സാന്നിധ്യമാണ് ദൈവ തേജസ്സ്. ചുരുക്കത്തിൽ, ദൈവം തന്നെയാണ് അവന്റെ തേജസ്സ്. ദൈവം തന്നെയാണ് നമ്മുടെ അവകാശവും ഓഹരിയും. തുടർന്ന് റോമർ 8:18-30 വരെയുള്ള ഭാഗത്ത് നമ്മിൽ പകരുന്ന തേജസ്സിന്റെ വിവരണങ്ങൾ നോക്കുക. നമ്മുടെ രക്ഷയുടെ അവസാനമാണ് തേജസ്കരണം.

രണ്ടാമത്തെ വാഗ്ദത്തം നിത്യ രാജ്യമാണ്. പുതിയ ഭൂമിയിൽ സ്ഥാപിതമാകുന്ന, ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിൽ, ദൈവം തന്റെ ജനത്തോടു കൂടെ നിത്യം താമസിക്കും. ഇവിടെ സ്വർഗ്ഗവും ഭൂമിയും ഒന്നായിത്തീരും (എഫെ.1:9,10). ദൈവം നമ്മെ അവന്റെ രാജ്യവും തേജസ്സും (Kingdom and Glory) (1. തെസ്സ 2:11 ) പ്രാപിക്കുവാൻ വിളിച്ചിരിക്കുന്നു.

ഈ വാഗ്ദത്തങ്ങളെ ഉറപ്പിച്ചു തന്നത് യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെയുള്ള ഉടമ്പടി മുഖാന്തിരമാണ്. കർത്താവിന്റെ ശരീരവും രക്തവുമാണ് പുതിയ ഉടമ്പടിക്ക് ആധാരമായിരിക്കുന്നത്. അങ്ങനെ യേശുവിലൂടെയുള്ള പുതിയ ഉടമ്പടിയും വാഗ്ദത്തങ്ങളും ഓർക്കുവാൻ ദൈവം സ്ഥാപിച്ചിരിക്കുന്നതാണ് കർത്താവിന്റെ മേശ.

## ● കർത്താവിന്റെ മേശ പുതിയ ഉടമ്പടിയുടെ സ്മാരകം

മഹത്വ്യക്തികളെയും അവരുടെ സംഭാവനകളെയും ഓർക്കുവാൻ അവരുടെ അനുയായികൾ സ്മാരകങ്ങൾ നിർമ്മിക്കുന്നത് ലോകചരിത്രത്തിൽ പൊതുവായിട്ടുള്ള ഒരു കാര്യമാണ്. ഇന്ത്യയിൽ ഷാജഹാൻ ചക്രവർത്തി തന്റെ പ്രിയ പത്നിയുടെ ഓർമ്മക്കായി പണികഴിപ്പിച്ചിരിക്കുന്ന താജ്മഹലും രാജ്യത്തിൽ ഉടനീളം കാണുന്ന രക്തസാക്ഷി മണ്ഡപങ്ങളും യുദ്ധ സ്മൃതി മണ്ഡപങ്ങളും എല്ലാം ഇതിനു ഉദാഹരണങ്ങളാണ്.

എന്നാൽ സ്വർഗത്തിലെ ദൈവം തന്റെ പുത്രന്റെ ക്രൂശു മരണത്തിലൂടെ ഇത്ര ശ്രേഷ്ഠമായ ഉടമ്പടി ചെയ്തിട്ട് തന്റെ പുത്രന്റെ ഓർമ്മക്കായി അഥവാ പുതിയ ഉടമ്പടിയുടെ അടയാളമായി ഭക്ഷണ പാനീയങ്ങൾ സ്ഥാപിച്ചത് എന്തുകൊണ്ട്? നോഹയും അബ്രഹാമുമായി ഉടമ്പടി ചെയ്തപ്പോൾ ഉടമ്പടി ഓർമ്മിക്കുവാനുള്ള അടയാളങ്ങളും ഉടമ്പടി വാഗ്ദത്തങ്ങളും തമ്മിൽ ഉള്ള ചേർച്ച നാം മനസ്സിലാക്കി. ജലപ്രളയത്താൽ ഭൂമിയെ

നശിപ്പിക്കില്ലെന്നു വാഗ്ദത്തം ചെയ്തപ്പോൾ മഴവില്ലും, അബ്രഹാമിന് സന്തതികളെ നൽകുമെന്ന് വാഗ്ദത്തത്തം ചെയ്തപ്പോൾ പരിച്ഛേദനയും ഓർമ്മക്കായി സ്ഥാപിച്ചു. എന്നാൽ യേശുവിന്റെ രക്തത്തെയും ശരീരത്തെയും പ്രതിനിധാനം ചെയ്യുവാൻ ഭക്ഷണ പാനീയങ്ങൾ അടയാളമായി വച്ചിരിക്കുന്നതിന്റെ അർത്ഥമെന്താണ്?

- ഉടമ്പടി സ്ഥാപിച്ച ശേഷം ഉടമ്പടിയിൽ ഏർപ്പെടുന്നവർ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത് ഉടമ്പടിയിലെ ഒരു അവിഭാജ്യ ഘടകമാണ്.
- പഴയ ഉടമ്പടി സ്ഥാപിച്ചപ്പോൾ മോശെയും അഹരോനും നാദാബും അബീഹുവും എഴുപത് യിസ്രായേൽ മൂപ്പൻമാരും ദൈവ സന്നിധിയിൽ കയറിച്ചെന്നു ഭക്ഷണ പാനീയങ്ങൾ കഴിച്ചു. ഉടമ്പടിയോട് ചേർന്ന് ഭക്ഷണം കഴിക്കുന്നത് ദൈവീക ക്രമീകരണം ആണെന്ന് ഇവിടെ നിന്നും മനസ്സിലാക്കാം. ദൈവം അനുവദിക്കാതെ തന്റെ സന്നിധിയിൽ അത് ചെയ്യുവാൻ അവർക്ക് കഴിയുകയില്ലല്ലോ. ഞങ്ങളുടെ ചിന്തയിൽ അവിടെ ഭക്ഷണം ഒരുക്കിയത് ദൈവം തന്നെ ആയിരിക്കാം. (ലേവ്യ. 24:4 - 11)
- മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയോട് ചേർന്നും ഭക്ഷണം കഴിക്കുക പതിവായിരുന്നു (ഉടമ്പടി ഭക്ഷണം) ഉദാ: യാക്കോബും ലാബാനും തമ്മിൽ ഉടമ്പടി ചെയ്ത ശേഷം ഇരു കൂട്ടരും ഒന്നിച്ച് ഭക്ഷണം കഴിച്ചു. (ഉൽ. 31.44 - 47)
- വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ള ഉടമ്പടിയാണല്ലോ. വിവാഹ ഉടമ്പടിക്ക് ശേഷം ഇരുകൂട്ടരും ഒന്നിച്ച് ഭക്ഷണം കഴിക്കുന്നത് ഇന്നും തുടരുന്ന ഒരു രീതിയാണല്ലോ.
- ഉടമ്പടിയിൽ ഭക്ഷണം കഴിക്കുന്നവർ ആ ഉടമ്പടിയിൽ പങ്കാളികൾ ആകുന്നു. അവർ ഉടമ്പടിക്ക് സാക്ഷ്യം വഹിക്കുന്നു. കർത്തൃമേശയിൽ പങ്കാളികൾ ആകുന്നവർ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും പങ്കാളിയായി തീരുന്നു. (1. കൊരിന്ത്യർ 10.16) കർത്താവിനോടുള്ള കൂട്ടായ്മയും ഇത് വ്യക്തമാക്കുന്നു.
- ഇത് ഭക്ഷണ മേശയിൽ പങ്കെടുക്കുന്നവർ തമ്മിലുള്ള ഐക്യത്തെയും സ്നേഹത്തെയും കൂട്ടായ്മയെയും സമത്വത്തെയും ഉറപ്പിക്കുന്നു. (1കൊരി.10:17)
- ഭക്ഷണം തേടൽ മനുഷ്യന്റെ ജന്മവാസനയാണ്. അവന്റെ ജീവിതം മുഴുവനും ആഹാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏദെൻ തോട്ടത്തിൽ ആദിമ മനുഷ്യനും; മരുഭൂമിയിൽ യിസ്രായേൽ ജനവും; യെരുശലേമിലെ ആദിമ ക്രിസ്തു സഭയും എല്ലാം ഭക്ഷണവുമായുള്ള ബന്ധത്തിൽ പരീക്ഷിക്കപ്പെട്ടവരാണ്. ഇവരെല്ലാവരും പരീക്ഷയിൽ ജയിക്കേണ്ടവരുമായിരുന്നു. എന്നാൽ മറുവശത്ത് ഭക്ഷണം ദൈവീകമായ ശുശ്രൂഷയുമായും ബന്ധപ്പെട്ടിരിക്കുന്നു.

വെളിപ്പാട് 3:20 പറയുന്നു. '*ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും*.

കർത്താവിനു സഭയോടുള്ള കൂട്ടായ്മയും സഭയ്ക്ക് കർത്താവിനോടുള്ള കൂട്ടാ

യ്മയും സഭയിൽ വ്യക്തികൾക്ക് അന്യോന്യം ഉള്ള കൂട്ടായ്മയുമാണ് ഒരുമിച്ചുള്ള ഭക്ഷണം വ്യക്തമാക്കുന്നത്.

- ദിവസത്തിൽ ഏറ്റവും കുറഞ്ഞത് മൂന്നു തവണ എങ്കിലും നാം ഭക്ഷണമേശയിൽ വരുന്നു. ഭക്ഷണത്തിനായി നാം ദൈവത്തിനു നന്ദി പറയുമ്പോൾ അപ്പം നുറുക്കി കർത്തൃമേശ ആചരിച്ചില്ലെങ്കിലും കർത്താവിനെ ഓർമിക്കുവാനും പുതിയ ഉടമ്പടിയിലെ ദൈവകൃപ ഓർക്കുവാനും നമുക്ക് കഴിയണം.
- പുതിയ ഉടമ്പടിയുടെ അടയാളമായും കർത്താവിനെ ഓർമിക്കുവാനുമായും സാധാരണ അപ്പവും പാനപാത്രവും (വീഞ്ഞും) കർത്താവ് സ്ഥാപിച്ചതിന്റെ മറ്റൊരു കാരണം തന്റെ സഭയിലെ സാധാരണക്കാരായവർക്കും കൂടെ പങ്കെടുക്കേണ്ടതിനാണ്. ഉദാഹരണമായി ഒരു ആടിന്റെ മാംസമാണ് ഉടമ്പടി ഭക്ഷണമായി വച്ചിരുന്നെങ്കിൽ സാധാരണക്കാരായ എല്ലാവർക്കും ഒരുപക്ഷെ പങ്കെടുക്കുവാൻ കഴിയുകയില്ലല്ലോ.

## ● മരണത്തെ പ്രസ്താവിക്കുക

1 കൊരിന്ത്യർ 11.26 പറയുന്നു. '*അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു*'.

ഇനി നമുക്ക് ഈ ഭാഗത്ത് ചിന്തിക്കുവാനുള്ളത് കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുക എന്ന വിഷയമാണ്. അപ്പവും പാനപാത്രവും അതിൽ തന്നെ യേശുവിന്റെ മരണത്തെ പ്രസ്താവിക്കുന്നു. കാരണം ഇവ കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അടയാളമാണല്ലോ. അപ്പവും വീഞ്ഞും ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും ആയ പ്രവൃത്തി തന്നെ യേശുവിന്റെ മരണത്തെ പ്രഖ്യാപിക്കുന്നതാണ്.

എന്നാൽ സഭ ഒരുമിച്ചു കൂടി കർത്താവിന്റെ മേശയിൽ ഭക്ഷിക്കുമ്പോൾ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കേണ്ടതാണ്. യേശുവിന്റെ മരണത്തെ പ്രഖ്യാപിക്കുക എന്ന് പറഞ്ഞാൽ അവന്റെ കഷ്ടതകളും മരണ അടക്ക പുനരുത്ഥാനവും എല്ലാം അതിൽ അടങ്ങിയിരിക്കുന്നു. യേശുവിന്റെ മരണത്തെ പ്രസ്താവിക്കുന്നതായിരിക്കണം സുവിശേഷ പ്രസംഗങ്ങൾ. യേശുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിന്റെ പ്രഖ്യാപനവും അവനോടുകൂടെയുള്ള നമ്മുടെ മരണ അടക്ക പുനരുത്ഥാനത്തിന്റെ ഏകീഭാവവുമാണ് സ്നാനശുശ്രൂഷ. സാത്താനെ നാം ജയിക്കുന്നത് യേശുവിന്റെ രക്തത്താലും നമ്മുടെ വായിലെ സാക്ഷ്യവചനത്താലും ആണ്. ഈ സാക്ഷ്യവചനത്തിൽ ഏറ്റവും പ്രധാനമായത് യേശുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിന്റെ പ്രഖ്യാപനമാണ്.

കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുക എന്ന് പറയുമ്പോൾ നാം എന്താണ് പ്രസ്താവിക്കേണ്ടത്? കർത്താവ് നമുക്ക് പകരമായി മരിച്ചു എന്ന് നാം പ്രസ്താവിക്കണം. അതായത് നാം ദൈവത്തിന്റെ കല്പന ലംഘിച്ച് ദൈവത്തിനെതിരെ പാപം ചെയ്തു എന്നും തന്മൂലം ദൈവ ക്രോധത്തിലും നിത്യ മരണത്തിലും ആയിരുന്നു എന്നും സമ്മതിക്കണം. എന്നാൽ പിതാവാം ദൈവം നമ്മെ സ്നേഹിച്ചതു നിമിത്തം നമുക്ക് പകരം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചു. പിതാവാം ദൈവം നമ്മുടെ പാപത്തെ

പുത്രന്റെ മേൽ ചുമത്തി. കർത്താവ് തന്റെ ശരീരത്തിൽ നമ്മുടെ പാപത്തെ വഹിച്ചു കൊണ്ട് ക്രൂശിന്മേൽ കയറി. പിതാവാം ദൈവം യേശുവിനെ നമുക്കുവേണ്ടി പാപം ആക്കി (പാപത്തിന്റെ സ്ഥാനത്ത് കണ്ടു). നമ്മെ ശിക്ഷിക്കേണ്ട സ്ഥാനത്ത് തന്റെ പുത്രനെ ന്യായം വിധിച്ചു. പുത്രൻ നമുക്കു പകരം ശിക്ഷിക്കപ്പെട്ടതിനാൽ ഇനി നമുക്ക് ശിക്ഷയില്ല. പുത്രന്റെ ശരീരത്തിലൂടെ നമുക്ക് ഇപ്പോൾ ദൈവത്തോട് നിരപ്പ് (രമ്യത) ഉണ്ട്. പുത്രന്റെ രക്തം നമ്മുടെ ജീവന് മറുവിലയായി പിതാവിന് കൊടുത്തു. നമ്മെ ദൈവ ക്രോധ ത്തിൽ നിന്ന് അഥവാ നിത്യ മരണത്തിൽ നിന്ന് വീണ്ടെടുത്തു. നമ്മുടെ പാപം മോചിച്ചു, നമ്മെ ശുദ്ധീകരിച്ചു, ക്രിസ്തുവിൽ നമ്മെ സൽഗുണസമ്പൂർണ്ണനാക്കി, പാപത്താലു ണ്ടായ ശത്രുത്വം നീക്കി നമ്മെ ദൈവവുമായി സമാധാനത്തിലാക്കി തുടങ്ങി കർത്താവ് ക്രൂശിൽ തന്റെ മരണത്താൽ നിവർത്തിച്ച സത്യങ്ങൾ നാം പ്രസ്താവിക്കണം.

കർത്തൃമേശയിൽ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നതിന്റെ പ്രാധാന്യം എന്താണ്? ഒരു വേദഭാഗത്തിലൂടെ ഇത് വ്യക്തമാക്കാം.

എബ്രായർ 9:16-17 '*നിയമം (വിൽപത്രം) ഉള്ളേടത്തു നിയമകർത്താവിന്റെ (ഉടമ്പടി) മരണം തെളിവാൻ ആവശ്യം: മരിച്ചശേഷമല്ലോ നിയമം (വിൽപത്രം) സ്ഥിരമാകുന്നതു; നിയമകർത്താവിന്റെ (ഉടമ്പടികർത്താവ്) ജീവകാലത്തോളം അതിന്നു ഉറപ്പില്ല.*'

പതിനഞ്ചാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന യേശുവിന്റെ മരണത്തിന്റെ രണ്ട് മർമ്മ ങ്ങൾ മുൻ അധ്യായങ്ങളിൽ നാം ചിന്തിച്ചിരുന്നു. പുതിയ ഉടമ്പടി പ്രകാരം ലഭിക്കുന്ന നിത്യാവകാശം നമുക്ക് നൽകേണ്ടതിനായി യേശു പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനാകുന്നു എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന നിയമത്തെ (ഉടമ്പടിയെ) കുറിച്ച് നാം പഠിച്ചു എങ്കിൽ മാത്രമേ ഈ വിഷയത്തിന്റെ അർത്ഥം പൂർണ്ണ മായി ഗ്രഹിക്കുവാൻ കഴിയൂ.

ഡിയാത്തേക്കേ (Diatheka) എന്ന ഗ്രീക്ക് പദമാണ് മൂലഭാഷയിൽ ഉടമ്പടിക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇംഗ്ലീഷ് വേദപുസ്തകഭാഷാന്തരക്കാർ മൂല ഭാഷാ പദത്തിന് രണ്ട് വാക്കുകൾ സമാന്തരമായി ഉപയോഗിച്ചിരിക്കുന്നു. Covenant, Testament എന്നിവയാണവ. മലയാളത്തിൽ ഈ രണ്ട് പദത്തിനും വേണ്ടി 'നിയമം' എന്ന ഒറ്റപദം ഉപയോഗിച്ചിരിക്കുന്നു. നിയമം എന്ന പദം മൂലഭാഷയുടെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്തുന്നില്ല. ഇംഗ്ലീഷ് പരിഭാഷകളിൽ 'ഡിയാത്തേക്കേ' എന്ന പദം Covenant, Testament എന്ന് ഒരേ വേദഭാഗത്ത് തന്നെ വ്യത്യസ്തമായി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അതിന് ഒരു ഉദാഹരണമാണ് എബ്രായർ 9:15-17 വരെയുള്ള വാക്യങ്ങൾ.

Covenant എന്ന പദം ഉടമ്പടി എന്നും Testament എന്ന പദം വിൽപത്രം എന്നും നമ്മുടെ ഭാഷയിൽ അർത്ഥം വരും. ഒരു പ്രവൃത്തി ചെയ്യുവാൻ രണ്ടോ അതിലധികമോ കക്ഷികൾ തമ്മിൽ വാക്കിനാലോ എഴുത്തിനാലോ ചെയ്യുന്ന സമ്മതമാണ് അഥവാ പര സ്പര ധാരണയാണ് ഉടമ്പടി (Covenant). ഒരു വ്യക്തിയുടെ മരണശേഷം സമ്പത്ത് ആർക്ക് കൊടുക്കണമെന്നുള്ളതിന്റെ ഇഷ്ടത്തെ എഴുതി വയ്ക്കുന്ന നിയമപരമായ രേഖ

യാണ് വിൽപത്രം (Testament). ഈ രണ്ട് വാക്കുകളുടെ അർത്ഥത്തിന്റെ മിശ്രണമാണ് വേദപുസ്തകത്തിലെ ഡിയാത്തേക്കേ എന്ന വാക്കിന്റെ അർത്ഥം.

ബൈബിളിനെ പഴയ ഉടമ്പടി (നിയമം, Old Testament) എന്നും പുതിയ ഉടമ്പടി (നിയമം, New Testament) എന്നും രണ്ടായി തിരിക്കുന്നു. ദൈവം മോശെ മുഖാന്തിരം യിസ്രായേൽ ജനത്തോട് ചെയ്ത ഉടമ്പടിയാണ് ആദ്യ ഉടമ്പടി അഥവാ പഴയ ഉടമ്പടി എന്ന് പറയുന്നത്. ചിലർ ചിന്തിക്കുംപോലെ ഉല്പത്തി തുടങ്ങി മലാഖി വരെയുള്ള 39 പുസ്തകങ്ങൾ അല്ല പഴയ ഉടമ്പടി. പുതിയ ഉടമ്പടി നിലവിൽ വരുന്നതിനു മുമ്പ്, പഴയ ഉടമ്പടി കാലഘട്ടത്തിൽ എഴുതപ്പെട്ട തിരുവെഴുത്തുകൾ ആണ് ഈ പുസ്തകങ്ങൾ. ആദ്യ ഉടമ്പടി നീക്കി എന്ന് പറയുമ്പോൾ യിസ്രായേൽ ജനത്തോട് ചെയ്ത ഉടമ്പടിയും അതിലെ ആചാരാനുഷ്ഠാനങ്ങളും മാത്രം നീക്കിക്കളഞ്ഞു എന്നർത്ഥം. ആ കാലഘട്ടത്തിൽ എഴുതിയ 39 പുസ്തകങ്ങൾ നീക്കി എന്ന് അർത്ഥമില്ല. പുതിയ ഉടമ്പടിയിൽ ഉറപ്പിച്ച വാഗ്ദത്തങ്ങൾ ഈ 39 പുസ്തകങ്ങളിലായി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വാഗ്ദത്തങ്ങൾ പ്രാപിക്കുവാനുള്ള പഴയ സംവിധാനം (system) മാത്രം ദൈവം അവസാനിപ്പിച്ചു.

പുതിയ ഉടമ്പടി (New Testament) എന്ന് പറഞ്ഞാൽ ബൈബിളിലെ രണ്ടാം ഭാഗത്ത് കാണുന്ന 27 പുസ്തകങ്ങൾ അല്ല, മറിച്ച് ദൈവം മാനവരാശിയോടു ക്രിസ്തുവിന്റെ ക്രൂശിലൂടെ ചെയ്തിരിക്കുന്ന ഉടമ്പടിയാണിത്. ആ ഉടമ്പടിയുടെ വിവരണങ്ങളും വാഗ്ദത്തങ്ങളും തത്വങ്ങളുമാണ് 27 പുസ്തകങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നത്. ആദ്യ ഉടമ്പടി യിസ്രായേൽ ജനത്തോട് മാത്രമായിരുന്നെങ്കിൽ പുതിയ ഉടമ്പടി സകല മാനവരാശിയോടുമുള്ളതാണ്. ഉല്പത്തി തുടങ്ങി വെളിപ്പാട് പുസ്തകം വരെയും ദൈവത്തിന് മനുഷ്യനോടുള്ള ഇഷ്ടം വെളിപ്പെടുത്തിയിരിക്കുന്നു. ആ ഇഷ്ടപ്രകാരം അവന്റെ സ്വത്ത് (തേജസ്സ്) നമുക്ക് തരുവാൻ പുത്രൻ മുഖാന്തിരം പുതിയ ഉടമ്പടി ചെയ്തിരിക്കുന്നു.

## ● പുതിയ ഉടമ്പടി വിൽപ്പത്രം

ദൈവം തന്റെ നിത്യ സ്നേഹത്താൽ മനുഷ്യന്റെ ജീവിതത്തിൽ ഒരു പ്രവൃത്തി ചെയ്യുമെന്നു ഉടമ്പടി ചെയ്തു. എന്താണ് ആ ഉടമ്പടി? ദൈവീക പദ്ധതിയിൽ നിന്നും വീണുപോയ മനുഷ്യനെ അവന്റെ പാപത്തെ മോചിച്ച് തിരികെ ദൈവീക പദ്ധതിയിലേയ്ക്ക് എത്തിക്കാമെന്നതു മാത്രമല്ല പിതാവിന്റെ സ്വത്ത് അവന്റെ ഇഷ്ടപ്രകാരം മനുഷ്യന് തരാമെന്ന് എഴുതുന്ന വില്പത്രവും കൂടിയാണിത്.

ഈ ഉടമ്പടിയിലെ ആദ്യഭാഗത്ത് മനുഷ്യന്റെ പാപമോചനം, അവനെ ശിക്ഷയിൽ നിന്നും വിടുവിക്കുക, അവനു തന്റെ നീതി ദാനമായി നൽകുക, നീതീകരിക്കുക, പാപി എന്ന പേര് മാറ്റി അവനെ നീതിമാനായി പ്രഖ്യാപിക്കുക തുടങ്ങിയവ ദൈവം വാഗ്ദത്തം ചെയ്തു. ദൈവജീവൻ നഷ്ടപ്പെടുത്തിയ മനുഷ്യനെ വീണ്ടും ജനിപ്പിക്കുക, അവന്റെ ഉള്ളിൽ പുത്രത്വത്തിന്റെ ആത്മാവിനെ പകരുക, പാപത്തെ ജയിക്കുവാനുള്ള കൃപ പകരുക, സകല വചനങ്ങളും അനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കാനുള്ള കൃപ പകരുക തുടങ്ങിയുള്ള കാര്യങ്ങളും ഈ ഉടമ്പടിയിലുണ്ട്. മാത്രമല്ല നമ്മെ സമ്പൂർണ്ണമായി ശുദ്ധീകരിച്ച് രക്ഷക്കായി വളർത്തി ജയാളികളാക്കി ക്രിസ്തുവിന്റെ രണ്ടാം വര

വിങ്കൽ നമ്മുടെ ശരീരത്തെയും കൂടെ വീണ്ടെടുത്ത് തേജസ്ക്കരിച്ച് നിത്യ രാജ്യത്തിൽ എത്തിക്കും എന്നും ഈ ഉടമ്പടിയിലൂടെ ദൈവം സമ്മതിച്ചിട്ടുണ്ട്. (രക്ഷയുടെ പാക്കേജ് എന്ന അദ്ധ്യായം കാണുക).

ഈ തേജസ്സാണ് വിൽപത്രത്തിൽ ദൈവം നമുക്കായി എഴുതി വച്ചിരിക്കുന്ന സ്വത്ത്. ഈ തേജസ്സ് പ്രാപിക്കുന്നതാണ് ഉടമ്പടിയുടെ പൂർണ്ണത. ദൈവം തന്നെയാണ് തേജസ്സ്; അവനാണ് നമ്മുടെ അവകാശം. അവനെത്തന്നെയാണ് നമുക്ക് തരുന്നത്. ഒരുവനിൽ ദൈവം ഇല്ലായെങ്കിൽ അവൻ അപൂർണ്ണനാണ്. അവൻ ആത്മാവിൽ ദരിദ്രനാണ്. ദൈവം തന്റെ തേജസ്സിനാലും ജീവനാലും മനുഷ്യനിൽ നിറയുമ്പോൾ അവൻ പൂർണ്ണനാകും; അവന്റെ ആത്മാവിന്റെ ദാരിദ്ര്യം മാറും (എഫെസ്യർ 3:16 കാണുക). എഫെസ്യർ 3:19-ൽ ദൈവത്തിന്റെ എല്ലാ നിറവോളം നിറഞ്ഞുവരണമെന്നുള്ള പൗലോസിന്റെ പ്രാർത്ഥന ശ്രദ്ധിക്കുക.

2. കൊരിന്ത്യർ 3:18-ൽ

*'നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു'*

എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

*'നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു'. (റോമർ 8:18)*

*'നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു'. (2 കൊരി 4.17)*

തുടങ്ങിയ വചനങ്ങൾ ദൈവതേജസ്സാണ് നമ്മുടെ അവകാശമെന്ന് വ്യക്തമാക്കുന്നു.

സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന നമുക്കുള്ള ദൈവീക സമ്പത്തിനെ പ്രതിപാദിക്കുന്ന മറ്റൊരു വേദഭാഗം കൂടി പരിശോധിക്കാം. 1 പത്രോസ് 1:3-5 വരെയുള്ള ഭാഗം നോക്കുക.

*'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി, അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു'.*

ദൈവത്തിന്റെ കരുണാധിക്യപ്രകാരം യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ ജീവനുള്ള പ്രത്യാശക്കായി നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. അന്ത്യ കാലത്ത് വെളിപ്പെടുവാനിരിക്കുന്ന രക്ഷക്ക് വേണ്ടി ദൈവശക്തിയാൽ നമ്മെ സൂക്ഷിച്ചിരിക്കുന്നു അഥവാ ആത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശമാണ് നമ്മുടെ ജീവനുള്ള പ്രത്യാശ. ഈ അവകാശം ദൈവതേജസ്സാണ്. നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു

കൂട്ടവകാശികളുമാണ് (റോമർ 8.17) ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്ന അവകാശം എന്ന വാക്കിന്റെ അർത്ഥം നമുക്ക് നല്കുന്ന ദൈവതേജസ്സാണ്. അവന്റെ വിൽപത്രത്തിൽ എഴുതിയിരിക്കുന്ന അവന്റെ പ്രധാന ഇഷ്ടമാണിത്. '*അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നാം നിറഞ്ഞുവരണമെന്ന്* അപ്പൊസ്തലൻ സഭയ്ക്കായി പ്രാർത്ഥിക്കുമ്പോൾ ഇതത്രേ അർത്ഥമാക്കുന്നത്. (കൊലൊസ്സ്യർ 1.10) '*നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ*' എന്ന പ്രബോധനത്തിന്റെ അർത്ഥവും ഇത് തന്നെ (റോമർ 12.2)

'*എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു*'.
(റോമർ 8.28)

ഈ നന്മ എന്താണ്? ദൈവത്തിലുള്ള നമ്മുടെ അവകാശമായ അവന്റെ തേജസ്സാണ്.

*'ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്നു എഴുതിയിരിക്കുന്നതുപോലെ തന്നെ.' (1. കൊരി 2:9)*

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന നന്മ നമ്മുടെ തേജസ്സിനായി മുൻ നിയമിച്ചിരിക്കുന്ന യേശുവാണ്.

## ● മരണത്തെ പ്രസ്താവിക്കുക

നാം ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത് എബ്രായർ 9:15-17 വരെയുള്ള ഭാഗത്തെ ആസ്പദമാക്കിയാണല്ലോ. വീണ്ടും ആ ഭാഗം ശ്രദ്ധിക്കാം. 'നിയമം (ഉടമ്പടി/വിൽപ്പത്രം) ഉള്ളേടത്ത് നിയമ കർത്താവിന്റെ (ഉടമ്പടി കർത്താവ്/ വിൽപ്പത്ര കർത്താവിന്റെ) മരണം തെളിയിക്കേണ്ടത് ആവശ്യം. മരിച്ച ശേഷമല്ലോ നിയമം (വിൽപത്രം) സ്ഥിരമാകുന്നത്. നിയമ കർത്താവിന്റെ (ഉടമ്പടി കർത്താവിന്റെ) ജീവകാലത്തോളം അതിന് ഉറപ്പില്ല'.

ലോകത്തിൽ എവിടെയും മനുഷ്യരുടെ ഇടയിൽ പ്രചാരത്തിലുള്ള ഒരു സമ്പ്രദായമാണ് ഈ വാക്യങ്ങളിൽ ലേഖകൻ വ്യക്തമാക്കുന്നത്. ഒരു പിതാവ് തന്റെ സ്വത്തുക്കൾ വിൽപ്പത്രത്തിൽ തന്റെ മക്കളുടെ പേരിൽ എഴുതിവെച്ചു എന്നിരിക്കട്ടെ. എന്നാൽ പിതാവ് ജീവിച്ചിരിക്കും കാലം ഈ വിൽപത്രത്തിനു ഉറപ്പില്ല. തനിക്ക് എപ്പോൾ വേണമെങ്കിലും തിരുത്തി എഴുതുവാൻ കഴിയും. പിതാവ് ജീവിച്ചിരിക്കുമ്പോൾ മക്കൾക്ക് ഇത് സ്വന്തമാക്കുവാനും കഴിയുകയില്ല. പിതാവിന്റെ മരണശേഷം മാത്രമേ വില്പത്രം സ്ഥിരമാകുകയുള്ളൂ. പിതാവിന്റെ മരണശേഷം സ്വത്തുക്കൾ അവകാശമാക്കുവാൻ മക്കൾ ശ്രമിച്ചപ്പോൾ ചില എതിരാളികൾ അവയ്ക്ക് അവകാശം ഉന്നയിച്ചു. പിതാവ് മരിച്ചാലും സ്വത്തുക്കൾ നിയമപരമായി അവകാശപ്പെടുത്തുവാൻ മക്കൾക്ക് കഴിയുകയില്ല. ഇനി വിൽപത്രം കോടതിയിൽ ഹാജരാക്കി സ്ഥിരപ്പെടുത്തേണ്ടതുണ്ട്. അപ്പോൾ കോടതി പിതാവിന്റെ മരണത്തിന്റെ തെളിവ് ആവശ്യപ്പെടും. മക്കൾ പിതാവിന്റെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി കോടതിയിൽ മരണത്തെ തെളിയിക്കേണ്ട ആവശ്യമുണ്ട്. ഇങ്ങനെ മരണത്തെ തെളിയിച്ചു കഴിയുമ്പോൾ പിതാവിന്റെ സ്വത്തുക്കൾ അവകാശമാക്കുവാൻ നിയമപരമായ അനുമതി ലഭ്യമായി. വിൽപത്രത്തിന് നിയമസാധുതയുണ്ടായി.

കർത്താവിന്റെ മരണത്തെ തെളിയിക്കുന്നതാണ് കർത്തൃമേശ. അപ്പം നുറുക്കുമ്പോൾ അവന്റെ മരണത്തെ ഞാൻ തെളിയിക്കുന്നു. ഉടമ്പടി കർത്താവ് മരിച്ചു, അവന്റെ വിൽപത്രത്തിൽ എഴുതിയിരിക്കുന്ന സ്വത്തുക്കൾ എനിക്കവകാശപ്പെട്ടതാണ്, സ്വർഗ്ഗത്തിലെ കോടതി അത് അംഗീകരിച്ചു, ഞാൻ വിശ്വാസത്താൽ അത് പ്രഖ്യാപിക്കുന്നു, നാളെ കർത്താവിന്റെ രണ്ടാം വരവിൽ അത് എനിക്ക് സ്വന്തമായിത്തീരും, ദൈവ ദൈവരാജ്യവും തേജസ്സും (Kingdom and Glory) എന്റെ അവകാശമാണ്. ഇതാണ് 'മരണത്തെ പ്രസ്താവിക്കുക' എന്നതിന്റെ അർത്ഥം. പ്രത്യാശ ഏറ്റുപറയുക, വിശ്വാസം ഏറ്റുപറയുക, യേശുവിനെ ഓർക്കുക, യേശുവിന്റെ നാമത്തെ ഏറ്റുപറയുക എന്നീ പ്രയോഗങ്ങളുടെ അർത്ഥവും ഇത് തന്നെ.

**അദ്ധ്യായം 8**

## കർത്തൃമേശയും തെറ്റായ വ്യാഖ്യാനങ്ങളും

ഇന്നത്തെ ക്രിസ്തീയ വിഭാഗങ്ങളുടെ ഇടയിൽ കർത്തൃമേശയെ കുറിച്ചുള്ള പല വിധമായ വ്യാഖ്യാനങ്ങളും തെറ്റായ അപ്പം നുറുക്കൽ രീതികളും കണ്ടുവരുന്നുണ്ട്. ഇതിൽ വചനാനുസൃതമല്ലാത്തതും വിവാദങ്ങൾക്ക് ഇടയായതുമായ ചില വിഷയങ്ങളെ കുറിച്ച് ലഘുവായ വിവരണമാണ് തുടർന്നുവരുന്ന അദ്ധ്യായത്തിൽ രേഖപ്പെടുത്തുന്നത്.

### ● യോഹന്നാൻ ആറാം അദ്ധ്യായം - ഒരു തെറ്റായ വ്യാഖ്യാനം

യോഹന്നാൻ 6:53-56-ൽ എന്റെ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട് എന്ന് കർത്താവ് പറയുന്നു. കത്തോലിക്കാ സമൂഹം തുടങ്ങി പെന്തകോസ്ത്, ന്യൂ ജെനറേഷൻ വിഭാഗങ്ങളിൽ മിക്കവരും ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ ആറാം അദ്ധ്യായത്തിലെ വാക്യങ്ങളെ കർത്തൃമേശയുമായി ബന്ധപ്പെടുത്തി പഠിപ്പിച്ചു വരുന്നു. എന്നാൽ ഈ വേദഭാഗം കർത്താവിന്റെ മേശയുമായി ബന്ധപ്പെട്ടല്ല പറഞ്ഞിരിക്കുന്നതെന്ന് ഒരു സാധാരണ വായനയിൽ മനസ്സിലാകും.

വേദപുസ്തകത്തിലെ ഓരോ വചനങ്ങളും അതിന്റെ പശ്ചാത്തലത്തിനകത്തു മാത്രം വ്യാഖ്യാനിക്കേണ്ടതാണ്. പശ്ചാത്തലത്തിന് വെളിയിലുള്ള എല്ലാ വ്യാഖ്യാനങ്ങളും വചനത്തിന്റെ യഥാർത്ഥ അർത്ഥത്തെ കോട്ടിക്കളയുന്നു. ഈ വാക്യങ്ങളുടെ അർത്ഥം മനസ്സിലാക്കുവാൻ ആറാം അദ്ധ്യായം പൂർണ്ണമായും നാം പഠിക്കേണ്ടതുണ്ട്.

- 6:1-14 യേശു 5 അപ്പം കൊണ്ട് 5000ൽ അധികം വരുന്ന ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്തി.
- 6:15-21 യേശുവും ശിഷ്യന്മാരും കഫർന്നഹൂമിലേക്കു പോയി.
- 6:22-24 അടുത്ത ദിവസം ജനം യേശുവിനെ തെരഞ്ഞുനടക്കുന്നു.

■ 6:25  ജനത്തിന്റെ കുശലാന്വേഷണം രേഖപ്പെടുത്തിയിരിക്കുന്നു.

■ 6:26-27 തന്നോടുള്ള ജനത്തിന്റെ കുശലാന്വേഷണത്തിനുള്ള യേശുവിന്റെ മറുപടി : 'നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല. നിത്യ ജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായി തന്നെ പ്രവർത്തിപ്പിൻ; അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും' എന്നായിരുന്നു.

തുടർന്ന് ഈ അധ്യായത്തിന്റെ അവസാന ഭാഗം വരെയും നിത്യ ജീവനെ പ്രാപിക്കുവാനുള്ള ദൈവത്തിന്റെ മാർഗ്ഗത്തെക്കുറിച്ചുള്ള യേശുവിന്റെ പഠിപ്പിക്കലുകളാണ്.

■ 6:33-40 സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു ലോകത്തിനു ജീവനെ കൊടുക്കുന്ന ജീവന്റെ അപ്പമാണ് താൻ എന്ന് യേശു വ്യക്തമാക്കി. ഈ അപ്പം തിന്നുന്നവനെ അവസാന നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും എന്ന് യേശു പറഞ്ഞു.

■ 6:41,42 ഈ വാക്കുകൾ കേട്ടപ്പോൾ യഹൂദന്മാർ യേശുവിനെതിരെ പിറുപിറുത്തു.

■ 6:43-51 താൻ ജീവന്റെ അപ്പം ആകുന്നു എന്നും, ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കുമെന്നും പറഞ്ഞിട്ട് വാക്യം 51-ൽ താൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന തന്റെ മാംസം ആകുന്നു എന്ന് യേശു വ്യക്തമാക്കി.

■ 6:52 യേശുവിന്റെ മാംസം അപ്പം ആണെന്ന പ്രഖ്യാപനത്തോടുള്ള യഹൂദന്മാരുടെ പ്രതികരണം ശ്രദ്ധിക്കുക.

■ 6:53-59 നിത്യജീവൻ പ്രാപിക്കുവാനുള്ളതിന്റെ ഉപദേശം യേശു വ്യക്തമാക്കുന്നു, 'ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയുമിരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല'. തന്റെ മാംസവും രക്തവും ഭക്ഷിച്ച് പാനം ചെയ്താൽ അവനു ജീവനുണ്ടാകും. അവസാന നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും എന്ന് യേശു വ്യക്തമാക്കുന്നു. 'എന്റെ രക്തം കുടിക്കുകയും എന്റെ മാംസം തിന്നുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും'.

വാക്യം 27 തുടങ്ങി 59 വരെ നിത്യ ജീവൻ പ്രാപിക്കുനുള്ള യേശുവിന്റെ പഠിപ്പിക്കലുകളാണ്. എന്നാൽ ഇന്നത്തെ പല വേദപണ്ഡിതൻമാർക്കും ക്രിസ്തീയ സമൂഹത്തിനും ഇതിന്റെ അർത്ഥം ഗ്രഹിക്കുവാൻ കഴിയാതിരിക്കുന്നത് പോലെ അന്നത്തെ യഹൂദമത പണ്ഡിതന്മാർക്കും യേശുവിനെ അനുഗമിച്ച ഒരു കൂട്ടം ശിഷ്യന്മാർക്കും ഈ ഉപദേശം മനസ്സിലാക്കുവാൻ സാധിച്ചില്ല.

■ 6:60, 61, 66-ൽ ഉപദേശം ശിഷ്യന്മാർക്ക് ഇടർച്ചയായി, 'ഇത് കഠിനവാക്കു ഇത് ആർക്ക് കേൾക്കുവാൻ കഴിയും' എന്ന് പറഞ്ഞ് യേശുവിനെതിരെ പിറുപിറുത്തു. അന്ന് മുതൽ പല ശിഷ്യന്മാരും അവനെ വിട്ടുപോയി. പിന്നെ അവന്റെ കൂടെ സഞ്ചരിച്ചതുമില്ല എന്നു വായിക്കുന്നു.

■ 6:62-65 നിത്യജീവൻ പ്രാപിക്കുവാനുള്ള തന്റെ ഉപദേശം കേട്ട് പിറുപിറുത്ത ശിഷ്യന്മാർക്കുള്ള മറുപടി യേശു പറയുന്നു. 'ഈ ഉപദേശം നിങ്ങൾക്ക് ഇടർച്ചയാകുന്നുവോ? മനുഷ്യപുത്രൻ മുമ്പേ ഇരുന്നേടത്തേക്ക് കയറി പോകുന്നത് നിങ്ങൾ കണ്ടാലോ? ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ജീവനും ആത്മാവാകുന്നു'. താൻ ജീവന്റെ അപ്പം ആകുന്നു, തന്റെ മാംസം ഭക്ഷിക്കണം, രക്തം കുടിക്കണം, എങ്കിൽ മാത്രമേ നിത്യജീവനുണ്ടാകൂ എന്ന് പറഞ്ഞതിന്റെ അർത്ഥം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. താൻ പഠിപ്പിക്കുന്ന നിത്യ ജീവന്റെ ഉപദേശത്തെ ആലങ്കാരിക ഭാഷയിൽ യേശു പറഞ്ഞു എന്ന് മാത്രമേ ഉള്ളൂ. സാക്ഷാലുള്ള തന്റെ ശരീരമോ രക്തമോ അല്ല ഇവിടത്തെ വിവക്ഷ. തന്റെ വചനം വിശ്വസിച്ച് തന്നെ സ്വീകരിക്കുന്നവനാണ് നിത്യജീവൻ ലഭിക്കുന്നത്. ഇത് വ്യക്തമാകുവാൻ തുടർന്നുള്ള വാക്യങ്ങൾ നോക്കുക.

■ 6:64 എങ്കിലും വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ടെന്നു പറഞ്ഞു. കർത്താവ് പറഞ്ഞ നിത്യജീവന്റെ വചനങ്ങളെ വിശ്വസിക്കാത്തവർ എന്നർത്ഥം.

■ 6:67 യേശുവിന്റെ ഉപദേശം ഗ്രഹിക്കുവാൻ കഴിയാതെ ഒരു കൂട്ടം ശിഷ്യന്മാർ തന്നെ വിട്ടു പോയപ്പോൾ 'നിങ്ങൾക്കും പോകുവാൻ മനസ്സുണ്ടോ?' എന്ന് താൻ തെരഞ്ഞെടുത്ത 12 ശിഷ്യന്മാരോട് ചോദിച്ചു. അതിന് പത്രോസിന്റെ മറുപടി ശ്രദ്ധിക്കുക. 6:68,69.'കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു'

ഇവിടെ പത്രോസിനു യേശുവിന്റെ പഠിപ്പിക്കൽ മനസ്സിലായി. യേശുവിന്റെ വചനങ്ങളാണ് നിത്യജീവൻ നൽകുന്നതെന്ന് അവനു ബോധ്യപ്പെട്ടു.

പത്രോസിനുണ്ടായ ഈ തിരിച്ചറിവ് പത്രോസിന്റെ അനുയായികൾ എന്ന് പറയുന്ന കത്തോലിക്ക സമൂഹത്തിന് ഇല്ലാത്തതിനാൽ അപ്പത്തിനും വീഞ്ഞിനും വസ്തുമാറ്റം സംഭവിച്ച് യേശുവിന്റെ ശരീരവും രക്തവും ആയി രൂപാന്തരപ്പെടുമെന്ന് ഈ ഭാഗത്തെ ആസ്പദമാക്കി അവർ പഠിപ്പിക്കുന്നു. അവർക്കിത് തിരുബലിയായി. ഓരോ കുർബ്ബാനയിലും കർത്താവ് യാഗമായി തീരുന്നു എന്ന് അവർ ധരിക്കുന്നു. അപ്പവും വീഞ്ഞും സ്വീകരിക്കുന്നതിലൂടെ നിത്യജീവൻ ലഭിക്കുന്നു എന്നും അവർ വിശ്വസിക്കുന്നു. യെറുശലേം ദേവാലയത്തിന്റെ മോടികളും പരിപാവനതയും ഉപേക്ഷിച്ച് തങ്ങളുടെ ഭവനങ്ങളിൽ ഒരുമിച്ചുകൂടി ആദിമ സഭ വളരെ ലളിതമായി അപ്പം നുറുക്കൽ ശുശ്രൂഷ നടത്തി. എന്നാൽ ഭവന സഭകളിൽ നിന്നും ജെറുശലേം ദേവാലയത്തിന് തുല്യമായ കെട്ടിടങ്ങളിലേക്കും ആഡംബരങ്ങളിലേക്കും ബാഹ്യമോടിയിലേയ്ക്കും സഭ പിന്മാറി പോയപ്പോൾ കർത്തൃമേശയ്ക്കും അതിനനുസരിച്ചുള്ള വിശുദ്ധിയുടെ പരിവേഷവും വേഷഭൂഷാദികളും കർമ്മികരും ഈ കൂട്ടങ്ങളിൽ ഉടലെടുത്തു.

പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്ക് കർത്തൃമേശ പല കൂദാശകളിൽ ഒന്നായി മാറി. അവർക്ക് ഇത് ഉടമ്പടിയുടെ അടയാളമല്ല, മറിച്ച് വിശുദ്ധ കുർബാന അഥവാ ദിവ്യകർമ്മമാണ് (sacrament) കുർബാനയിലൂടെ വിശുദ്ധീകൃതമായ അപ്പവും വീഞ്ഞും എന്നാണ് അവർ വിശ്വസിക്കുന്നത് (Eucharist)

വേർപെട്ട വിശ്വാസ സമൂഹങ്ങളിൽ ഒരു പൊതുവായ ഉപദേശം വ്യക്തമല്ല. നടത്തിപ്പുക്കാരുടെ ബോധ്യം അനുസരിച്ചുള്ള ഉപദേശം ഉണ്ടാകും. മിക്ക വേർപെട്ട വിഭാഗങ്ങളും യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിലെ വചനങ്ങൾ കർത്തൃമേശയുമായി ബന്ധപ്പെടുത്തി പറയുന്നത് കേട്ടിട്ടുണ്ട്. ആയതിനാൽ തന്നെ അപ്പത്തിനും വീഞ്ഞിനും ഇവകൾ പകരുന്ന പാത്രങ്ങൾക്കും ആചാരപ്രകാരമുള്ള പരിശുദ്ധി കൽപ്പിക്കുന്നുണ്ട്. അപ്പവും പാനപാത്രവും യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അടയാളം ആണെന്നും പ്രതീകമാണെന്നും പഠിപ്പിക്കുന്നവരും കർത്തൃമേശയോട് അടുത്ത് വരുമ്പോൾ ഭയം ഉള്ളവരാണ്. പ്രാർത്ഥനയ്ക്കുശേഷം അപ്പവും വീഞ്ഞും ശുദ്ധീകരിക്കപ്പെട്ട വസ്തുക്കളാണെന്നുള്ള പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളുടെ ചിന്തയാണ് ഈ ഭയത്തിനു കാരണം. പ്രാർത്ഥനയാലും ദൈവ വചനത്താലും സകല ഭക്ഷണങ്ങളും ശുദ്ധീകരിക്കപ്പെടും. (1 തിമൊഥെയോസ് 4.5) എന്നാൽ വിശുദ്ധവസ്തു ആകുകയില്ല.

## ● ജലസ്നാനവും കർത്തൃമേശയും

യേശുക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തിലൂടെയാണ് ദൈവം രക്ഷ സാധ്യമാക്കിയത്. യേശുവിനോട് ചെയ്തതെല്ലാം, യേശുവിനു സംഭവിച്ചതെല്ലാം സകല മനുഷ്യർക്കും സംഭവിച്ചതായി ദൈവം കണക്കാക്കുന്നു. ആകയാൽ നമ്മുടെ മരണവും അടക്കവും പുനരുത്ഥാനവും ക്രിസ്തുവിനോടു കൂടെ ദൈവത്തിന്റെ വലതു ഭാഗത്ത് നമ്മെ ഇരുത്തിയിരിക്കുന്നതും ദൈവത്തിന് നടന്നുകഴിഞ്ഞ കാര്യമാണ്. ദൈവ സന്നിധിയിൽ നിന്നും വീണവരെ ക്രിസ്തുവിൽ നിത്യതയിൽ തിരികെ എത്തിച്ചിരിക്കുന്നു. രക്ഷയും വീണ്ടെടുപ്പും പൂർത്തീകരിച്ചിരിക്കുന്നു, ഇത് വിശ്വസിക്കുന്ന വ്യക്തി ക്രിസ്തുവിനോട് ചേരണമെന്ന് ദൈവം കൽപ്പിച്ചിരിക്കുന്നു. ക്രിസ്തുവിനോട് ചേരുക എന്നാൽ കർത്താവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തോട് ചേരുക എന്നതാണ്. അങ്ങനെ ക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തോട് ചേരുവാൻ കൽപ്പിച്ചിരിക്കുന്ന ലളിതമായ മാർഗ്ഗമാണ് സ്നാനം (റോമർ 6:2 - 6). സ്നാനം കർത്താവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തിന്റെ സാദൃശ്യം ആണ്.

ക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനമാണ് രക്ഷക്കുള്ള ഉപദേശം. ഈ ഉപദേശത്തിന്റെ രൂപമാണ് ( form of doctrine) സ്നാനം (റോമർ 6:17,18). ഈ ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുന്നവൻ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുന്നു. ഉപദേശം വിശ്വസിക്കണം, ഉപദേശരൂപത്തെ അനുസരിക്കണം. നിത്യരക്ഷ എന്ന സുവിശേഷ വചനത്തോടുള്ള എന്റെ അനുസരണം ആണ് സ്നാനം. അകമേയുള്ള വിശ്വാസത്തിന്റെ പരസ്യ പ്രഖ്യാപനമാണ് സ്നാനം. യേശുവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തോടു കൂടെയുള്ള എന്റെ മരണ, അടക്ക, പുനരുത്ഥാനമാണ് സ്നാനം.

കർത്തൃമേശ യേശുവിന്റെ മരണത്തെ തെളിയിക്കുന്നതാണ്; അഥവാ യേശുവിന്റെ മരണത്തിന്റെ പ്രഖ്യാപനമാണ്. എന്റെ പാപത്തിന്റെ ശിക്ഷ അനുഭവിച്ച യേശുവിന്റെ ശരീരത്തിന്റെയും എന്റെ ജീവന് മറുവിലയായി തീർന്ന യേശുവിന്റെ രക്തത്തിന്റെയും ഓർമ്മയ്ക്കായിട്ടുള്ള പുതിയ ഉടമ്പടിയുടെ അടയാളമാണിത്.

## ● സ്നാനപ്പെടാത്തവർക്ക് കർത്തൃമേശയോ??

അപ്പവും പാനപാത്രവും ഭക്ഷിച്ച് പാനം ചെയ്യുന്നത് യേശുവിന്റെ ശരീരത്തിനും രക്തത്തിനും കൂട്ടായ്മ ആകുന്നുവെന്ന് 1കൊരി.10:15 – 21 വരെയുള്ള ഭാഗത്ത് വ്യക്തമാക്കിയിട്ടുണ്ട്. കൂട്ടായ്മ, ബന്ധപ്പെടൽ, പങ്കുകാരാകൽ (Communion, Sharing, Participation) തുടങ്ങിയ തർജ്ജമകളാണ് മിക്ക ഭാഷാന്തരങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. ഭക്ഷിക്കുന്നതിലൂടെ യേശുവിന്റെ ശരീരത്തിനും രക്തത്തിനും നാം പങ്കുകാർ ആകുന്നു, അഥവാ ഇവയോട് ബന്ധം പുലർത്തുന്നു എന്ന് അർത്ഥം. ശരീരത്തിന്റെയും രക്തത്തിന്റെയും നന്മകൾക്ക് പങ്കാളികളാകുന്നു എന്ന് അർത്ഥം. ഇതു തന്നെയാണ് സ്നാനത്തിന്റെ അർത്ഥവും.

യേശുവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തോട് ചേരാത്ത ഒരു വ്യക്തിക്ക് അഥവാ യേശുവിനോട് ചേരാത്ത ഒരു വ്യക്തിക്ക് കർത്തൃമേശയിൽ യേശുവിന്റെ മരണത്തെ പ്രഖ്യാപിക്കുവാൻ കഴിയുകയില്ല. യേശു എനിക്കായി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, എന്റെ രക്ഷ ദൈവത്താൽ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടു എന്ന് ഒരുവൻ അറിഞ്ഞാൽ അടുത്ത നിമിഷം കർത്താവിനോടു ചേരാൻ അവൻ സ്നാനം സ്വീകരിച്ചിരിക്കും. അപ്പം നുറുക്കി കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുകയും ചെയ്യും.

- സ്നാനപ്പെടുന്നവൻ കർത്താവിന്റെ മരണത്തിൽ പങ്കാളിയാകുന്നു. മരണത്തിൽ പങ്കാളിയായ ഒരുവന് മാത്രമെ കർത്തൃമേശയിൽ മരണത്തെ പ്രസ്താവിക്കുവാൻ യോഗ്യതയുള്ളൂ.
- രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരെയാണ് കർത്താവ് സഭയോട് ചേർക്കുന്നത്. ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾക്ക് അഥവാ സഭയ്ക്കു മാത്രം ഉള്ള അവകാശമാണ് കർത്തൃമേശ.
- യേശുവിന്റെ ശിഷ്യന്മാർ സ്നാനപ്പെടും മുമ്പേ കർത്തൃമേശ ഭക്ഷിച്ചു. ആയതിനാൽ സ്നാനപ്പെടാത്തവർക്കും കർത്തൃമേശ ഭക്ഷിക്കാം എന്ന് ചിലർ വാദിക്കുന്നുണ്ട്. എന്നാൽ തിരുവെഴുത്തുകളെ പൂർണ്ണമായും തിരിച്ചറിയാത്തതാണ് ഇത്തരം വാദങ്ങളുടെ അടിസ്ഥാനം. ശിഷ്യന്മാർ സ്നാനപ്പെട്ടവരും യേശു ദൈവപുത്രനെന്ന് വിശ്വസിച്ചവരുമാണ്. ശിഷ്യന്മാർ യേശുവിൽ വിശ്വസിച്ചവരെ സ്നാനം കഴിപ്പിച്ചവരുമാണ് (യോഹ. 3:22, 4:1,2). സ്നാനപ്പെടാത്തവർക്ക് സ്നാനം കഴിപ്പിപ്പാൻ അവകാശമില്ലല്ലോ. കർത്താവിന്റെ ഉയർപ്പിനുശേഷം ശിഷ്യന്മാർ സ്നാനപ്പെട്ടതായി രേഖകളുമില്ലല്ലോ. മാത്രമല്ല തന്റെ ശിഷ്യന്മാർ വചനത്താൽ ശുദ്ധീകരിക്കപ്പെട്ടവരും പിതാവാം ദൈവം ഈ അപ്പൊസ്തലന്മാരെ യേശുവിനു കൊടുത്തു എന്നും അവർ ലൗകീകർ അല്ലായെന്നും യേശു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. (യോഹന്നാൻ അധ്യാ. 17.)
- ശിഷ്യന്മാർ സ്നാനപ്പെട്ടില്ല എന്ന് പറഞ്ഞാൽ അവർ രക്ഷിക്കപ്പെട്ടില്ല എന്നുകൂടെ വാദിക്കേണ്ടി വരും. കാരണം രക്ഷ വരുന്നത് യേശുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിനു ശേഷമാണല്ലോ. മാത്രമല്ല യേശുവിനെ കർത്താവെന്നു ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യണം. മാത്രമല്ല ശിഷ്യന്മാരെക്കുറിച്ച് യേശു യോഹന്നാൻ 17 – ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം ഭോഷ്ക് എന്ന് വരും.
- യേശുവിന്റെ മരണത്തിനു മുമ്പ് തന്റെ ഓർമ്മക്കായും തന്റെ മരണത്തെ പ്രസ്താവിക്കാനുമായി കർത്തൃമേശ സ്ഥാപിക്കുന്നതും ശിഷ്യന്മാർ അത് ഭക്ഷിക്കുന്നതും കർത്താവിന്റെ പരമാധികാരത്തിൽ ഉള്ള കാര്യം ആണ്. അത് ഉപദേശമല്ല.

- ➢ പാപമോചനത്തിനായി തന്റെ രക്തം നല്കും മുമ്പ് പലരുടെയും പാപങ്ങളെ തന്റെ ജീവിതകാലത്ത് യേശു മോചിച്ചിട്ടുണ്ട്. രക്തം കൂടാതെ വിമോചനമില്ലല്ലോ. പിന്നെ ഈ പാപമോചനം എങ്ങനെ കൊടുത്തു? ഇത് അവന്റെ പരമാധികാരത്തിൽപ്പെട്ട കാര്യമാണ്. പക്ഷെ ഇന്ന് ജീവിച്ചിരിക്കുന്ന നമുക്ക് യേശുവിന്റെ രക്തത്താൽ മാത്രമേ പാപമോചനമുള്ളൂ.
- ➢ ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ല. എന്നാൽ അവനു പറുദീസ തന്റെ പരമാധികാരത്തിൽ യേശു വാഗ്ദത്തം ചെയ്തു. എന്നാൽ ഇന്ന് ജീവിക്കുന്നവർക്ക് സ്നാനം കൂടാതെ പറുദീസ ഇല്ല.

സ്നാനപ്പെട്ട് ക്രിസ്തുവിന്റെ മരണത്തോട് ചേരുന്നവർക്ക് മാത്രമേ അപ്പം നുറുക്കി അവന്റെ മരണത്തെ പ്രസ്താവിക്കുവാൻ അവകാശമുള്ളൂ.

## ● കർത്ത്യമേശ രോഗസൗഖ്യത്തിനോ?

കർത്യമേശയിൽ രോഗസൗഖ്യം നടക്കുന്നു എന്ന് പൊതുവെ പറയാറുണ്ട്. രോഗസൗഖ്യത്തിൽ വിശ്വസിക്കുന്ന മിക്ക വിഭാഗങ്ങളും അപ്പവും വീഞ്ഞും ഭക്ഷിച്ചാൽ സൗഖ്യം ലഭിക്കുമെന്ന് പഠിപ്പിക്കുന്നു. എന്നാൽ തിരുവചനത്തിൽ ഇത്തരം പഠിപ്പിക്കലുകളോ സൗഖ്യം നടന്ന തെളിവുകളോ ഇല്ല. അപ്പവും വീഞ്ഞും ഭക്ഷിച്ചു പാനം ചെയ്താൽ സൗഖ്യം കിട്ടുമെന്ന് പറയുമ്പോൾ അപ്പത്തിനും വീഞ്ഞിനും സൗഖ്യമാക്കുവാനുള്ള ദിവ്യ ശക്തിയുള്ളതായിട്ടാണ് പലരും ചിന്തിക്കുകയും പഠിപ്പിക്കുയും ചെയ്യുന്നത്.

എന്നാൽ കർത്ത്യമേശയിൽ സൗഖ്യം നടക്കും. കർത്ത്യമേശയിൽ മാത്രമല്ല. സുവിശേഷ പ്രസംഗത്തിലും സഭാരാധനകളിലും വചനശുശ്രൂഷകളിലുമെല്ലാം രോഗ സൗഖ്യം നടക്കും. യേശുവിനെ പ്രസംഗിക്കുന്നതുകൊണ്ടാണ് രോഗ സൗഖ്യം ഉണ്ടാകുന്നത്. അവന്റെ മരണത്തെ പ്രസ്താവിക്കുന്ന ഏതു സ്ഥലത്തും രോഗസൗഖ്യം നടക്കും. അതുപോലെ കർത്ത്യമേശയിൽ യേശുവിന്റെ മരണം പ്രസ്താവിക്കുന്നതിനാൽ വിടുതലും സൗഖ്യവുമുണ്ട്. എന്നാൽ അപ്പവും വീഞ്ഞും ഭക്ഷിക്കുന്നതുകൊണ്ടല്ല സൗഖ്യം. യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ഓർമ്മയ്ക്കായിട്ടുള്ള അടയാളമാണിത്. മറിച്ച് ഇത് സൗഖ്യം നൽകുന്ന ദിവ്യ ഔഷധമല്ല. ദൈവം തന്റെ പുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പറയുവാൻ നമുക്ക് അധികാരമില്ലല്ലോ.

## ● കർത്ത്യമേശയും വിശുദ്ധ ചുംബനവും.

വേർപ്പെട്ട് ആരാധിക്കുന്ന മിക്ക വിഭാഗങ്ങളിലും കർത്ത്യമേശയ്ക്കു ശേഷം വിശുദ്ധ ചുംബനവും ആചരിച്ചു വരുന്നു. കർത്ത്യമേശയുടെ അവസാനം നടത്തിപ്പുകാരൻ ഇപ്രകാരം പറയുന്നു; 'തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇപ്പോൾ സഹോദരിമാർ തമ്മിലും സഹോദരന്മാർ തമ്മിലും പരസ്പരം വിശുദ്ധചുംബനം നല്കേണ്ടതാണ്.' എന്നാൽ തിരുവചനത്തിൽ ഇത്തരം ഒരു കല്പന ഇല്ലെന്നു അറിഞ്ഞിരിക്കണം. ദൈവമക്കൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ വിശുദ്ധ ചുംബനത്താൽ വന്ദനം (റോമർ 16.16, 1 കൊരി. 13:12, 1 തെസ്സ. 5:26) ചെയ്യുവാൻ വചനമുണ്ട്. (ഉദാ:1 തെസ്സ 5.26) '*സകല സഹോദരന്മാരെയും വിശുദ്ധചുംബനത്താൽ വന്ദനം ചെയ്‌വിൻ*'. എന്നാൽ കർത്ത്യ

മേശയുടെ അവസാനം വിശുദ്ധ ചുംബനം നല്കുന്നത് പാപമൊന്നുമല്ല. എന്നാൽ തിരുവചനപ്രകാരം എന്ന് പറയുമ്പോൾ അത് വചന വിരുദ്ധമായി തീരും.

## ● കർത്തൃമേശയും പാദം കഴുകലും

കർത്തൃമേശയ്ക്കു മുമ്പ് പാദങ്ങൾ പരസ്പരം കഴുകണമെന്ന് പഠിപ്പിക്കുന്നവർ ഉണ്ട്. വേർപ്പെട്ട വിഭാഗങ്ങളുടെ ഇടയിൽ തന്നെ ഭിന്നാഭിപ്രായങ്ങളുള്ളതു കൊണ്ട് വചനാനുസരണം ഇത് പരിശോധിക്കേണ്ടത് ആവശ്യമാണ്. ഒരു ഭവനത്തിൽ അതിഥികൾ വരുമ്പോൾ പാദം കഴുകുവാൻ വെള്ളം കൊടുക്കുന്ന രീതി എബ്രായരുടെ ഇടയിൽ നിലനിന്നിരുന്നു. (ഉല്പത്തി 19:2, 24:32, 43:24, ന്യായാ 19:21). ആതിഥേയൻ അതിഥികളുടെ പാദം കഴുകുന്ന ആചാര്യ മര്യാദയും എബ്രായരുടെ ഇടയിൽ നിലനിന്നിരുന്നു. ഇത് അതിഥികളോടുള്ള ബഹുമാന സൂചകമായിട്ടാണ് ചെയ്തിരുന്നത്. (ഉൽ.18:4, ലൂക്കൊ. 7:38,44) ദീർഘയാത്ര കഴിഞ്ഞുവരുമ്പോൾ ഭവനത്തിലേയ്ക്ക് പ്രവേശിക്കുന്നത് പാദം കഴുകിയതിനു ശേഷമായിരുന്നു. (2 ശാമു. 11.8)

ദൈവസഭയിൽ പാദം കഴുകുന്ന സമ്പ്രദായം നിലനിന്നിരുന്നു. അത് കർത്തൃമേശയ്ക്കു മുമ്പായിരുന്നില്ല. അതിഥി സൽക്കാരവുമായി ബന്ധപ്പെട്ട് വിശുദ്ധന്മാരുടെ കാൽ കഴുകുന്ന കാര്യം 1 തിമോ. 5:10 - ൽ പറഞ്ഞിരിക്കുന്നു.

യേശുവും ശിഷ്യന്മാരും പെസഹാചരണത്തിനു കൂടി വന്നപ്പോൾ യേശു ശിഷ്യന്മാരുടെ കാൽ കഴുകി

*'ഗുരുവും കർത്താവുമായവൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു. ഇത് നിങ്ങൾ ചെയ്യുന്നു എങ്കിൽ നിങ്ങൾ ഭാഗ്യവാന്മാർ (അനുഗ്രഹിക്കപ്പെട്ടവർ)*
(യോഹ. 13:13 - 17).

യേശുവും ശിഷ്യന്മാരും ഈ ഭവനത്തിൽ ഭക്ഷണത്തിനായി വന്നപ്പോൾ യഹൂദന്റെ ആതിഥ്യമര്യാദ അനുസരിച്ച് (ന്യായപ്രമാണ ആചാരമല്ല) കാൽ കഴുകേണ്ട ആവശ്യമുണ്ട്. എന്നാൽ കർത്താവും ഗുരുവുമായവൻ തന്റെ ശിഷ്യന്മാരുടെ കാൽ കഴുകി, ക്രിസ്തു ശിഷ്യരുടെ മനോഭാവം വെളിപ്പെടുത്തി. ശുശ്രൂഷ (ministry) എന്ന വാക്കിന്റെ അർത്ഥം നമുക്കു കാണിച്ചു തന്നു. പാദം കഴുകൽ താഴ്മയുടെയും സേവനത്തിന്റെയും അടയാളമാണ്. ഇത് അവസരം ലഭിക്കുമ്പോൾ ചെയ്യേണ്ടതാണ്. എന്നാൽ സ്നാനവും കർത്തൃമേശയും പോലെ കർത്താവ് സ്ഥാപിച്ച ഒരു ശുശ്രൂഷ അല്ലെന്നും നാം അറിഞ്ഞിരിക്കണം. ആയിരുന്നെങ്കിൽ പരിശുദ്ധാത്മാവ് തന്റെ അപ്പൊസ്തന്മാരിലൂടെ അത് വ്യക്തമാക്കുമായിരുന്നു. ആദിമസഭ അങ്ങനെ ചെയ്തതിന്റെ രേഖകളോ അപ്പൊസ്തലന്മാരുടെ കല്പനകളോ തിരുവചനത്തിൽ ഇല്ല.

മാത്രമല്ല കർത്തൃമേശയ്ക്കു മുമ്പായി പാദം കഴുകണമെന്ന് കർത്താവ് കൽപിച്ചിട്ടില്ല. കൊരിന്ത്യസഭ അയോഗ്യമായ രീതിയിൽ ഭക്ഷിച്ചപ്പോൾ, അപ്പൊസ്തലൻ കർത്താവിൽ നിന്നും പ്രാപിച്ച് അവർക്ക് എഴുതിയ കർത്തൃമേശ ആചരണ രീതിയിൽ പാദം കഴുകൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു ശുശ്രൂഷയായി പാദം കഴുകൽ ആചരിക്കണം എന്നുണ്ടായിരുന്നെങ്കിൽ അപ്പൊസ്തലൻ അത് കല്പിക്കുമായിരുന്നു. പാദം കഴുകലല്ല ഇവി

ടുത്തെ പ്രാധാന്യമുള്ള കാര്യം, മറിച്ച് അതിന്റെ ഉദ്ദേശ്യമായ താഴ്മയും സേവനമനോഭാവവുമാണ്.

## ● കർത്തൃമേശയും പുളിപ്പില്ലാത്ത അപ്പവും

കർത്തൃമേശയിൽ നുറുക്കുന്ന അപ്പം പുളിപ്പില്ലാത്ത അപ്പം തന്നെ വേണമെന്ന് പഠിപ്പിക്കുന്നവർ ഉണ്ട്. കാരണം യേശു നുറുക്കിയത് പെസഹയുടെ പുളിപ്പില്ലാത്ത അപ്പമായിരുന്നു. ഇതിനോട് ചേർന്ന് 1 കൊരി.5:6-8 വരെയുള്ള വേദഭാഗം ഉദ്ധരിക്കാറുണ്ട്. എന്നാൽ ഈ ഭാഗം കൊരിന്ത്യ സഭയിലെ തിന്മയും ദുഷ്ടതയുമാകുന്ന പുളിച്ച മാവിനെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. കർത്തൃമേശയുമായി ഈ ഭാഗത്തിനു ബന്ധമൊന്നുമില്ല. ഇത്തരത്തിലുള്ള ഒരു കല്പനകളും പരിശുദ്ധാത്മാവ് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ചില വിഭാഗങ്ങളിൽപ്പെട്ട ശുശ്രൂഷകന്മാർ തങ്ങൾ സ്വയമായി വളരെ ഭയത്തോടും വിശുദ്ധിയോടും കൂടെ അപ്പവും വീഞ്ഞും ഭവനത്തിൽ ഉണ്ടാക്കുന്നു. ഭവനത്തിലെ സ്ത്രീകളെ ഇത് ഉണ്ടാക്കുവാൻ അനുവദിക്കാറില്ല. വിശുദ്ധവസ്തുക്കൾ ആകയാൽ സ്ത്രീകൾ തൊട്ടാൽ അശുദ്ധമാകുമെന്നാണ് ചിന്ത. പഴയ ഉടമ്പടിയിൽ ആചാരാനുഷ്ടാനങ്ങൾക്കായി യെരുശലേം ദേവാലയത്തിൽ ഉപയോഗിക്കുന്ന വസ്തുക്കളെ പവിത്രമായി കാണുന്നതുപോലെ പുതിയ ഉടമ്പടിയിൽ പെട്ട ഒരു ശുശ്രൂഷകൾക്കും വസ്തുക്കൾക്കും പവിത്രതയില്ല, ഭക്ഷിക്കുന്ന വ്യക്തിയ്ക്കാണ് വിശുദ്ധി.

## ● കർത്തൃമേശ ഭക്ഷിക്കേണ്ടത് രാത്രിയിലോ?

തിരുവത്താഴം എന്നും കർത്താവിന്റെ അത്താഴം എന്നും കർത്തൃമേശയ്ക്ക് പൊതുവെ പറഞ്ഞുവരുന്നു. കാരണം ഇത് സ്ഥാപിക്കപ്പെട്ടത് പെസഹാ ഭക്ഷിക്കുന്ന രാത്രിയിൽ ആയിരുന്നു. അതിലുപരിയായി കർത്തൃമേശ രാത്രിയിൽ ഭക്ഷിക്കണമെന്ന് തിരുവചനത്തിൽ കല്പനയില്ല. തിരുവചനത്തിൽ കല്പനയുള്ള കാര്യങ്ങൾ അതേ രീതികളിൽ പാലിക്കുകയും കല്പനയില്ലാത്ത കാര്യങ്ങൾ ഉചിതമായും ആത്മനിയോഗത്തിലും ചെയ്യുവാൻ ഏവർക്കും സ്വാതന്ത്ര്യമുണ്ട്.

എന്നാൽ കൊരിന്ത്യ സഭ കർത്തൃമേശയ്ക്കായി കൂടി വന്നത് രാത്രിയിൽ ആയിരുന്നു എന്നത് വ്യക്തമാണല്ലോ. സാധാരണക്കാരായ ജോലിക്കാർക്കും അടിമവേല ചെയ്യുന്നവർക്കും ആ കാലങ്ങളിൽ ഒരുമിച്ചു കൂടുവാൻ കഴിയുന്ന പൊതുവായ സമയം രാത്രിയായിരുന്നു. പ്രവൃത്തി 20:7-11-ൽ പൗലൊസും കൂട്ടരും അപ്പം നുറുക്കുവാൻ കൂടിവന്നെങ്കിലും പിറ്റെന്നാൾ അതിരാവിലെയാണ് അപ്പം നുറുക്കി ഭക്ഷിച്ചത്.

## ● കർത്തൃമേശ കൂടി വരുമ്പോഴെല്ലാമോ?

ആദിമ സഭ ഒരുമനപ്പെട്ട് ദിനംപ്രതി യെരുശലേം ദേവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കികൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു (പ്രവൃത്തി 3:42,46). ആദിമസഭ എല്ലാ ദിവസങ്ങളിലും ഒരുമിച്ചു വിവിധ ഭവനങ്ങളിൽ കൂടി വന്നു അപ്പം നുറുക്കി ഭക്ഷണം കഴിച്ചു എന്നത് ഇവിടെ വ്യക്തമാണല്ലോ. പൗലൊസും കൂട്ടരും ത്രോവാസിൽ 7 ദിവസം താമസിച്ചിട്ടും അപ്പം നുറുക്കുവാനായി കൂടി വന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം

നാളിലായിരുന്നു. അപ്പൊസ്തലന്മാരുടെ കാലത്ത് ആഴ്ചയിൽ ഒരു പ്രാവശ്യം അവർ കർത്തൃമേശയ്ക്കായി കൂടി വന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു. എല്ലാ ദിവസവുമോ, ആഴ്ചയിൽ ഒന്നോ, മാസത്തിൽ ഒന്നോ എന്നത് ഉപദേശമല്ല. പക്ഷേ കർത്തൃ ദിനത്തിൽ സഭ ഒരുമിച്ച് കൂടിവരുമ്പോൾ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കേണ്ട ആവശ്യം ഉണ്ടല്ലോ. ആയതിനാൽ ഈ പ്രധാന കൂടിവരവുകളിൽ അപ്പം നുറുക്കൽ നടത്തേണ്ടതാണ്.

### ● അപ്പം നുറുക്കലോ ആരാധനയോ?

സഭ കൂടിവരുന്നത് ആരാധനയ്ക്കു വേണ്ടിയാണ് എന്നാണ് ഇന്നത്തെ പൊതുവായ ക്രിസ്തീയ സമൂഹത്തിന്റെ ധാരണ. എല്ലാ പ്രാദേശിക സഭകളുടെയും പരസ്യബോർഡു കളിൽ ഞായറാഴ്ച ആരാധന സമയം രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും. (കത്തോലിക്ക സമൂഹം ഒരുമിച്ചു കൂടുന്നത് ദിവ്യബലിക്കായിട്ടാണ്.) എന്നാൽ ആദിമസഭ ഒരുമിച്ച് കൂടി വന്നത് അപ്പം നുറുക്കി യേശുവിന്റെ മരണത്തെ പ്രസ്താവിക്കുവാനായിരുന്നു.

*'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു അവ രോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി'.* (പ്രവൃത്തി.20.7)

ഈ 7 ദിവസം പൗലൊസും കൂട്ടരും അവിടെ താമസിച്ചപ്പോൾ പല ശുശ്രൂഷകൾ നടത്തിയിരിക്കും. എന്നാൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ത്രോവാസിലെ സഭ മുഴു വനായും ഒരുമിച്ച് കൂടി വന്നത് അപ്പം നുറുക്കുവാനായിരുന്നു. അപ്പം നുറുക്കൽ മാത്രമല്ല ദീർഘമായ മണിക്കൂറുകൾ പൗലൊസ് അവരോട് വചനം സംസാരിക്കുകയും ചെയ്തു.

സഭ കർത്തൃമേശയ്ക്കായി കൂടി വരുമ്പോൾ ഒരുവന് സങ്കീർത്തനമുണ്ടെന്നും മറ്റൊ രുവനു ഉപദേശമുണ്ടെന്നും വേറൊരുവന് വെളിപ്പാട് ഉണ്ടെന്നും, അന്യഭാഷയും ഭാഷ യുടെ വ്യാഖ്യാനവും മറ്റൊരുവനുണ്ടെന്നും 1കൊരി 12:8-10 വ്യക്തമാക്കുന്നു. സഭ കൂടി വരുമ്പോൾ സ്തോത്രവും സ്തുതിയും ആരാധനയുമുണ്ട്. എന്നാൽ സഭ കൂടി വരുന്നത് ഇവ ഒന്നിനും വേണ്ടി അല്ല, അപ്പം നുറുക്കി കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുവാൻ വേണ്ടിയാണ്.

### ● തിരുബലിയും കർമ്മികരും.

കത്തോലിക്ക സമൂഹത്തിനു കർത്തൃമേശ തിരുബലിയായതിനാൽ അത് അനുഷ്ഠി ക്കാൻ തിരുമേനിമാരും പുരോഹിതന്മാരും ഉണ്ടായി. പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്ക് 'തിരു കർമ്മം' (eucharist) ആയതിനാൽ അത്മായർക്കും സാധാരണ ശുശ്രൂഷക്കാർക്കും ഇത് നുറുക്കുവാൻ അധികാരമില്ല. ആയതിനാൽ പുരോഹിതന്മാരെ നിയമിച്ചു. വേർപ്പെട്ട സമൂഹങ്ങളിൽ മിക്ക വിഭാഗങ്ങൾക്കും ഇത് 'വിശുദ്ധ വസ്തുക്കൾ' ആകയാൽ അപ്പം നുറുക്കുവാൻ സാധാരണ ജനത്തിന് അധികാരമില്ല. അത് പ്രധാന പാസ്റ്റർമാരുടെ അധി കാരത്തിൽപ്പെട്ട ശുശ്രൂഷയാണ്. എന്നാൽ 1 കൊരി.10:16-ൽ അപ്പം നുറുക്കുന്നതും പാനപാത്രത്തിനായി സ്തോത്രം അർപ്പിക്കുന്നതും സഭയാണെന്നു വ്യക്തമാണ്.

ആദിമസഭ ദിനംപ്രതി ഭവനങ്ങളിൽ കൂടി വന്ന് അപ്പം നുറുക്കി എന്ന് പ്രവൃത്തിക ളുടെ പുസ്തകത്തിൽ വ്യക്തമാണല്ലോ. 12 അപ്പൊസ്തലന്മാർ ഈ ആയിരക്കണക്കിന് വരുന്ന ജനസമൂഹത്തിനായി ഓരോ വീട്ടിലും പോയി അപ്പം നുറുക്കൽ ശുശ്രൂഷകൾ നടത്തിക്കൊടുക്കുന്നത് സാദ്ധ്യമല്ലല്ലോ. അപ്പൊസ്തല പ്രവൃത്തി ആറാം അധ്യായം വരെ ശുശ്രൂഷകൾ നടത്തുവാൻ മറ്റു മൂപ്പൻമാരെ നിയോഗിച്ചിട്ടില്ല എന്നതു വ്യക്തമാണ്. എന്നാൽ ഓരോ ഭവനങ്ങളിലായി ചെറിയ കൂട്ടങ്ങൾ കൂടി വന്ന് സഭ ഒരുമിച്ച് അപ്പം നുറുക്കി എന്നുവേണം മനസ്സിലാക്കാൻ. നാം ഇന്ന് ചെയ്തുവരുന്നതുപോലെ ശുശ്രൂ ഷകൾ നയിക്കുവാൻ അദ്ധ്യക്ഷന്മാർ ആവശ്യമാണ്. ചന്തവും ഉചിതവുമായി ശുശ്രൂഷ കൾ നടക്കുകയും വേണം. എന്നാൽ പഴയ ഉടമ്പടി കാലത്തെപ്പോലെയും മറ്റു മതങ്ങ ളിലെ പോലെയും കർമ്മങ്ങൾ നടത്തുവാനുള്ള കർമ്മികർ ദൈവസഭയിൽ ആവശ്യമില്ല. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ഒരുമിച്ചാണ് ഈ ശുശ്രൂഷ നടത്തേണ്ടത്.

## ● കർത്തൃമേശ - യോഗ്യമായ രീതി

കൊരിന്ത്യ സഭയിലുണ്ടായ കർത്തൃമേശയിലെ അയോഗ്യമായ രീതികൾ മുൻ അദ്ധ്യാ യങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലോ. സഭ ഒരുമിച്ചുകൂടുന്നതിനു കാത്തിരിക്കാതെ ഓരോരു ത്തൻ താന്താന്റെ ഇഷ്ടാനുസരണം ഭക്ഷിച്ചു. ഒരു കൂട്ടർ ലഹരി പിടിച്ചും മറ്റുള്ളവർ വിശന്നുമിരുന്നു. ഇല്ലാത്തവരെ ലജ്ജിപ്പിച്ച് അവർ സഭയെ തുച്ഛീകരിച്ചു. ഇതിൽ താൻ അവരെ പുകഴ്ത്തുന്നില്ല എന്ന് പറഞ്ഞിട്ട് കർത്താവിൽ നിന്നും പ്രാപിച്ച കർത്തൃമേശ യുടെ യോഗ്യമായ രീതി 11:24,25 വാക്യങ്ങളിൽ അപ്പൊസ്തലൻ വ്യക്തമാക്കുന്നു.

■ ഓരോ പ്രാവശ്യവും കർത്തൃമേശയ്ക്കായി സഭ കൂടി വരുമ്പോൾ ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ശുശ്രൂഷ നയിക്കുന്ന വ്യക്തി ജനത്തെ പഠിപ്പിക്കേണ്ടതാണ്, കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നതിന്റെ അർത്ഥം വ്യക്തമാക്കേണ്ടതാണ്. കർത്താവിന്റെ ശരീരവും രക്തവും നമുക്ക് വേണ്ടി എന്തു ചെയ്തു എന്ന് പഠിപ്പിക്കണം.

■ സഭയാം ശരീരത്തെ വിവേചിപ്പാനും അന്യോന്യമുള്ള സ്നേഹത്തെയും ഐക്യ ത്തെയും സഭയുടെ സമത്വത്തെയും കുറിച്ചും ശക്തമായ പഠിപ്പിക്കൽ നല്കണം. മനുഷ്യനോടും ദൈവത്തോടും ശുദ്ധ മനഃസ്സാക്ഷി ഉള്ളവരാകേണ്ടതിന്റെ ആവശ്യക തയും സഭയെ ബോധ്യപ്പെടുത്തണം. ഓരോ വ്യക്തികളും തങ്ങളെ തന്നെ ദൈവ മുൻപാകെ ശോധന ചെയ്യുകയും അപ്പം നുറുക്കുവാൻ ഒരുങ്ങുകയും ചെയ്യണം.

■ തങ്ങൾ കേട്ട പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ ശോധന ചെയ്തതിനു ശേഷം സഭ ഒരുമിച്ച് കർത്താവിന്റെ മരണത്തെ പ്രസ്താവിക്കണം. പുതിയ ഉടമ്പടിയിലെ നമ്മുടെ അവകാശം ഏറ്റുപറയണം. പ്രത്യാശയും വിശ്വാസവും ഏറ്റുപറയണം. ഇവിടെ കർത്താ വിന്റെ മരണത്തെ പ്രസ്താവിക്കുന്ന പാട്ടുകൾ പാടുന്നത് ഉചിതമായിരിക്കും. (യേശു മരിച്ച വിധം പറഞ്ഞു കരയുന്നതല്ല മരണത്തെ പ്രസ്താവിക്കുക എന്നതിന്റെ അർത്ഥ മെന്നു ദയവായി ഓർക്കണമേ).

■ ശുശ്രൂഷ നയിക്കുന്ന വ്യക്തി കർത്താവിന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്ന അപ്പം എടുത്ത് ദൈവത്തിനു സ്തോത്രം ചെയ്യണം. ഈ സമയം നമ്മുടെ പാപം ചുമന്നു ശിക്ഷ അനുഭവിക്കുവാൻ കർത്താവിന്റെ ശരീരം തന്നത് ഓർത്ത് സഭ ഒരുമിച്ച് ദൈവ ത്തിനു നന്ദി പറയണം. ഇങ്ങനെ ശുശ്രൂഷകൻ അപ്പം നുറുക്കി സഭയ്ക്ക് കൊടു

ക്കണം. ജനത്തിന് ഈ അപ്പത്തിൽ നിന്നും നുറുക്കി ഭക്ഷിക്കാവുന്നതാണ്. സഭയുടെ എണ്ണം അധികമാണെങ്കിൽ നുറുക്കിയ അപ്പം ഒന്നിലധികം പാത്രങ്ങളിൽ നല്കുന്നത് ഉചിതമായിരിക്കും. ഈ സമയത്ത് കർത്താവിന്റെ ശരീരത്തെ ഉയർത്തുന്നതും നന്ദി പ്രകാശിപ്പിക്കുന്നതുമായ പാട്ടുകൾ പാടാവുന്നതാണ്.

മത്തായി 26:26-ൽ

*'യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരം* എന്നു പറഞ്ഞു'.

എന്നു എഴുതിയിരിക്കുന്നു. മർക്കൊസും ലൂക്കൊസും ഇതേ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. (മർക്കൊസ് 14:22. ലൂക്കൊ 22:19). പൗലൊസ് അപ്പൊസ്തലൻ കർത്താവിൽ നിന്നും പ്രാപിച്ച് എഴുതിയത് കാണുക. 'അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി' (He took the bread, he had given thanks and broke it) അപ്പത്തെ വാഴ്ത്തി എന്നോ, അനുഗ്രഹിച്ചു എന്നതോ അല്ല ഇവിടെ അർത്ഥം. അപ്പം എടുത്ത് ദൈവത്തിനു നന്ദി പറഞ്ഞു. യേശുവിന്റെ ശരീരം നമുക്ക് പകരമായി തന്നതിന് നന്ദി പറഞ്ഞു എന്നതാണ് അർത്ഥം.

■ സഭ അപ്പം ഭക്ഷിച്ച ശേഷം ശുശ്രൂഷകൻ പാനപാത്രം എടുത്ത് ദൈവത്തിനു സ്തോത്രം ചെയ്യണം. സഭ ഒരുമിച്ചു സ്തോത്രം ചെയ്യേണ്ടതാണ്. സഭയുടെ അംഗസംഖ്യ കുറവാണെങ്കിൽ ഒരു പാത്രത്തിൽ നിന്നും പകർന്നു കുടിക്കാം. അംഗസംഖ്യ കൂടുതലാണെങ്കിൽ പല പാത്രങ്ങളിൽ പകർന്നു കുടിക്കുന്നതും യോഗ്യമായ രീതി തന്നെ. ഈ സമയത്ത് യേശുവിന്റെ രക്തത്തെ ഉയർത്തുന്നതും നന്ദി പ്രകാശിപ്പിക്കുന്നതുമായ പാട്ടുകൾ പാടാവുന്നതാണ്.

മത്തായി 26:27-ൽ പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു. 'എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ' എന്ന് പറഞ്ഞു എന്ന് വ്യക്തമാക്കുന്നു. മർക്കൊസും ഇത് തന്നെ പറഞ്ഞിരിക്കുന്നു. (മർക്കൊസ് 14:23) 'അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം പാനപാത്രവും കൊടുത്തു' എന്ന് ലൂക്കൊസും പൗലൊസും രേഖപ്പെടുത്തുന്നു. (ലൂക്കൊസ് 22:20, 1 കൊരി 11:25) അവ്വണ്ണം തന്നെ എന്നു പറഞ്ഞാൽ അപ്പം എടുത്തു സ്തോത്രം ചെയ്തതുപോലെ പാനപാത്രവും എടുത്ത് സ്തോത്രം ചെയ്തു എന്നർത്ഥം.

നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം (Cup of blessing)എന്ന് 1കൊരി 10-ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം മേൽ വിവരിച്ചതാണ്. പാത്രത്തിലോ വീഞ്ഞിലോ അനുഗ്രഹമുണ്ടെന്നോ നാം പാത്രത്തെ അനുഗ്രഹിക്കുന്നു എന്നോ ഇവിടെ അർത്ഥമില്ല. നാം വാഴ്ത്തുന്ന അഥവ സ്തോത്രം ചെയ്യുന്ന അല്ലെങ്കിൽ ദൈവത്തിനു നന്ദി പറയുന്ന പാത്രം എന്ന് വിവക്ഷ. ഈ പാനപാത്രം പങ്കിടുന്നതിലൂടെ നമ്മെ നിത്യ മരണത്തിൽ നിന്നും വീണ്ടെടുത്ത ദൈവത്തിന്റെ കരുണ ഓർത്ത് അവനു നന്ദിയും സ്തുതിയും അർപ്പിക്കുന്നതാണ് ഇവിടുത്തെ യഥാർത്ഥ അർത്ഥം.